# Trichur Archdiocesan Bulletin

മെയ് 2018
വാല്യം: 85 ലക്കം: 05
ESTD:1934

TAB



(അപ്പ. പ്രവർത്തനങ്ങൾ. 2:1-4 പരിശുദ്ധാത്മാവിന്റെ ആഗമനം)

## 50 year of Priestly Ordination



ഫാ. ഫ്രാൻസിസ്
എടക്കളത്തൂർ



ഫാ. അഗസ്റ്റിൻ
മംഗലം



ഫാ. ആന്റണി പുതുശ്ശേരി
(ഇരിങ്ങാലക്കുട)

## 25 years in Priestly Life



മാർ ടോണി നീലങ്കാവിൽ



ഫാ. മാത്യു ചാക്കേരി



ഫാ. ജോൺസൻ
ചാലിശ്ശേരി



ഫാ. ഡേവിസ്
ചിറയത്ത് (Jr.)



ഫാ. കുരിയാക്കോസ്
കൊച്ചുപുരക്കൽ



ഫാ. ഫ്രാൻസിസ്
മഞ്ഞളി



ഫാ. പോൾ
താണിക്കൽ



ഫാ. ഷാജു
ഊക്കൻ



ഫാ. സെബാസ്റ്റ്യൻ
വെട്ടത്ത്



Trichur Archdiocesan Bulletin TAB

ESTD:1934


**മെയ് 2018**

ലക്കം : 5 വാല്യം : 85

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Dr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
Smriti design

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325, 2338203,
2333542 Fax : 2338205
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| മാർപാപ്പായുടെ സന്ദേശം | 04 |
| ഇടയലേഖനം | 10 |
| സർക്കുലർ | 17 |
| മെയ്ദിന സന്ദേശം | 21 |
| കച്ചേരികാര്യം | 28 |
| ഇടവക സ്ഥാപനഡിക്രി | 33 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 38 |
| സഹായമെത്രാന്റെ പരിപാടികൾ | 40 |
| നാളാഗമം | 42 |
| സാമ്പത്തിക കാര്യാലയം | 48 |
| വൈദികർ | 49 |
| ആദരാഞ്ജലികൾ | 51 |
| സന്യസ്തർ | 53 |
| നാമകരണ നടപടികൾ | 56 |
| അതിരൂപത തീർത്ഥകേന്ദ്രം | 58 |
| മതബോധനം | 60 |
| സ്ഥാപനങ്ങൾ | 67 |
| സംഘടനകൾ | 86 |

# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

Ref: 3061/K-5/KCBC/OL/DS

09.04.2018



## 2018
## ലോകദൈവവിളി ദിനാചരണം ഫ്രാൻസിസ മാർപാപ്പായുടെ സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

മെത്രാന്മാരുടെ സിനഡിന്റെ 15–ാം സാധാരണ സമ്മേളനം അടുത്ത ഒക്ടോബറിൽ നടക്കും. അതിൽ ചർച്ചചെയ്യുന്ന പ്രമേയം യുവജനങ്ങൾ, വിശ്വാസം, ദൈവവിളി എന്നിവ തമ്മിലുള്ള ബന്ധം എന്നതാണ്. സന്തോഷത്തിലേക്ക് ദൈവം നല്കുന്ന വിളി എങ്ങനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളതായിരിക്കുന്നുവെന്ന് കൂടുതൽ ആഴത്തിൽ ചിന്തിക്കാനുള്ള ഒരവസരമായിരിക്കും അത്. ഈ വിളി ഓരോ ''യുഗത്തിലെയും സ്ത്രീപുരുഷന്മാരെ സംബന്ധിച്ച ദൈവിക പദ്ധതിയായിരിക്കുമെന്നും'' ചിന്തിക്കാനുള്ള അവസരം തന്നെ (Synod of Bishops, XV Ordinary Genaral Assembly, Young People, The Faith and

Vocational Discernment, Introduction).

ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ അമ്പത്തി അഞ്ചാം ലോകദിനം ഒരിക്കൽകൂടി ഉറപ്പോടെ ഈ സദ്വാർത്ത നമ്മെ അറിയിക്കുന്നു. നാം ആകസ്മികതയുടെ ഇരകളോ പരസ്പര ബന്ധമില്ലാത്ത സംഭവങ്ങളുടെ പരമ്പരയിൽ തൂത്തുവാരപ്പെട്ടവരോ അല്ല. നേരേമറിച്ച്, ഈ ലോകത്തിലെ നമ്മുടെ ജീവിതവും സാന്നിധ്യവും ദൈവികവിളിയുടെ ഫലമാണ്!

ദൈവം നമ്മെ കണ്ടുമുട്ടാൻ നിരന്തരം വരുന്നുവെന്ന് പ്രയാസങ്ങൾ നിറഞ്ഞ ഈ കാലഘട്ടങ്ങളിലും മനുഷ്യാവതാര രഹസ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. മിക്കപ്പോഴും നമ്മുടെ ജീവിതത്തിന്റെ പൊടിപടലം നിറഞ്ഞ വഴികളിലൂടെ സഞ്ചരിക്കുന്ന, നമ്മോടുകൂടെയുള്ള ദൈവമാണ് അവിടന്ന്. സ്നേഹത്തിനുവേണ്ടിയുള്ള ഉത്കണ്ഠ നിറഞ്ഞ നമ്മുടെ ആഗ്രഹം അവിടന്ന് അറിയുന്നു. അവിടന്ന് നമ്മെ വിളിക്കുന്നു. വ്യക്തിപരവും സഭാപരവുമായ ഓരോ വിളിയുടെയും വൈവിധ്യത്തിലും അനന്യതയിലും ഒരു കാര്യം ആവശ്യമുണ്ട്: വചനം ശ്രവിക്കുക, വേർതിരിച്ചറിയുക, ജീവിക്കുക. ഈ വചനം ഉന്നതത്തിൽനിന്ന് നമ്മെ വിളിക്കുന്നു; നമ്മുടെ കഴിവുകളെ വികസിപ്പിക്കാൻ സഹായിക്കുന്നു; ലോകത്തിൽ രക്ഷയുടെ ഉപകരണങ്ങളാക്കുന്നു; നമ്മെ സമ്പൂർണ സന്തോഷത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ശ്രവിക്കുക, വിവേചിച്ചറിയുക, ജീവിക്കുക എന്നീ മൂന്നു വശങ്ങളും യേശുവിന്റെതന്നെ ദൗത്യത്തിന്റെ ആരംഭത്തിൽ ഉണ്ടായിരുന്നു - പ്രാർത്ഥനയുടെയും മരുഭൂമിയിലെ പോരാട്ടത്തിന്റെയും ശേഷം അവിടന്ന് നസ്രത്തിലെ സിനഗോഗു സന്ദർശിച്ചപ്പോൾത്തന്നെ. അവിടെ അവിടന്ന് വചനം ശ്രവിച്ചു. പിതാവ് തന്നെ ഏല്പിച്ച ദൗത്യത്തിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. ആ ദൗത്യം "ഇന്ന്" പൂർത്തീകരിക്കാൻ താൻ വന്നിരിക്കുന്നുവെന്ന് അവിടന്നു പ്രഘോഷിക്കുകയും ചെയ്തു (ലൂക്കാ 4:16 –21).

**ശ്രവിക്കൽ**

തുടക്കത്തിൽത്തന്നെ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. കർത്താവിന്റെ വിളി നമ്മുടെ അനുദിനജീവിതത്തിൽ കേൾക്കുകയും കാണുകയും തൊടുകയും ചെയ്യുന്ന മറ്റു കാര്യങ്ങളെപ്പോലെ



വ്യക്തമല്ല. ദൈവം നിശ്ശബ്ദനായി, രഹസ്യമായി, നമ്മുടെ സ്വാതന്ത്ര്യത്തെ തടയാതെ വരുന്നു. അതുകൊണ്ട് നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും നിറയ്ക്കുന്ന അനേകം ആകുലതകളിലും താത്പര്യങ്ങളിലും അവിടത്തെ വിളി മുങ്ങിപ്പോയെന്നു വരാം. അതുകൊണ്ട് അവിടത്തെ വചനവും അവിടത്തെ ജീവിതകഥയും ശ്രദ്ധാപൂർവം കേൾക്കേണ്ടത് എങ്ങനെയെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. അതേസമയം, നമ്മുടെ അനുദിനജീവിതത്തിന്റെ വിശദാംശങ്ങളിൽ ശ്രദ്ധിക്കുകയും വേണം. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കാര്യങ്ങളെ എങ്ങനെ കാണാമെന്നു പഠിക്കാനും പരിശുദ്ധാത്മാവിന്റെ വിസ്മയിപ്പിക്കലിലേക്ക് തുറവുള്ളവരായിരിക്കാനും വേണ്ടിത്തന്നെ.

നാം നമ്മിൽത്തന്നെ അടച്ചുപൂട്ടിയിരുന്നാൽ, നമ്മുടെ സാധാരണ കാര്യങ്ങളിൽത്തന്നെ വ്യാപരിച്ചാൽ, തങ്ങളുടെ ജീവിതത്തെ ചെറിയ ലോകത്ത് ഉരുക്കിക്കളയുന്നവരായി നിലകൊണ്ടാൽ, നമ്മെ സംബന്ധിച്ച് ദൈവിക മനസ്സിലുള്ള സവിശേഷവും വ്യക്തിപരവുമായ വിളി നാം ഒരിക്കലും കേൾക്കുകയില്ല. വലിയ കാര്യങ്ങളെ സ്വപ്നം കാണാനുള്ള അവസരം നമുക്കു നഷ്ടമാകും. നമ്മോടൊത്ത് ദൈവം എഴുതാൻ ഉദ്ദേശിക്കുന്ന അനന്യമായ കഥയിൽ നമുക്ക് പങ്കില്ലാതാകും.

യേശുവും വിളിക്കപ്പെട്ട് അയയ്ക്കപ്പെട്ടു. അതുകൊണ്ടാണ് നിശ്ശബ്ദതയിലുള്ള ധ്യാനം അവിടത്തേക്ക് ആവശ്യമായി വന്നത്. അവിടന്ന് സിനഗോഗിൽ വചനം ശ്രദ്ധിച്ചു കേൾക്കുകയും വായിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ പ്രകാശവും ശക്തിയുംകൊണ്ട് അവിടന്ന് അതിന്റെ പൂർണമായ അർത്ഥം വെളിപ്പെടുത്തി. തന്നെത്തന്നെയും ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തെയും പരാമർശിക്കുന്ന പൂർണമായ അർത്ഥത്തെത്തന്നെ.

കേൾക്കുകയെന്നത് പ്രയാസമേറിയ കാര്യമായിത്തീരുകയാണ് ഇന്ന്. നമ്മൾ ശബ്ദംനിറഞ്ഞ സമൂഹത്തിൽ മുങ്ങിക്കിടക്കുന്നു. വിവരങ്ങൾ നമ്മെ അമിതമായി ഉദ്ദീപിപ്പിക്കുകയും ആക്രമിക്കുകയും ചെയ്യുന്നു. നമ്മുടെ നഗരങ്ങളിലും അയൽപ്രദേശങ്ങളിലും ചിലപ്പോഴെല്ലാം പ്രബലപ്പെടുന്ന ബാഹ്യശബ്ദത്തോടൊപ്പം മിക്കപ്പോഴും നമ്മുടെ ആന്തരികമായ ചിതറലും ആശയക്കുഴപ്പവുമുണ്ടാകും. സ്വസ്ഥത

യോടെയിരുന്ന് ധ്യാനത്തിന്റെ രുചി ആസ്വദിക്കാൻ തടസ്സമുണ്ടാകുന്നു.

നമ്മുടെ ജീവിതസംഭവങ്ങളെ പ്പറ്റി വ്യക്തമായി ചിന്തിക്കാൻ, ദൈവത്തിന്റെ സ്നേഹപൂർണ മായ പദ്ധതികൾ വിശ്വസിച്ച് ആശ്ര യിച്ച് നമ്മുടെ ജോലികൾ ചെയ്യാൻ, ഫലപൂർണമായ ഒരു തിരിച്ചറിയൽ നടത്താൻ തടസ്സമുണ്ടാകുന്നു.

എന്നാലും, നമുക്ക് അറിയാവു ന്നതുപോലെ ദൈവരാജ്യം നിശ്ശ ബ്ദതയോടെ തടസ്സമില്ലാതെ വരുന്നു (cf ലൂക്കാ 17:21). അതിന്റെ വിത്തുകൾ ശേഖരിക്കാൻ ഏലിയാ പ്രവാചകനെപ്പോലെ നമ്മുടെ ആത്മാവിന്റെ ആഴങ്ങളിലേക്ക് ഇറ ങ്ങണം. ദൈവിക ഇളംകാറ്റിന്റെ മനസ്സിലാക്കാനാവാത്ത മൃദുല ശബ്ദം കേൾക്കാൻ നമ്മെത്തന്നെ തുറക്കണം (cf 1 രാജാ 19:11–13).

**വിവേചിച്ചറിയൽ**

യേശു നസ്രത്തിലെ സിനഗോ ഗിൽ ഏശയ്യാപ്രവാചകന്റെ ഗ്രന്ഥ ത്തിലെ ഒരു ഭാഗം വായിച്ചപ്പോൾ താൻ അയക്കപ്പെട്ടിരിക്കുന്നത് ഏതു ദൗത്യത്തിനുവേണ്ടിയാണോ അതിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. മിശിഹായെ കാത്തിരിക്കുന്നവ രുടെ മുമ്പിൽ അത് അവതരിപ്പിച്ചു: “കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ച മർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സ രവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു” (ലൂക്കാ 4:18–19).

ഇതുപോലെ, നമ്മിൽ ഓരോരു ത്തർക്കും ആധ്യാത്മിക തിരിച്ചറി വിലൂടെ മാത്രമേ സ്വന്തം വിളി തിരി ച്ചറിയാൻ കഴിയുകയുള്ളൂ. “ഒരു വ്യക്തി മൗലികമായ തിരഞ്ഞെടു പ്പുകൾ നടത്തുന്ന ഒരു പ്രക്രിയയാ ണിത്– കർത്താവിനോട് സംഭാ ഷണം നടത്തിയും പരിശുദ്ധാത്മാ വിന്റെ ശബ്ദം ശ്രദ്ധാപൂർവം കേട്ടും നടത്തുന്ന തിരഞ്ഞെടുപ്പു കൾ. അവയുടെ തുടക്കം ജീവിതാ വസ്ഥയുടെ തിരഞ്ഞെടുപ്പാണ്'' (Synod of Bishops, XV Ordinary General Assembly, Youth, the Faith and Vocational Discernment, II 2).

അങ്ങനെ ക്രൈസ്തവവിളിക്ക് എപ്പോഴും പ്രവാചകപരമായ ഒരു മാനമുണ്ടെന്ന് നാം കണ്ടെത്തുന്നു. പ്രവാചകർ ജനങ്ങളിലേക്ക് അയ യ്ക്കപ്പെട്ടത് ഭൗതികമായ വലിയ അരക്ഷിതത്വത്തിലും ആധ്യാത്മി കവും ധാർമികവുമായ സംഘർഷാ വസ്ഥയിലുമാണെന്നും അവരെ അയച്ചത് ദൈവനാമത്തിൽ മാന സാന്തരത്തിന്റെയും പ്രത്യാശയു ടെയും ആശ്വാസത്തിന്റെയും സന്ദേശം അറിയിക്കാനാണെന്നും വിശുദ്ധ ഗ്രന്ഥം നമ്മോടു പറയു ന്നുണ്ട്. കർത്താവിന്റെ വചനം മറ ന്നുകഴിഞ്ഞ മനസ്സാക്ഷികളുടെ മിഥ്യയായ പ്രശാന്തതയെ പ്രവാച കൻ ചുഴലിക്കാറ്റുപോലെ തകർക്കുന്നു. അദ്ദേഹം ദൈവ ത്തിന്റെ വാഗ്ദാനത്തിന്റെ വെളിച്ച ത്തിൽ സംഭവങ്ങളെ വകതിരിച്ചറി



യുന്നു. ചരിത്രത്തിന്റെ ഇരുണ്ട നിഴലുകൾക്കിടയിൽ പ്രഭാതത്തിന്റെ അടയാളങ്ങൾ കാണാൻ ജനങ്ങളെ ശക്തരാക്കുകയും ചെയ്യുന്നു.

ഇന്നും നമുക്ക് തിരിച്ചറിയലിന്റെയും പ്രവചനത്തിന്റെയും വലിയ ആവശ്യമുണ്ട്. ആദർശവാദത്തിന്റെയും നിഷേധാത്മകതയുടെയും പ്രലോഭനങ്ങളെ നാം തടഞ്ഞുനിറുത്തണം. കർത്താവിനോടുള്ള നമ്മുടെ ബന്ധത്തിൽ, അവിടന്നു നമ്മെ വിളിക്കുന്ന സ്ഥലങ്ങളെയും മാർഗങ്ങളെയും സാഹചര്യങ്ങളെയും നാം കണ്ടെത്തുകയും വേണം. ഓരോ ക്രൈസ്തവനും തന്റെ ജീവിതത്തെ "അതിൽത്തന്നെ" വായിച്ചറിയാൻവേണ്ട കഴിവ് വളർത്തണം. കർത്താവ് തന്റെ ദൗത്യം വഹിക്കാൻ വിളിക്കുന്നത് എവിടെയാണ്, എന്തിലേക്കാണ് എന്നൊക്കെ മനസ്സിലാക്കാനുള്ള കഴിവും വളർത്തണം.

**ജീവിക്കൽ**

അവസാനമായി, അനേകരെ ആവേശംകൊള്ളിക്കുകയും മറ്റനേകരുടെ ഹൃദയം കഠിനമാക്കുകയും ചെയ്യുന്ന ഈ മണിക്കൂറിന്റെ പുതുമ യേശു അറിയിക്കുന്നു. സമയത്തിന്റെ പൂർണത വന്നുകഴിഞ്ഞു. അവിടന്നാണ് ഏശയ്യാ പ്രവചിച്ച മിശിഹാ. ബന്ധിതരെ സ്വതന്ത്രരാക്കാനും അന്ധർക്കു കാഴ്ച നല്കാനും ഓരോ സൃഷ്ടിയോടും ദൈവത്തിന്റെ കരുണാപൂർണമായ സ്നേഹം പ്രഘോഷിക്കാനും വന്ന മിശിഹാ തന്നെ. യഥാർത്ഥത്തിൽ യേശു പറയുന്നു: "ഇന്ന് നിങ്ങൾ കേൾക്കെത്തന്നെ ഈ വിശുദ്ധ ലിഖിതം നിറവേറിയിരിക്കുന്നു" (ലൂക്കാ 4:21).

ദൈവത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും കണ്ടുമുട്ടാൻ നമ്മെ തുറവുള്ളവരാക്കുന്ന സുവിശേഷത്തിന്റെ സന്തോഷം നമ്മുടെ അലസതയെയും മന്ദതയെയും നിലനിറുത്തുകയില്ല. തീരുമാനമെടുക്കുന്നതിന്റെ സാഹസികത ഇന്നുതന്നെ സ്വീകരിക്കാതിരുന്നാൽ, ശരിയായ സമയം കാത്തിരിക്കുന്നുവെന്ന ഒഴിവുകഴിവു പറഞ്ഞ് ജനലിനരുകിൽ നിന്നാൽ അത് നമ്മുടെ ഹൃദയത്തെ നിറയ്ക്കുകയില്ല. വിളി ഇന്നാണ്! ക്രൈസ്തവദൗത്യം ഇന്നാണ്! നമ്മിൽ ഓരോരുത്തരും വിളിക്കപ്പെടുന്നു. അത് വിവാഹം ചെയ്തുകൊണ്ടുള്ള അല്മായ ജീവിതത്തിലേക്കായാലും പട്ടം സ്വീകരിച്ച്

വൈദിക ജീവിതത്തിലേക്കായാലും സവിശേഷമായ സമർപ്പണത്തിലേക്കായാലും നാം വിളിക്കപ്പെടുന്നു – ഇവിടെ, ഇപ്പോൾ കർത്താവിന്റെ സാക്ഷി ആകാൻ തന്നെ.

യേശു പ്രഘോഷിച്ച ഈ "ഇന്ന്" ഒരു കാര്യം ഉറപ്പുതരുന്നു. നമ്മുടെ മനുഷ്യവംശത്തെ രക്ഷിക്കാനും തന്റെ ദൗത്യത്തിൽ നമ്മെ പങ്കാളികളാക്കാനും ദൈവം തന്റെ "ഇറങ്ങിവരവ്" തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ആ കാര്യം. പ്രത്യേകമായ അടുപ്പത്തോടെ തന്നോടൊത്തു ജീവിക്കാനും തന്നെ അനുഗമിക്കാനും മറ്റുള്ളവരെ വിളിക്കൽ കർത്താവ് തുടർന്നുകൊണ്ടിരിക്കുന്നു. തന്നെ നേരിട്ടു സേവിക്കാൻ അവിടന്ന് മറ്റുള്ളവരെ വിളിച്ചുകൊണ്ടിരിക്കുന്നു. അവിടത്തെ രാജ്യത്തിനുവേണ്ടി നമ്മെത്തന്നെ പൂർണമായി സമർപ്പിക്കാൻ അവിടന്നു നമ്മെ വിളിക്കുന്നുവെന്നു തിരിച്ചറിയാൻ അവിടന്ന് അനുവദിച്ചാൽ നാം ഒട്ടും ഭയപ്പെടരുത്. പൂർണമായും എന്നേക്കും ദൈവത്തിനും നമ്മുടെ സഹോദരീസഹോദരന്മാർക്കുമായുള്ള സേവനത്തിനുംവേണ്ടി സ്വയം സമർപ്പിക്കുകയെന്നത് മനോഹരമാണ് – വലിയ ദൈവകൃപയുമാണ്.

തന്നെ അനുഗമിക്കാൻ കർത്താവ് ഇന്ന് തന്റെ വിളി തുടർന്നുകൊണ്ടിരിക്കുന്നു. ഉദാരതയോടെ സമ്മതം പറയുന്നതിന് നാം പൂർണതയുള്ളവരാകാൻ കാത്തിരിക്കേണ്ടതില്ല; നമ്മുടെ പരിമിതികളും പാപങ്ങളും ഓർത്ത് ഭയപ്പെടുകയും വേണ്ട. മറിച്ച്, നമ്മുടെ ഹൃദയങ്ങളെ കർത്താവിങ്കലേക്കു തുറക്കണം. ആ ശബ്ദം കേൾക്കാൻ, സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൗത്യം തിരിച്ചറിയാൻ അവസാനമായി ദൈവം നമുക്കു നല്കുന്ന ഈ ദിവസം അതനുസരിച്ചു ജീവിക്കാൻ തന്നെ. അറിയപ്പെടാതെ ജീവിച്ചിരുന്ന ചെറുപ്പക്കാരിയായ ഏറ്റവും പരിശുദ്ധ കന്യകാമറിയം ശരീരമായിത്തീർന്ന ദൈവവചനത്തെ കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്തു. അവൾ നമ്മുടെ യാത്രയിൽ എപ്പോഴും നമ്മെ സംരക്ഷിക്കുകയും നമ്മോടൊപ്പമുണ്ടായിരിക്കുകയും ചെയ്യട്ടെ!

വത്തിക്കാനിൽ നിന്ന്, 3 ഡിസംബർ 2017, ആഗമനകാലത്തിന്റെ ഒന്നാം ഞായറാഴ്ച

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# ഇടയലേഖനം

660/ 2018
25.03.2018 P-2

**മാർ ആൻഡ്രൂസ് താഴത്ത്**



ഈശോയിൽ സ്നേഹമുള്ള പ്രിയ വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

ഉയിർപ്പുതിരുനാൾ ആചരിച്ച ഈ അവസരത്തിൽ, കർത്താവായ യേശു ആശംസിച്ച സമാധാനം നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടും കൂടെ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മൂന്നാം അതിരൂപതാ അസംബ്ലിക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ, 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉദ്ഘോഷിച്ചുകൊണ്ട് യേശുവിന് സാക്ഷ്യം വഹിച്ച മാർതോമാ ശ്ലീഹായുടെ വിശ്വാസചൈതന്യം നമുക്ക് മാതൃകയും പ്രചോദനവുമാകട്ടെ. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും വൈദിക-സമർപ്പിത-യുവജനതലങ്ങളിലും അസംബ്ലികൾ നടക്കുകയുണ്ടായല്ലോ. ഈ അസംബ്ലികളിലെ ചർച്ചകൾ നിരവധി അജപാലന ഉൾക്കാഴ്ചകൾ നമുക്ക് നല്കുകയുണ്ടായി. പുരോഹിതരും സമർപ്പിതരും അത്മായരും ഒരു

മിച്ച്, കുടുംബവും വിശ്വാസജീവിതവും നേരിടുന്ന വെല്ലുവിളികൾ ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചത് ആദിമസഭയുടെ കൂട്ടായ്മയേയും കൂട്ടുത്തരവാദിത്വത്തേയും ഓർമ്മപ്പെടുത്തുന്നതായിരുന്നു. നമ്മുടെ ഇടവകകളുടെയും കുടുംബങ്ങളുടെയും അജപാലന ശുശ്രൂഷാ മേഖല കൂടുതൽ വിപുലവും സങ്കീർണ്ണവുമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ, അജപാലന ശുശ്രൂഷയിൽ കൂട്ടായ്മയോടും കൂട്ടുത്തരവാദിത്വത്തോടും മുന്നേറാൻ സഹായകമായ ചിന്തകളും നിർദ്ദേശങ്ങളും നിങ്ങളുമായി പങ്കുവെക്കട്ടെ.

**കൂട്ടായ്മയും പങ്കാളിത്തവും**

ദൈവരാജ്യത്തെക്കുറിച്ച് നിരവധി ഉപമകളും പ്രബോധനങ്ങളും നമ്മുടെ കർത്താവായ യേശു നൽകിയിട്ടുണ്ട്. അവയിൽ ശ്രദ്ധേയമായ ഒന്നാണ്, മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥന്റെ ഉപമ (മത്തായി 20: 1–16). നിങ്ങളും മുന്തിരിത്തോട്ടത്തിലേക്ക് ചെല്ലുവിൻ, എന്ന വീട്ടുടമസ്ഥന്റെ ആഹ്വാനം, വൈദികർക്കും സമർപ്പിതർക്കും വേണ്ടി മാത്രമല്ല, മാമ്മോദീസായിലൂടെ യേശുവിന്റെ ത്രിവിധദൗത്യത്തിൽ പങ്കുകാരാകുന്ന ഓരോ വിശ്വാസിയോടുമുള്ളതാണ്. സഭയിലെ മുഴുവൻ അംഗങ്ങളും, പ്രായ–ലിംഗ–ജാതി–ഭാഷാ ഭേദമന്യേ കർത്താവിന്റെ മുന്തിരിത്തോപ്പായ സഭയിലെ ശുശ്രൂഷക്ക് വിളിക്കപ്പെട്ടിരിക്കുന്നു. സഭയിലെ എല്ലാ അംഗങ്ങളും, സഭയിലെ ശുശ്രൂഷക്ക് വിളിക്കപ്പെട്ടിരിക്കുന്നതിന് ഒരു പ്രധാന കാരണം, വിശ്വാസപ്രമാണത്തിൽ നാം പ്രഖ്യാപിക്കുന്നതുപോലെ, സഭ ഒരു കൂട്ടായ്മയാണെന്നുള്ളതാണ് (പുണ്യവാൻമാരുടെ ഐക്യം). മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിക്കുന്ന നാം യേശുവിന്റെ യഥാർത്ഥ ശരീരമായ വി. കുർബ്ബാനയെന്ന ഒരേ അപ്പത്തിൽ പങ്കുകാരാകുന്നതു വഴി അവനോടുകൂടെ ഒരു ശരീരമായിത്തീരുന്നു (1 കൊറി 10: 16–17). യേശുവിനോടുകൂടെ ഒരു ശരീരമായിത്തീരുന്ന നാം അവിടുത്തെ ജീവനിൽ മാത്രമല്ല, ദൗത്യത്തിലും പങ്കുകാരാകുകയാണ്. ഒരേ ശരീരത്തിലെ അവയവങ്ങളെന്നപോലെ പരസ്പരപൂരകമായും സഹകരണത്തോടെയും ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ദൈവജനകൂട്ടായ്മയാണ് സഭ (1 കൊറി 12:12). ശരീരത്തിലെ ഓരോ അവയവത്തിനും വ്യത്യസ്ത ദൗത്യമുള്ളതുപോലെ, സഭയിലെ എല്ലാ അംഗങ്ങൾക്കും വ്യത്യസ്ത ദൗത്യങ്ങൾ സഭയിൽ നിർവ്വഹിക്കാനുണ്ട്.



**അജപാലനത്തിലെ പങ്കാളിത്തം**

എല്ലാ വിശ്വാസികളും സഭയുടെ അജപാലനദൗത്യത്തിൽ പങ്കുകാരാണ്. സഭാസമൂഹത്തിന്റെ എല്ലാ ഘടകങ്ങളേയും സഹകരിപ്പിച്ചുകൊണ്ടുള്ള നവീകൃതമായ പങ്കാളിത്ത അജപാലനപ്രവർത്തനത്തിന്റെ അടിസ്ഥാനലക്ഷ്യം, ഓരോ വിശ്വാസിയെയും – വൈദികർ, സമർപ്പിതർ, അത്മായർ– സഭയുടെ ശുശ്രൂഷ അർഹിക്കുന്നവരായി മാത്രം കാണാതെ, പ്രേഷിതദൗത്യത്തിലെ ഉത്തരവാദിത്തമുള്ള സജീവപങ്കാളിയായി കാണുക എന്നതാണെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ചൂണ്ടിക്കാട്ടുന്നു. (അത്മായ വിശ്വാസികൾ, 54). സഭയുടെ അജപാലനഘടനയിൽ ഓരോ സഭാംഗത്തിനും അവരുടെ ജീവിതാവസ്ഥക്കും (1 കൊറി 7: 17) ഔദ്യോഗികമായി അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾക്കും അനുസൃതമായി നിർവ്വഹിക്കേണ്ട ദൗത്യമുണ്ട്. ദൈവജനത്തെ ശുശ്രൂഷിക്കാനും നയിക്കാനും നിയോഗിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷാപൗരോഹിത്യത്തിന്റെ അനന്യതയും അനിവാര്യതയും പ്രഖ്യാപിക്കുന്ന രണ്ടാം വത്തിക്കാൻ സൂനഹദോസ്, ഇടയൻമാരുടെ പ്രേഷിതപ്രവർത്തനം പൂർണ്ണമായി ഫലമണിയിക്കാൻ അത്മായരുടെ സഹപ്രവർത്തനം അത്യാവശ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു (അത്മായരെക്കുറിച്ചുള്ള ഡിക്രി, 10). സംഘടിതമായ അജപാലനപ്രവർത്തനത്തിന്റെ ഉത്തമ ഉദാഹരണമായ ഇടവകയിൽ വൈദികരുടെയും, സമർപ്പിതരുടെയും അത്മായരുടെയും വൈവിധ്യമാർന്ന സിദ്ധികളും കഴിവുകളും കൂട്ടിയിണക്കപ്പെടുകയും സഭയുടെ പൊതുവായ ദൗത്യനിർവ്വഹണത്തിന് ആവശ്യമായ രീതിയിൽ ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. ഇതിനുവേണ്ടി സഭയുടെ പാരമ്പര്യവും നിയമവും അനുശാസിക്കുന്ന സ്വാതന്ത്ര്യം സ്വീകരിച്ചുകൊണ്ട്, അജപാലന പ്രവർത്തനങ്ങളിൽ അല്മായ – സന്യസ്തർക്ക് പങ്കാളിത്തം നൽകുന്ന വിധത്തിൽ ഇടവക സംവിധാനങ്ങൾ അനുരൂപപ്പെടുത്തേണ്ടതുണ്ട്. (വി. ജോൺപോൾ മാർപാപ്പ, അല്മായ വിശ്വാസികൾ, 26).

**ശ്രദ്ധിക്കേണ്ട ചില മേഖലകൾ**

അജപാലന പങ്കാളിത്തം നമ്മുടെ സഭാജീവിതത്തിന്റെ വിവിധ മേഖലകളിൽ കൂടുതൽ കാര്യക്ഷമമായും സജീവമായും ഉറപ്പുവരുത്താൻ ചിലകാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്. ശുശ്രൂഷാ പൗരോഹിത്യവും പൊതു

പൗരോഹിത്യവും തമ്മിൽ സാരാംശത്തിലുള്ള വ്യത്യാസമുണ്ട്. അജപാലന പ്രവർത്തനങ്ങളിൽ, ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരുടെ നേതൃത്വപരമായ ദൗത്യം ദൈവവചനത്തിലും സഭയുടെ പാരമ്പര്യത്തിലും വിശ്വാസത്തിലും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ആദിമസഭയുടെ പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്ന അപ്പ. പ്രവർത്തനങ്ങളിൽ നാമിത് വായിക്കുന്നുണ്ടല്ലോ. (അപ്പ 6: 1–7; 15: 1–29; 1 പത്രോ 5: 1–5). ദൈവജനത്തിന്റെ പൊതുവായ യോജിപ്പോടെയും എന്നാൽ അപ്പസ്തോലന്മാരുടെ വിവേചനത്തിന് വിധേയമായും തീരുമാനമെടുക്കുന്ന ശൈലിയാണ് ആദിമസഭ പിൻതുടർന്നിരുന്നതെന്ന് നമുക്കവിടെ കാണാം. നേതൃത്വ ശുശ്രൂഷയിലുള്ളവർ, പ്രത്യേകിച്ചും വൈദികർ പ്രഥമതഃ ദൈവാത്മാവിനെ ശ്രവിക്കുന്നവരാകണം. സഭയാകുന്ന ദൈവജനത്തിലൂടെ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങളേയും പ്രേരണകളേയും ശ്രവിക്കുന്നവരാകണം അവർ. വൈദികരും സന്യസ്തരും അൽമായരും പരസ്പരം ശ്രവിക്കുകയും കൂട്ടുത്തരവാദിത്തത്തോടെ അജപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ഈ ശൈലി നമ്മുടെ അതിരൂപതയിൽ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ ഈ പങ്കാളിത്തശൈലി ജനാധിപത്യ ശൈലിയിൽ നിന്നും വ്യത്യസ്തമാണ് എന്നുകൂടി അനുസ്മരിക്കേണ്ടിയിരിക്കുന്നു. കൂടിയാലോചനകളിലൂടെ അഭിപ്രായ സമന്വയം രൂപപ്പെടുത്തി എല്ലാവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന ശൈലിയാണ് അജപാലന സംവിധാനങ്ങൾ പിന്തുടരേണ്ടത്. കാര്യക്ഷമമായ കൂടിയാലോചനകളിലൂടെയും അജപാലനാസൂത്രണത്തിലൂടെയും ഏറ്റവും മികച്ചതും ഉപകാരപ്രദവുമായ തീരുമാനങ്ങൾ കൈക്കൊള്ളുവാനും നടപ്പിലാക്കുവാനും സാധിക്കും.

പങ്കാളിത്ത അജപാലനത്തിന്റെ ചാലക ശക്തിയും സുനിശ്ചിതമായ ആശ്രയവും കർത്താവിന്റെ പരിശുദ്ധാത്മാവാണ്. അജപാലന പ്രശ്നങ്ങളേയും കൂടിയാലോചനകളിൽ ഉയരുന്ന പരിഹാര മാർഗ്ഗങ്ങളെയും വിവേചിച്ച് ദൈവഹിത പ്രകാരമുള്ള തീരുമാനങ്ങളിലെത്താനും നടപ്പിലാക്കാനും ലക്ഷ്യപ്രാപ്തിയിലെത്താനും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മെ സഹായിക്കുന്നു. അതിനാവശ്യമായ പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും പരിശുദ്ധാത്മാവിനോട് തുറവിയുള്ളവരായിരിക്കണം. അതേസമയം പങ്കാളിത്ത അജപാലന ശൈലിയുടെ ഒരു സുപ്രധാന വെല്ലുവിളി കൂട്ടായ്മയിലൂന്നിയ ക്രൈസ്തവ സാക്ഷ്യജീവിതത്തിന് എതിരായി നിൽക്കുന്ന ഭിന്നതയുടേയും എതിർപ്പിന്റെയും പ്രലോഭനമാണ് (വി. ജോൺപോൾ മാർപാപ്പ, അല്മായ വിശ്വാസികൾ, 31). ക്രിസ്തുവിന്റെ ശരീരമായ സഭയെ മുറിപ്പെടുത്തുന്ന ഭിന്നതകൾക്കെതിരെ വി. പൗലോസ് ശ്ലീഹ മുന്നറിയിപ്പു നൽകുന്നുണ്ടല്ലോ. ഞാൻ പൗലോസിന്റേതാണ്, അപ്പോളോസിന്റേതാണ്, കേപ്പായുടേതാണ്



എന്നിങ്ങനേയുള്ള ഇടുങ്ങിയ വിഭാഗീയതകൾ ചൂണ്ടിക്കാട്ടി ക്രിസ്തു വിഭജിക്കപ്പെട്ടുവോ എന്ന് ശ്ലീഹ വേദനയോടെ ചോദിക്കുന്നു (1 കൊറി 1: 12–13). പങ്കാളിത്ത അജപാലനങ്ങളിലെ മറ്റു ചില വെല്ലുവിളികൾ ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാണിക്കുന്നുണ്ട്. കൂട്ടായ്മയെക്കുറിച്ചും കൂട്ടുത്തരവാദിത്തത്തെക്കുറിച്ചുമുള്ള വ്യക്തമായ അവബോധമില്ലായ്മയാണ് അവയിലൊന്ന്. വേണ്ടത്ര പരിശീലനത്തിന്റെ അഭാവം കൊണ്ടോ, പറയാനും പ്രവർത്തിക്കാനുമുള്ള അവസരമില്ലാത്തതുകൊണ്ടോ, അജപാലന സംവിധാനങ്ങളുടെ കാലാനുസൃതമായ രൂപീകരണത്തിന്റെയോ ആസൂത്രണത്തിന്റെയോ കുറവുകൊണ്ടോ ഇത് സംഭവിക്കാവുന്നതാണ്. (സുവിശേഷത്തിന്റെ ആനന്ദം, 102).

**നമ്മുടെ അതിരൂപതയിൽ**

പങ്കാളിത്ത അജപാലനത്തിന്റെ പല വേദികളും നമ്മുടെ അതിരൂപതയിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പരമ്പരാഗതമായി നമുക്കു ലഭിച്ച പള്ളിയോഗങ്ങൾ. ഇടവകയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വഹണത്തിലും സാമ്പത്തിക കാര്യങ്ങളുടെ നടത്തിപ്പിലും ഇടവകയിലെ ദൈവജനകൂട്ടായ്മയുടെ പ്രകാശനം എന്ന നിലയിൽ ഇടവക വികാരിയെ ഉപദേശിക്കുകയും സഹായിക്കുകയും അദ്ദേഹത്തോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന പങ്കാളിത്ത സംവിധാനമാണ് പള്ളിയോഗം. (അതിരൂപതാ നിയമാവലി, പേജ് 177). അതിരൂപതയുടെ പൊതു അജപാലന പദ്ധതിയോട് ചേർന്ന് ഇടവകക്കുവേണ്ടി സമഗ്രവും സമയബന്ധിതവുമായ അജപാലന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക എന്നത് പള്ളിയോഗത്തിന്റെ സുപ്രധാന ദൗത്യമാണ്. (അതിരൂപത നിയമാവലി, പേജ് 184–185). നമ്മുടെ അതിരൂപതയിൽ നടന്ന ഇടവക അസംബ്ലികൾ അജപാലന പങ്കാളിത്തത്തിന്റെ ശ്രേഷ്ഠമായ പ്രകാശനമായിരുന്നു. കുടുംബവും വിശ്വാസജീവിതവും നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാൻ വേണ്ട അജപാലന നയം രൂപീകരിച്ചുകൊണ്ടിരിക്കുന്നതിൽ ഇടവക അസംബ്ലികളുടെ സംഭാവന നിസ്തുലമാണ് എന്ന് ഞാൻ നന്ദിയോടെ ഏറ്റുപറയുന്നു. അസംബ്ലികൾ മുന്നോട്ട് വെച്ച അജപാലന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പങ്കാളിത്ത സ്വഭാവമുള്ള ഒരു അജപാലന സമിതി – Pastoral Animation and Coordination Team (PACT) എല്ലാ ഇടവകകളിലും വേണമെന്ന് വൈദിക –

സമർപ്പിത – യുവജന അസംബ്ലികളും വിവിധ ഇടവക അസംബ്ലികളും നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം വിവിധ ഔദ്യോഗിക സമിതികളിലെ ആലോചനകൾക്ക് ശേഷം നമ്മുടെ അതിരൂപതയിൽ നടപ്പാക്കാൻ തീരുമാനിച്ച വിവരം നിങ്ങളെ ഏവരേയും സന്തോഷപൂർവ്വം അറിയിക്കുന്നു.

പങ്കാളിത്ത അജപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ ലക്ഷ്യം വച്ചുകൊണ്ട് രൂപീകരിക്കുന്ന Pastoral Animation and Coordination Team ഇടവക അസംബ്ലികളിലെയും അതിരൂപതാ അസംബ്ലിയിലേയും തീരുമാനങ്ങൾ അജപാലന പദ്ധതിയാക്കി പള്ളിയോഗത്തിന്റെ (അതിരൂപത നിയമാവലിപ്രകാരം, പൊതുയോഗത്തിന്റെ/പ്രതിനിധിയോഗത്തിന്റെ) അംഗീകാരത്തോടെ ഇടവകയിൽ നടപ്പാക്കാൻ സഹായിക്കേണ്ടതാണ്. പള്ളിയോഗത്തിന്റെ ഉപസമിതിയായി രൂപീകരിക്കേണ്ട ഈ സമിതി അതിരൂപതയിൽനിന്ന് പുറപ്പെടുവിക്കുന്ന Pastoral Animation and Coordination Team ന്റെ മാർഗ്ഗരേഖയനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. 2018 ജൂൺ 30 ന് മുമ്പ് ഈ സമിതികൾ രൂപീകരിച്ച് അതിരൂപത കാര്യാലയത്തിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇതിന് ഒരുക്കമായി, പള്ളിയോഗത്തിന്റെ അജപാലന ദൗത്യത്തെക്കുറിച്ചും പങ്കാളിത്ത അജപാലനത്തിൽ ഇടവക വികാരിയോട് സഹകരിച്ച് എങ്ങനെ പ്രവർത്തിക്കാം എന്നതിനെക്കുറിച്ചും ഒരു പരിശീലന സെഷൻ എല്ലാ ഇടവകകളിലേയും പള്ളി/പ്രതിനിധി യോഗങ്ങൾക്ക് ഏപ്രിൽ – മെയ് മാസങ്ങളിൽ ക്രമീകരിക്കുന്നുണ്ട്. അതിരൂപതയിൽനിന്ന് നിശ്ചയിക്കുന്ന സമയക്രമമനുസരിച്ച് പ്രതിനിധി യോഗത്തിന്റെ പ്രത്യേക സമ്മേളനം ഈ ലക്ഷ്യത്തോടെ വിളിച്ചു ചേർക്കാൻ എല്ലാ ബഹു. വികാരിയച്ചന്മാരേയും ഞാൻ ചുമതലപ്പെടുത്തുന്നു. പള്ളി പ്രതിനിധി യോഗാംഗങ്ങ ളുടെ പൂർണ്ണമായ സഹകരണം ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മേൽ പറഞ്ഞ പരിശീലന പദ്ധതിയുടെ അവസാനം Pastoral Animation and Coordination Teamനെ തെരഞ്ഞെടുക്കേണ്ടതാണ്. നമ്മുടെ അതിരൂപതയിലെ ഓരോ ഇടവകയിലും അജപാലനപരമായ നവീകരണത്തിനും കുടുംബങ്ങളുടെ ശാക്തീകരണത്തിനും വിശ്വാസ വളർച്ചയ്ക്കും കാരണമാകാൻ Pastoral Animation and Coordination Team ന്റെ പ്രവർത്തനങ്ങളെ കർത്താവിന്റെ പരിശുദ്ധാത്മാവ് സഹായിക്കുകയും നയിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**മൂന്നാം അതിരൂപത അസംബ്ലി**

നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലി 2018 മെയ് 15 വൈകിട്ട് 4:30 ന് ആരംഭിച്ച് 18–ന് വൈകിട്ട് 4:30 ന് സമാപിക്കുന്നതാണ്. ഗാർഹിക സഭയായ കുടുംബങ്ങളുടെ സമഗ്ര നവീകരണം ലക്ഷ്യമാക്കിയാണ് അതിരൂപത അസംബ്ലി സമ്മേളിക്കുന്നത്.



ഇടവക – വൈദിക – സമർപ്പിത – യുവജന അസംബ്ലികളിൽ നിന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ അതിരൂപതയിലെ അജപാലന നയം രൂപീകരിക്കുന്നതിന് ഈ അസംബ്ലി നിർണ്ണായക പങ്കു വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2015 നവംബർ മാസത്തിൽ തുടങ്ങിവെച്ച ഒരുക്കങ്ങൾക്ക് ശേഷം സമ്മേളിക്കുന്ന ഈ യോഗത്തിൽ അതിരൂപതയിലെ ഓരോ കുടുംബത്തിന്റെയും സംഭാവന അജപാലന സർവ്വേയിലൂടെ നമുക്ക് ലഭിച്ചിട്ടുണ്ട് എന്നുകൂടി സന്തോഷപൂർവ്വം അനുസ്മരിക്കുകയാണ്. അസംബ്ലിയുടെ വിജയം പൂർണ്ണമായും ദൈവകരങ്ങളിലാണ്. അതിനാൽ എളിമയോടെ നമുക്ക് കർത്താവിങ്കലേക്ക് കരങ്ങളുയർത്താം. “നമ്മുടെ സഹായം കർത്താവിൽ നിന്നാണ്” (സങ്കീ 28:7; 121: 2). അതിരൂപതാ അസംബ്ലിക്ക് വേണ്ടി ഏപ്രിൽ 15 മുതൽ മെയ് 18 വരെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബ്ബാന മധ്യേ പ്രത്യേക പ്രാർത്ഥന നടത്തേണ്ടതാണ്. കൂടാതെ മെയ് മാസത്തിലെ മാസാദ്യ വെള്ളിയാഴ്ചയോ ഉചിതമായ മറ്റൊരു സമയത്തോ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന ഈ നിയോഗാർത്ഥം നടത്തണമെന്ന് ആഹ്വാനം ചെയ്യുന്നു. മെയ് മാസത്തിൽ അസംബ്ലിയുടെ വിജയത്തിന് വേണ്ടി ഒരു വിശുദ്ധ കുർബ്ബാന അർപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപന തിരുന്നാളിന്റെ പ്രാർത്ഥനകളും മംഗളങ്ങളും ഏവർക്കും നേരുന്നു. അതിരൂപതയുടെ മധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പ്രാർത്ഥനാസഹായം യാചിച്ചുകൊണ്ടും കർത്താവിന്റെ സ്നേഹത്തിനും പരിപാലനക്കും നിങ്ങളെ ഭരമേല്പ്പിച്ചുകൊണ്ടും നിങ്ങളെ ഏവരേയും യേശുനാമത്തിൽ ആശീർവദിക്കുന്നു.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB : ഈ ഇടയലേഖനം **2018 ഏപ്രിൽ 08 ഞായറാഴ്ച**, നമ്മുടെ അതിരൂപതാതിർത്തിയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബ്ബാന മധ്യേ വായിക്കേണ്ടതാണ്. **+AT**



# സർക്കുലർ

740/2018 C-4
11/04/2018

## മാർ ആൻഡ്രൂസ് താഴത്ത്

യേശുവിൽ സ്നേഹമുള്ള വന്ദ്യ വൈദികരേ, ബഹുമാനപ്പെട്ട സമർപ്പിതരേ, എത്രയും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

മാർ തോമായുടെ പാരമ്പര്യം കൈമുതലായുള്ള സീറോ മലബാർ സഭ ആന്തരികവും ബാഹ്യവുമായ അനേകം പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് ചരിത്രത്തിലൂടെ മുന്നോട്ടു പോകുന്നത്. മതപീഡനങ്ങളും വൈദേശിക ഇടപെടലുകളും, ആന്തരിക ശീശ്മകളും, പാഷണ്ഡതകളും സഭയെ ഇല്ലാതാക്കുമെന്ന് ഭയന്ന കാലഘട്ടങ്ങളിലൂടെ നാം കടന്നുപോന്നിട്ടുണ്ട്. എന്നാൽ ഓരോ കാലഘട്ടത്തിലും ദൈവികകൃപയാൽ വൈദികരും സമർപ്പിതരും അത്മായരും ഐക്യത്തോടെ നിന്ന്, പരിശുദ്ധാത്മാവിന്റെ സ്വരത്തിനു ചെവികൊടുത്ത് ഇത്തരം പ്രതിസന്ധികളെ അതിജീവിച്ചിട്ടുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളം ഭരിച്ചിരുന്ന ചില രാജാക്കന്മാരും അവരുടെ ദിവാന്മാരും സഭയെ ഇല്ലാതാ



ക്കാൻ പരിശ്രമിച്ചിരുന്നു. അപ്പോൾ സമുദായ സ്നേഹികൾ ഒരുമിച്ചുചേർന്ന് ജനാധിപത്യ പരമായ രീതിയിൽ പൗരാവകാശങ്ങൾക്കു വേണ്ടി നടത്തിയ മുന്നേറ്റങ്ങളിൽ നിന്നാണ് കത്തോലിക്ക കോൺഗ്രസ്സ് എന്ന സാമുദായിക സംഘടന രൂപം കൊണ്ടത്. അവരിൽനിന്ന് ഉയർന്നുവന്ന രാഷ്ട്രീയ നേതാക്കളാണ് പിന്നീട് കേരള സമൂഹത്തിന് സംശുദ്ധമായ രാഷ്ട്രീയ സാംസ്കാരിക അടിത്തറയുണ്ടാക്കാൻ നേതൃത്വം വഹിച്ചത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മുടെ വൈദിക നേതൃത്വത്തോടൊപ്പം അത്മായരും ഐക്യത്തോടെ നിലനിന്നതുകൊണ്ടാണ് നമ്മുടെ സമുദായാംഗങ്ങളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ സാധിച്ചത്. ഇതിനു നേതൃത്വം കൊടുത്ത കത്തോലിക്ക കോൺഗ്രസ്സ് എന്ന സമുദായ സംഘടനയുടെ ശതാബ്ദി ആഘോഷങ്ങളുടെ സമാപനം 2018 മെയ് 13-ാം തിയ്യതി തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുകയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മുടെ സമുദായം നേരിട്ട പൗരാവകാശ ലംഘനങ്ങളും ആന്തരിക പ്രതിസന്ധികളും മറ്റുചില രൂപങ്ങളിൽ ഇന്നും സഭയെ വേട്ടയാടുന്നുണ്ട്. ദേശീയ തലത്തിൽ വളർന്നു വരുന്ന വർഗ്ഗീയതയും മതദേശീയവാദവും രാജ്യത്തിന്റെ മാത്രമല്ല നമ്മുടെ സമുദായത്തിന്റെ അടിത്തറയും തകർത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിനു പുറത്തുള്ള മിഷണറിമാരും വിശ്വാസികളും ഭയത്തിന്റെ നിഴലിലാണ്. ക്രിസ്തുമസ്സ് കരോൾ ആഘോഷങ്ങൾ ആക്രമിക്കപ്പെടുക, ഉജ്ജയിനിയിലെ നമ്മുടെ ആശുപത്രി കൈയ്യേറുക തുടങ്ങിയ അനേകം സംഭവങ്ങളിലൂടെ ക്രിസ്ത്യാനികളുടെ ഉള്ളിൽ ഭയം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്.

ദേശീയ തലത്തിൽ നമ്മുടെ മൗലികാവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ സംസ്ഥാന തലത്തിൽ നമ്മുടെ ഭൗതികാടിത്തറ ശോഷിച്ചുപോകുകയാണ്. വിവിധ സർക്കാരുകളുടെ കാർഷിക നയത്തിലെ വൈകല്യം മുലം മലയോര കർഷകരിൽ പലരും കൃഷി ഉപേക്ഷിക്കുകയാണ്. കുടിയേറ്റക്കാർ കൈയ്യേറ്റക്കാരായി ചിത്രീകരിക്കപ്പെടുന്നു.

കത്തോലിക്കാസഭയുടെ പ്രധാന പരസ്നേഹ പ്രവർത്തന മേഖലകൾ വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, അഗതി സംരക്ഷണം എന്നിവയാണ്. മാറി മാറി വരുന്ന സർക്കാരുകൾ ഈ മേഖലകളെ യുക്തിരഹിതമായ നിയമ നിർമ്മാണങ്ങൾ നടത്തി തകർക്കാൻ ശ്രമിക്കുകയാണ്. ഇത്തരം നിയമങ്ങൾമൂലം നമ്മുടെ അനേകം അഗതിമന്ദിരങ്ങൾ അടച്ചു പൂട്ടേണ്ടി വന്നു. കൂടാതെ, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നമ്മിൽ നിന്ന് പിടിച്ചെടുക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ന്യൂനപക്ഷാവകാശത്തെ പിൻവാതിലിലൂടെ എടുത്തുമാറ്റാനുള്ള ശ്രമം അപകടകരമാണ്. കേരളത്തിലെ ക്രൈസ്തവരുടെ നിലനിൽപ് ആശ്രയിച്ചു നിൽക്കുന്നതുതന്നെ കൃഷിയിലും വിദ്യാഭ്യാസത്തിലുമാണ്. നിയമനിർമ്മാണങ്ങളിലൂടെയാണ് ഇവർ ന്യൂനപക്ഷാവകാശങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്.

ഇവയെക്കൂടാതെ സഭ ഉള്ളിൽനിന്നുതന്നെ ഉയരുന്ന വളരെയേറെ വെല്ലുവിളികളും പ്രതിസന്ധികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. മാധ്യമങ്ങളടക്കം പല വേദികളിലും സഭയേയും സഭാനേതൃത്വത്തെയും തെറ്റായി ചിത്രീകരിക്കാനും സഭയ്ക്കുള്ളിൽ ഭിന്നതകളുണ്ടാക്കാനും ശ്രമങ്ങൾ നടക്കുന്നു. അസത്യങ്ങൾ അവതരിപ്പിച്ചും അർദ്ധസത്യങ്ങൾ പെരുപ്പിച്ചു കാണിച്ചും സഭയുടെ മുഖം ചിലപ്പോഴെങ്കിലും വികൃതമാക്കപ്പെടുന്നുണ്ട്. നമ്മുടെ സമുദായം പലതുകൊണ്ടും പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. യുവജനങ്ങൾ ജോലി ലഭിക്കാൻ സാധ്യതയില്ലാതെ നാടുവിടേണ്ടിവരുന്നു. അതിരൂപതയിൽ നമ്മൾ നടത്തിയ സർവ്വേ ഫലങ്ങൾ കത്തോലിക്ക സമുദായത്തിന്റെ തകർച്ചയെ സൂചിപ്പിക്കുന്നുണ്ട്. അംഗസംഖ്യയും സാമൂഹിക സുസ്ഥിതിയും ദുർബലപ്പെട്ടുവരുന്നത് പേടിപ്പെടുത്തുന്ന സംഗതിയാണ്. പൊതുപ്രവർത്തന വേദികളിലും സർക്കാർ ജോലിയിലും നമ്മുടെ സാന്നിദ്ധ്യം വളരെ കുറഞ്ഞുവരുന്നു. പൊതുവേ നമ്മുടെ സമുദായം പല മേഖലകളിലും പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനാൽ നമ്മുടെ സമുദായാംഗങ്ങൾ ഒന്നിച്ചു കൂടേണ്ടതും ഒറ്റക്കെട്ടാണെന്ന് പരസ്യമായി അവതരിപ്പിക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

നാം ഒരുമിച്ചു നിന്നില്ലെങ്കിൽ പിതാമഹന്മാർ നമുക്കു കൈമാറിത്തന്ന പൈതൃകം വരാനിരിക്കുന്ന തലമുറയ്ക്കു കൈമാറാൻ കഴിയുകയില്ല. കേരളത്തിനു പുറത്തും ഭാരതത്തിനു പുറത്തുമുള്ള പ്രവാസികളുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കാൻ ഏറെ തടസ്സങ്ങൾ നാം നേരിടുന്നു. അതിനാൽ ആന്തരികവും ബാഹ്യവുമായ ഏത് പ്രതിസന്ധികളിലും നാം ഒരുമിച്ചാണെന്ന് പരസ്പരം ബോധ്യപ്പെടുത്തണം. അതിനായി മെയ് 12, 13, 14 തിയ്യതികളിൽ ലോകമെമ്പാടുമു



ള്ള സീറോ മലബാർ സമുദായ അംഗങ്ങൾ തൃശ്ശൂരിൽ ഒരുമിച്ചു കൂടുകയാണ്. മതേതരത്വം രാഷ്ട്ര പുരോഗതിക്ക് എന്ന സന്ദേശവുമായി മെയ് 13–ാം തിയ്യതി നടത്തുന്ന റാലിയും സമ്മേളനവും മഹാവിജയമാക്കി മാറ്റാൻ നിങ്ങൾ പരിശ്രമിക്കണം. ലോകമെമ്പാടുമുള്ള സീറോ മലബാർ ക്രൈസ്തവർ ഒരുമിച്ച് പ്രാർത്ഥിക്കാനും നിലനില്ക്കാനും രാഷ്ട്രപുരോഗതിക്കും സമുദായത്തിനും വേണ്ടി പ്രവർത്തിക്കാൻ തീരുമാനമെടുക്കാനും ഒരുമിച്ചു ചേരുകയാണ്. ഒരു ഭവനത്തിൽനിന്ന് ഒരാളെങ്കിലും ഈ സമുദായ മഹാസംഗമത്തിൽ അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നു. പള്ളിയിൽനിന്ന് ജനങ്ങളെ കൊണ്ടുവരാനും കൊണ്ടുപോകാനുമുള്ള വാഹന ക്രമീകരണം അതാത് ഇടവകകൾ ചെയ്യണം. അതിരൂപത തലത്തിൽ നിന്നുള്ള നിർദ്ദേശങ്ങളോടു സഹകരിക്കണമെന്നും സമുദായ സംഗമം വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും സാക്ഷ്യമാകണമെന്നും ഞാൻ ആഹ്വാനം ചെയ്യുന്നു.

പെന്തക്കുസ്ത തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

NB: ഈ സർക്കുലർ ഏപ്രിൽ 29 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. + AT



## കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2018

Ref: 3080/K-5/KCBC/OL/DS
26.3.2018

*തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും: സമഗ്രവും മാനുഷികവും സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്*

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരവോ



ടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ യേശു സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ  വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു.  മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്.  ഇന്ത്യയുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക – മത്സ്യവ്യവസായരംഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരിക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ അന്തർ ദേശീയവും ദേശീയവുമായ പല സംഘടനകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു പുറത്തു വിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016–2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂചനയാണ് നല്കുന്നത്. ശതകോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഷ്ടപ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെങ്കിലും ഭക്ഷണം ഉറപ്പാക്കാനും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചുവരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതിയെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു." (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008–ൽ പാർലമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാനിയമം ഇന്നും ഏട്ടിലെ പശുവാണ്. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാരംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പദ്ധതികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറക്കപ്പെടുകയോ വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതു മൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുര

ക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ മൗലിക സമീപനം എന്നതാണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയിക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനു ശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷ വർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരളത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്നതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധിപ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള കടമ സംസ്ഥാന സർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാ

ക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്ര കണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭവിച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസംഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്രമല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴിലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജതരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി (Letter of the Holy Father Francis to the participants in the International Conference...of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാളികൾക്കു വേണമെന്നു ലിയോ പതിമൂന്നാമൻ പാപ്പായുടെ കാലഘട്ടം മുതൽ തിരുസ്സഭ നിർബന്ധിച്ചുവരുന്നുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാണ്. കോർപ്പറേറ്റു



ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെ.സി.ബി.സിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെ.എൽ.എം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽ.എം. യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്നു താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ്  അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം
**കൊച്ചി – 682 025**

---

NB: 2018 ഏപ്രിൽ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കച്ചേരി
## വാർത്തകൾ

### ഓർമിക്കേണ്ട ദിവസങ്ങൾ

മെയ് 2018

| | | |
|---|---|---|
| 1 | : | തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് |
| 2 | : | വി. അത്തനേഷ്യസ് |
| 3 | : | വി. പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ |
| 4 | : | ആദ്യവെള്ളി |
| 5 | : | വി. ഡൊമിനിക് സാവിയോ |
| 6 | : | **ഉയിർപ്പ് ആറാം ഞായർ (പുതുഞായർ)** |
| 10 | : | ന. കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 13 | : | **ഉയിർപ്പ് ഏഴാം ഞായർ** |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| 20 | : | **ശ്ലീഹാ ഒന്നാം ഞായർ**<br>പന്തക്കുസ്താതിരുനാൾ |
| 25 | : | സ്വർണ്ണവെള്ളി |
| 27 | : | **ശ്ലീഹാ രണ്ടാം ഞായർ**<br>പരി. ത്രിത്വത്തിന്റെ തിരുനാൾ<br>ഇന്നു മുതൽ ത്രികാലജപം കർത്താവിന്റെ മാലാഖ |
| 31 | : | പരി. കുർബാനയുടെ തിരുനാൾ<br>പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

**2. മെയ് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| മെയ് | 04 | : 07:30 pm സാമ്പത്തിക സമിതിയോഗം |
| | 09 | : മേജർ സെമിനാരിക്കാരുടെ കോൺഫ്രൻസ് |
| | 10 | : സെമിനാരിയൻസ് ഡേ |
| | 11 | : 10:30 am അതിരൂപത ആലോചനസമിതിയോഗം |
| | 12 | : 02:00 pm വൈദികവസ്ത്രസ്വീകരണം |
| | 15–18 | : അതിരൂപതാ അസംബ്ലി |



19 : 10:00 am അതിരൂപതാദിനം (പറപ്പൂർ)
20 : 02:00 pm ഏയ്ഞ്ചലോസ് 2018

**3. ശ്ലീഹാകാലം:**

പന്തക്കുസ്താത്തിരുന്നാൾ തുടങ്ങിയുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേകമായി പ്രാധാന്യം നൽകുന്ന കാലമാണിത്. രക്ഷാചരിത്രവുമായി അഭേദ്യബന്ധം പുലർത്തുന്ന ഒരു തിരുനാളാണ് പന്തക്കുസ്ത. ഇസ്രായേൽജനം വിളവെടുപ്പിനോടു ബന്ധപ്പെടുത്തി പന്തക്കുസ്താത്തിരുനാൾ ആഘോഷിച്ചിരുന്നതായി നാം പഴയ നിയമത്തിൽ വായിക്കുന്നുണ്ട്. 'പന്തക്കുസ്ത' എന്ന പദത്തിന്റെ അർത്ഥം 50 എന്നാണ് – അമ്പതാം ദിവസത്തെ തിരുനാൾ. വിളവെടുപ്പിനോടനുബന്ധിച്ചുള്ള ആദ്യഫലസമർപ്പണത്തിന്റെ തിരുനാളായിരുന്നു അത്. പിന്നാടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടിപ്രകാരമുള്ള ദൈവജനമായി തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയനിയമത്തിൽ ഈ തിരുനാളിനു 'പുതിയ' അർത്ഥം നൽകപ്പെട്ടു. ഉയിർപ്പിനുശേഷമുള്ള അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. അന്നു പിതാവായ ദൈവം, ദൈവസ്നേഹം വ്യക്തിത്വം ധരിച്ച പരിശുദ്ധാത്മാവിൽ പുതിയ ഉടമ്പടിക്കു മുദ്ര വച്ചത്. ഈ ഉടമ്പടി കല്പലകകളിലല്ല, മനുഷ്യഹൃദയങ്ങളിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. പന്തക്കുസ്തായ്ക്കുശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. 'ശ്ലീഹാ' എന്ന പദത്തിന്റെ അർത്ഥംതന്നെ 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. മാമ്മോദീസായും തൈലാഭിഷേകവും സ്വീകരിച്ച എല്ലാവരും "അയയ്ക്കപ്പെട്ടവർ" ആണെന്ന വസ്തുത ഇക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ശ്ലീഹന്മാരും ദൈവജനവുമാകുന്ന സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം, ആദിമസഭയുടെ ചൈതന്യവും കൂട്ടായ്മയും, സഭയുടെ പ്രേഷിതസ്വഭാവവും ദൗത്യവും എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്തകൾ. തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവനും ചുറ്റിസഞ്ചരിച്ച് പുതിയ സഭാസമൂഹങ്ങൾക്കു രൂപംകൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കുചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെപിടിച്ചുകൊണ്ട്, അവിടുത്തെ നിരന്തരസഹായത്താൽ നമുക്കും ശ്ലീഹന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി.കുർബാന മദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

അതിരുപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 12ന് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരു പടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**6. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. അഗസ്റ്റിൻ മംഗലം, ഫാ.ഫ്രാൻസിസ് എടക്കളത്തൂർ, ഫാ. ആന്റണി പുതുശ്ശേരി (ഇരിങ്ങാലക്കുട) എന്നിവർക്കും, രജത ജൂബിലി ആഘോഷിക്കുന്ന മാർ ടോണി നീലങ്കാവിൽ, ഫാ. സെബാസ്റ്റ്യൻ വെട്ടത്ത്, ഫാ. പോൾ താണിക്കൽ, ഫാ. മാത്യു ചാക്കേരി, ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ, ഫാ. ഡേവിസ് ചിറയത്ത് (Jr), ഫാ. ജോൺസൻ ചാലിശ്ശേരി, ഫാ. ഫ്രാൻസിസ് മഞ്ഞളി, ഫാ. ഷാജു ഊക്കൻ എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**7. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 19ന് പറപ്പൂർ ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**8. വൈദികരുടെ നിയമനം :**

1. **ഫാ. ജോർജ്ജ് നിരപ്പുകാലായിൽ** – ഡയറക്ടർ നെസ്റ്റ് കൂടി; ബലിയർപ്പണം പടവരാട് എഫ്. സി. സി. മഠങ്ങൾ ഒഴിവായി; സാധുത 2018 മാർച്ച് 6 മുതൽ.
2. **ഫാ. റാഫേൽ താണിശ്ശേരി** – നടത്തുവികാരി പുത്തൻപീടിക & കപ്ലോൻ എഫ്. സി. സി.; ഡയറക്ടർ നെസ്റ്റ് ഒഴിവായി; സാധുത 2018 മാർച്ച് 6 മുതൽ.
3. **ഫാ. ഡേവിസ് കണ്ണമ്പുഴ** – ചികിത്സാവധി; സാധുത 2018 മാർച്ച് 6 മുതൽ.
4. **ഫാ. ജെയ്സൻ കൂനംപ്ലാക്കൽ** – പ്രോഗ്രാം ഡയറക്ടർ & സെക്രട്ടറി കം പ്രോജക്ട് ഓഫീസർ പറോക് ഒഴിവായി; സാധുത 2018 ഫെബ്രുവരി 7 മുതൽ.
5. **ഫാ. സജേഷ് പയ്യപ്പിള്ളി SDV** – നടത്തുവികാരി & കപ്ലോൻ കൂനംമൂച്ചി; സാധുത 2018 ഫെബ്രുവരി 10 മുതൽ.
6. **ഫാ. ഡിറ്റോ കൂള** – ബലിയർപ്പണം പടവരാട് എഫ്. സി. സി. മഠങ്ങൾ; സാധുത 2018 മാർച്ച് 13 മുതൽ.
7. **ഫാ. സിറിയക് ചാലിശ്ശേരി** – നടത്തുവികാരി ആറ്റുപുറം; സാധുത 2018 മാർച്ച് 17 മുതൽ.
8. **ഫാ. ജാക്സൺ കൂനംപ്ലാക്കൽ** – ചികിത്സാവധി; സാധുത 2018 മാർച്ച് 17 മുതൽ.
9. **ഫാ. സെബാസ്റ്റ്യൻ ചാലക്കൽ** – നടത്തുവികാരി എടക്കളത്തൂർ & കപ്ലോൻ എസ്. എൻ. ഡി. എസ്; സാധുത 2018 മാർച്ച് 24 മുതൽ.
10. **ഫാ. ജിബിൻ താഴേക്കാടൻ** – നടത്തുവികാരി എടക്കളത്തൂർ & കപ്ലോൻ എസ്. എൻ. ഡി. എസ് ഒഴിവായി; സാധുത 2018 മാർച്ച് 24 മുതൽ.
11. **ഫാ. സ്റ്റിഷിൻ കുണ്ടുകുളം** – ട്രഷറർ സെന്റ് തോമസ് എജുക്കേഷണൽ ട്രസ്റ്റ് കൂടി; സാധുത 2018 ഏപ്രിൽ 5 മുതൽ.
12. **ഫാ. ജോൺസൻ കുണ്ടുകുളം** – ഇൻ ചാർജ്ജ് വാടാനപ്പിള്ളി കൂടി; സാധുത 2018 മാർച്ച് 24 മുതൽ.
13. **ഡീ. ജിജോ കോട്ടക്കാവിൽ** – ഡീക്കൻ മിനിസ്ട്രി അമലനഗർ; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
14. **ഡീ. ഡിക്സൻ കൊളമ്പ്രത്ത്** – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
15. **ഡീ. ഷിനു കൊഴുപ്പാത്തടത്തിൽ** – ഡീക്കൻ മിനിസ്ട്രി അത്താണി; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
16. **ഡീ. സജിൽ കണ്ണനായ്ക്കൽ** – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത

2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

17. **ഡീ. ആന്റോ രായപ്പൻ** –ഡീക്കൻ മിനിസ്ട്രി ചെവ്വൂർ; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

18. **ഡീ. അരുൺ പടിഞ്ഞാറേണിശ്ശേരിൽ** – ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

19. **ഡീ. ലിയോ പുത്തൂർ** – ഡീക്കൻ മിനിസ്ട്രി നെല്ലിക്കുന്ന്; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

20. **ഡീ. കനേഡിയൻ തണ്ടാശ്ശേരി** – ഡീക്കൻ മിനിസ്ട്രി പടവരാട്; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

21. **ഡീ. ഗ്രിജോ മുരിങ്ങാത്തേരി** – ഡീക്കൻ മിനിസ്ട്രി പാലക്കൽ; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

22. **ഡീ. അൻവിൻ താണിക്കൽ** – ഡീക്കൻ മിനിസ്ട്രി പീച്ചി; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

23. **ഡീ. നോബിൾ പെട്ടയിൽ** – ഡീക്കൻ മിനിസ്ട്രി വേലൂർ; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

24. **ഡീ. ഡിനു മാടമ്പി** – ഡീക്കൻ മിനിസ്ട്രി പാവറട്ടി; സാധുത 2018 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

**9. പ്രത്യേക നിയമനം :**

എക്സിക്യൂട്ടീവ് ബോഡി പറോക്

1. ഫാ. സി. എം. ജോസഫ് SDB
2. ഫാ. ബിൽജു വാഴപ്പിള്ളി
3. ഡോ. മേരി റെജീന
4. ഡോ. പീറ്റർ എം. രാജ്.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# അവിണിശ്ശേരി ഇടവക
# സ്ഥാപനഡിക്രി

**കൽപ്പന നമ്പർ : 590/2018 (DL 2/2018),**
**തിയതി 16-03-2018**

ഒല്ലൂർ ഇടവക പെ. ബഹു. വികാരിയച്ചനും അവിണിശ്ശേരി പ്രീസ്റ്റ്-ഇൻ-ചാർജ്ജിനും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം

സൂചന:

1. അവിണിശ്ശേരി മേഖലയെ ക്വാസി ഇടവകയായി പ്രഖ്യാപിക്കുന്നതിനുള്ള അവിണിശ്ശേരി മേഖല കുരിശുപള്ളിയുടെ 18-09-2016ലെ യോഗതീരുമാനപ്രകാരം ബഹു. പ്രീസ്റ്റ് ഇൻ ചാർജ്ജിന്റെ അപേക്ഷ.
2. അവിണിശ്ശേരി മേഖലയെ ക്വാസി ഇടവകയായി പ്രഖ്യാപിക്കുന്നതിനുള്ള അതിരൂപത ആലോചനസമിതിയുടെ 23.09.2016ലെ തീരുമാനപ്രകാരമുള്ള ശിപാർശ (67/2016).
3. അവിണിശ്ശേരി മേഖലയെ ക്വാസി ഇടവകയായി പ്രഖ്യാപിക്കുന്നതിനുള്ള 13-12-2016 ലെ അതിരൂപത വൈദികസമിതിയുടെ (പ്രെസ്ബിറ്ററൽ കൗൺസിൽ) തീരുമാനപ്രകാരമുള്ള ശിപാർശ.
4. അവിണിശ്ശേരി മേഖലയെ ഇടവകയായി പ്രഖ്യാപിക്കുന്നതിനുള്ള അവിണിശ്ശേരി മേഖല കുരിശുപള്ളിയുടെ 22-10-2017ലെയും 26-11-2017ലെയും യോഗ തീരുമാനപ്രകാരമുള്ള 28.07.2017 ലെ അപേക്ഷ.
5. അതിരൂപതാ അതിർത്തി നിർണ്ണയ സമിതിയുടെ 20.01.2018 ലെ റിപ്പോർട്ട്
6. അവിണിശ്ശേരി ഇടവകരൂപീകരണം സംബന്ധിച്ച് 18.03.2018 ലെ പരസ്യപ്പെടുത്തൽ
7. നിർദ്ദിഷ്ട അവിണിശ്ശേരി ഇടവകയുടെ അയൽ ഇടവക വികാരിമാരുമായുള്ള 26.02.2018ലെ മീറ്റിംഗിലെ തീരുമാനങ്ങൾ.

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ ഒല്ലൂർ ഇടവകയുടെ ഭാഗമായിരുന്ന **അവിണിശ്ശേരി സെന്റ് ജോസഫ്സ് പള്ളി**യെ കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ 2018 മാർച്ച് മാസം 19-ാം തിയതി മുതൽ ഒരു ഇടവകയായും അവിണിശ്ശേരി സെന്റ് ജോസഫ്സ് പള്ളിയെ ടി ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.

## അവിണിശ്ശേരി സെന്റ് ജോസഫ്സ് ഇടവക അതിർത്തികൾ

**കിഴക്ക്**

സെന്റ് തോമസ് ഓട്ടുകമ്പനിയുടെ വടക്ക് കിഴക്കെ അതിർത്തിയിൽ നിന്ന് തെക്കോട്ട് റെയിൽവേ സ്റ്റേഷൻ റോഡിന്റെ പടിഞ്ഞാറ് ഭാഗം മാത്രം ഉൾപ്പെടുത്തി ഒല്ലൂർ മെയിൻ റെയിൽവേ ഗേറ്റ് വരെയും അവിടെ നിന്ന് പടിഞ്ഞാറോട്ട് ഏഴു കമ്പനി ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുഭാഗങ്ങളും ഉൾപ്പെടാതെ, ഏഴു കമ്പനി ജംഗ്ഷനിൽ നിന്ന് തെക്കോട്ട് വഴിയിൽ പടിഞ്ഞാറ് ഭാഗം മാത്രം ഉൾപ്പെടുത്തി ഏഴു കമ്പനി കഴിഞ്ഞ് അടുത്ത് ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞ് റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി തെക്കോട്ട് തിരിഞ്ഞ് ഭാരത് തേനീച്ച വളർത്തുകേന്ദ്രം വഴി കൈലാത്തുവളപ്പിൽ ക്ഷേത്രം കഴിഞ്ഞ് പടിഞ്ഞാറോട്ട് തിരിഞ്ഞ് കൂട്ടമ്പലം പാലം വരെ, അവിണിശ്ശേരി സെന്റ് ജോസഫ്സ് ഇടവകയുടെ അതിർത്തികൾ.

**തെക്ക്**

കൂട്ടമ്പലം പാലത്തിൽ നിന്ന് പടിഞ്ഞാറോട്ടുള്ള കനാൽ വഴിയിൽ റോഡിന്റെ ഇരുഭാഗങ്ങളും ഉൾപ്പെടുത്തി വള്ളിശ്ശേരി-ശിവജിനഗർ റോഡിൽ അവിണിശ്ശേരി മോസസ് യൂണിറ്റിന്റെ അവസാനപോയിന്റിൽ നിന്ന് വടക്കോട്ട് തിരിഞ്ഞ് ആദ്യത്തെ പാലത്തിനോട് ചേർന്ന് തോട് അതിർത്തിയായി റീസർവ്വേ നമ്പർ 541/6ൽ ഉൾപ്പെടുന്ന പാടത്തിലൂടെ പടിഞ്ഞാറ് ദിശയിൽ തൃത്താമശ്ശേരി ശിവക്ഷേത്രത്തിന്റെ തെക്കുഭാഗ ത്തുകൂടി പഞ്ചായത്ത് ഓഫീസ് റോഡിലൂടെ ആനക്കല്ല്-പെരിഞ്ചേരി റോഡിൽ സെന്റ് ജോസഫ്സ് സ്കൂൾ ഗേറ്റ് പോയിന്റിലെത്തി തുടർന്ന് ആനക്കല്ല് സെന്റർ വരെയുള്ള റോഡിന്റെ ഇരുവശവും ഒഴിവാക്കി സെന്ററിലെത്തുന്നു. തുടർന്ന് ആനക്കല്ല്-പാലക്കൽ വഴിയിൽ അമ്പാടി നഗർ റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി അവിണിശ്ശേരി ദേശം അവ സാനിക്കുന്ന പോയിന്റിലെത്തി തുടർന്ന് എരപ്പൻ തോട് അതിർത്തിയി ലൂടെ പാലിശ്ശേരി ഹെൽത്ത് സെന്റർ മുട്ടുന്ന പാടത്തിന്റെ റീസർവ്വേ നമ്പർ 427/4, 6 ന്റെ അതിർത്തി പോയിന്റിൽ നിന്ന് കൃഷി ഭവൻ റോഡിന്റെ തെക്കു കിഴക്കേ റോഡ് അവസാനിക്കുന്ന പോയിന്റ് വരെ.

**പടിഞ്ഞാറ്**

കൃഷിഭവൻ റോഡിന്റെ തെക്കു കിഴക്കേ റോഡ് അവസാനിക്കുന്നതു മുതൽ വടക്കോട്ട് കൃഷിഭവൻ-മൃഗാശുപത്രി റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി ആനക്കല്ല്-പാലക്കൽ റോഡിൽ എത്തിച്ചേർന്ന് കിഴക്കോട്ട് ദിശയിൽ റോഡിന്റെ തെക്കുഭാഗം മാത്രം ഉൾപ്പെടുത്തി ഗുരുജി റോഡി ലൂടെ വടക്കോട്ട് തിരിഞ്ഞ് റോഡിന്റെ കിഴക്കു ഭാഗം മാത്രം ഉൾപ്പെ ടുത്തി പാലക്കൽ ഇടവകയുടെ സെന്റ് റാഫേൽ കുടുംബകൂട്ടായ്മയുടെ

കിഴക്കുഭാഗം മാത്രം ഉൾപ്പെടുത്തി ഗുരുജി റോഡിലൂടെ വടക്കോട്ട് തിരിഞ്ഞ് റോഡിന്റെ കിഴക്കുഭാഗം ഉൾപ്പെടുത്തി പാലക്കൽ ഇടവക യുടെ സെന്റ് റാഫേൽ കുടുംബകൂട്ടായ്മയുടെ കിഴക്കുഭാഗം അതിർത്തി യായി കിടക്കുന്ന പാടം റീസർവ്വേ നമ്പർ 290/4,5; 274/10; 34/6,7; 35/2; 36/1,2 (കമ്പനി കോമ്പൗണ്ട് ഉൾപ്പെടാതെ) തെക്കുഭാഗം പാടം വരെ.

**വടക്ക്**

പടിക്കല സിറാമിക്സിന്റെ തെക്കുഭാഗം പാടം മുതൽ റീസർവ്വേ നമ്പർ 39/7, 37/7 എന്നിവയിലൂടെ നാങ്കുളം ക്ഷേത്രകുളത്തിലേക്ക് കിഴക്ക് ഭാഗത്തു നിന്ന് ഒഴുകി വരുന്ന തോടിന്റെ അതിർത്തിയിലൂടെ കിഴക്കോട്ട് പോയി വീണ്ടും വടക്കോട്ട് പോയി കല്ലൂർ മനയുടെ തെക്കേ അതിർത്തിയിലൂടെ റീസർവ്വേ നമ്പർ 117/1 ലൂടെ കിഴക്കോട്ട് നീങ്ങി വീണ്ടും വടക്കോട്ട് മണ്ണാരക്കുളത്തിന്റെ പടിഞ്ഞാറേ അതിർത്തിയിലൂടെ റീസർവ്വേ 141/15 ലൂടെ കിഴക്കോട്ട് തിരിഞ്ഞ് എം. എ. റപ്പായി വക പറ മ്പിന്റെ വടക്കേ അതിർത്തിയിലൂടെ പൂത്തേരി ബാലന്റെ മരക്കമ്പനി പറമ്പിന്റെ വടക്കേ അതിർത്തിയിലൂടെ ആനക്കല്ല്-അടിപ്പാത റോഡി ലെത്തി അവിടെ നിന്ന് കിഴക്കോട്ട് പാമ്പുങ്കാടൻ വഴിയിലൂടെ വഴിയുടെ ഇരുവശവും ഒഴിവാക്കി കിഴക്കോട്ട് പോയി സെന്റ് തോമസ് ടൈൽ ഫാക്ടറിയുടെ വടക്ക്-കിഴക്കേ മൂല വരെ

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോ ലിക്കർ അതിനാൽതന്നെ അവിണിശ്ശേരി സെന്റ് ജോസഫ്സ് ഇടവക യുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവക യുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായി ത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇട വകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഇടവകാതിർത്തി കാണി ക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്കു നല്കേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ ങ്ങൾ കല്പനയായി നല്കുന്നു. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരു ദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 മാർച്ച് 19-ാം തീയതി മുതൽ നിയമസാധുത ഉണ്ടണ്ടായിരിക്കുകയില്ല. ആദിമക്രൈ സ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2-4) കത്തോലിക്കാസഭാനി യമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസ ഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രസ്തു

വിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വനം ചെയ്യുന്നു.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2018 മാർച്ച് മാസം 16–ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

*കോപ്പി:*
ബഹു. പെരിഞ്ചേരി ഇടവക വികാരി
ബഹു. പാലക്കൽ ഇടവക വികാരി
ബഹു. തൈക്കാട്ടുശ്ശേരി ഇടവക വികാരി
ബഹു. ഒല്ലൂർ മേരിമാത ഇടവക വികാരി

Prot. No : 882/2018/S/ABP 16/Mar/2018

**കൽപ്പന നമ്പർ : 590/2018 (DL 2/2018), തിയതി 16-03-2018**

ഒല്ലൂർ ഇടവക പെ. ബഹു. വികാരിയച്ചനും അവിണിശ്ശേരി പ്രീസ്റ്റ്–ഇൻ–ചാർജ്ജിനും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം

അവിണിശ്ശേരി ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾകൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. അവിണിശ്ശേരി സെന്റ് ജോസഫ്സ് ഇടവക ഒല്ലൂർ ഫൊറോനയുടെ ഭാഗമായിരിക്കും.
2. അവിണിശ്ശേരി സെന്റ് ജോസഫ്സ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുവരെ, അവിണിശ്ശേരി ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകയായ ഒല്ലൂർ ഇടവകയുടെ സെമിത്തേരി ഉപയോഗിക്കാൻ അവിണിശ്ശേരി ഇടവകാംഗങ്ങൾക്കും ഒല്ലൂർ ഇടവകക്കാരെപ്പോലെ തുല്യ അവകാശം ഉണ്ടായിരിക്കും. അവിണിശ്ശേരി ഇടവകാംഗങ്ങളുടെ മൃതസംസ്കാരം ഒല്ലൂർ പള്ളി സെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം അവിണിശ്ശേരി പള്ളിയിലോ ഒല്ലൂർ പള്ളിയിലോ നടത്താവുന്നതാണ്

(അവിണിശ്ശേരി ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം)

3. അവിണിശ്ശേരി ഇടവക തിരിയുമ്പോൾ മാതൃ ഇടവകയായ ഒല്ലൂർ ഇടവകയിൽ നിന്നും നൽകേണ്ട വിഹിതത്തെ സംബന്ധിച്ച് രണ്ടു മാസത്തിനുള്ളിൽ ബഹു. ഒല്ലൂർ വികാരിയും അവിണിശ്ശേരി വികാരിയും ടി. ഇടവകകളിലെ കൈക്കാരന്മാരും അതിരൂപതകാര്യാലയത്തിൽ യോഗം ചേർന്ന് തീരുമാനമെടുക്കേണ്ടതാണ്.
4. ഒല്ലൂർ ഇടവകയ്ക്ക് അളഗപ്പനഗർ ത്യാഗരാജാർ പോളിടെക്നിക്ക്, ഒല്ലൂർ ഹോളി ഏയ്ഞ്ചൽസ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ നിയമനം, പ്രവേശനം എന്നിവയ്ക്കുള്ള അവകാശങ്ങളിൽ അടുത്ത 25 വർഷത്തേക്ക് അവിണിശ്ശേരി സെന്റ് ജോസഫ്സ് ഇടവകക്കാർക്കും ഒല്ലൂർ ഇടവകക്കാരെപ്പോലെ തുല്യ പരിഗണന നൽകേണ്ടതാണ്.
5. അവിണിശ്ശേരി സ്കൂൾ അതിരൂപതയുടെ കീഴിലുള്ളതാകയാൽ അവിണിശ്ശേരിക്കോ പെരിഞ്ചേരിക്കോ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
6. തെക്കേക്കര ബഹു. ഡേവിസ് അച്ചനെ 2018 മാർച്ച് 19 മുതൽ അവിണിശ്ശേരി ഇടവകയുടെ വികാരിയായി നിയമിക്കുന്നു.
7. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 മാർച്ച് 19–ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2018 മാർച്ച് മാസം 16–ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

കോപ്പി: പെ. ബഹു. ഒല്ലൂർ ഫൊറോന വികാരി

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മെയ് മാസത്തെ പരിപാടികൾ

# MAY 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | Morning | KLM May Day Holy Mass at Nadathara |
| | | Afternoon | Blessing of 5 Karunya Bhavanam at Kuriachira |
| | | Evening | Bangalore-CBCI |
| 02 | | | CBCI, Standing Commitee at Banglore |
| 05 | Sat | Morning | **For the People** |
| | | Afternoon | SND Jubilee Holy Mass at Mulayam |
| 06 | Sun | | Pastoral Visit at Ponnukkara |
| 07 | Mon | Morning | Jubilee Holy Mass at Santhibhavan, Thottathil Lane |
| 08 | Tue | Morning | Mar A Medilicott Memorial Holy Mass at Lourdes Cathedral |
| | | | Curia Meeting |
| | | | **For Priests and Religious** |
| | | Evening | Engaged |
| 09 | Wed | Morning | Jubilee Holy Mass at CHF convent, Chembookavu |
| 10 | Thu | | Major Seminarian's Day at Minor Seminary |
| 11 | Fri | Morning | Curia Meeting |
| | | | Consulters' Meeting |
| 12 | Sat | Afternoon | Vestition of Diocesan Seminarians |
| | | Evening | Jubilee Holy Mass at Thrikoor |
| 13 | Sun | Afternoon | Catholic Congress Grant Conference at Thrissur |
| | | Evening | Youth Meet at Peramangalam |
| 14 | Mon | Morning | Programme at Mannuthy |

| | | | |
|---|---|---|---|
| | | Afternoon | Final Profession of OSF Sisters at Lourdpuram |
| | | Evening | Jubilee Mission Hospital Trust meeting |
| 15 | Tue | Morning | Curia Meeting |
| | | AfterNoon | 3rd Archdiocesan Assembly inauguration at Marymatha Major Seminary |
| 15-18 | | | 3rd Archdiocesan Assembly |
| 19 | Sat | Morning | Archdiocesan Day Celebrations at Prappur |
| | | Evening | Engaged |
| 20 | Sun | Morning | EXCEL Academy PSC inauguration |
| | | Noon | Programme at ABBA Retreat Centre |
| | | Afternoon | Angelos at Kuriachira |
| | | Evening | Parish Day Celebration at Kottapadi |
| 21 | Mon | | Engaged |
| 22 | Tue | Morning | Curia Meeting |
| | | | **For Priests and Religious** |
| | | Evening | Blessing of 6 Karunya Bhavanam (Swanthanam) at Mattom |
| 23 | Wed | | Inter Curia Meeting, Thrissur |
| 24 | Thu | Morning | **For the People** |
| 25 | Fri | Morning | Curia Meeting |
| | | | Holy Mass at Alagappanagar |
| | | Evening | Staff meeting at Marymatha Major Seminary at Mulayam |
| 26 | Sat | Morning | Holy Mass at Gagultha Retreat Centre, Kurumal |
| | | Afternoon | Big Families Meet at Lourdes Cathedral |
| | | Evening | School Blessing at Aloor |
| 27 | Sun | | Pastoral Visit at Veendassery |
| 29 | Tue | Morning | Curia Meeting |
| 30 | Wed | Morning | Blessing 6 KarunyaBhavanm at Kozhinjapara |
| 31 | Thu | Evening | Hall Blessing at Kozhukkully |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മെയ് മാസത്തെ പരിപാടികൾ

# MAY 2018

| Date | Day | Time | Description |
|---|---|---|---|
| 1-8 | | | Leuven |
| 9 | Wed | Evening | Mass at Clelia Convent |
| 10 | Thu | Morning | For the People |
| | | Afternoon | Minor Seminary- Agape and all seminarians' meeting with Formators |
| | | Evening | Chettupuzha- Holy Mass |
| 11 | Fri | Morning | Minor Seminary- Holy Mass, Major Seminary Conference, *Athiroopatha Alochanasamithiyogam* |
| | | Afternoon | SDV Mulayam-Vestition & First Profession, Parappukkara- Parishday |
| 12 | Sat | Morning | Venginissery- Presbytery Blessing, Thoykkavu- Holy Mass |
| | | Afternoon | Vaideekavasthrasweekarannam |
| | | Evening | Old students association St. Thomas College, Trichur |
| 13 | Sun | Morning | Thrikkur, Holy Mass, Kombazha, First Holy Communion |
| | | Afternoon | AKCC, *Sathabdiaghosham* |
| | | Evening | Marathakara- St . Vincent de Paul Jubilee |
| 14 | Mon | Morning | Mannuthy- CHF Generalate Final Profession |
| | | Afternoon | Mannuthy, St . Elizabeth Srs . First Profession |
| | | Evening | Jubilee Mission Hospital Trust Meeting |
| 15-18 | | | *Athiroopatha Assembly* |
| 19 | Sat | Morning | Pazhuvil, 5th Child's Baptism |

| | | | |
|---|---|---|---|
| | | Afternoon | Archdiocesan Day |
| | | Evening | Edakalathur, Nirmalasadan |
| 20 | Sun | Morning | MMB, Mariyapuram- Generalate Jubilee Holy Mass *Sthapakadinam*, Kolangattukkara, Neelankavil Association |
| | | Afternoon | First Holy Communion Gathering, Kuriachira |
| | | Evening | Chittilapilly- Parishday, Puthussery- Golden Jubilee Meeting |
| 21-23 | | | PAROC Course |
| 24 | Thu | Morning | Vettukkad- Convent Blessing |
| | | Afternoon | Manakody- Vimala Matha Convent Renovated Chapel Blessing |
| | | Evening | Engaged |
| 25 | Fri | Morning | Gagultha- Convention Holy Mass and Message |
| 26 | Sat | Morning | Engaged |
| | | Evening | *Sahithya* Academy- Music Album Release |
| 27 | Sun | Morning | Vadanapilly- Holy Mass, Varakkara St . Antony's- Silver Jubilee Inaugural Mass |
| | | Afternoon | Manakody- Savio Home |
| | | Evening | St. Thomas College Science block- Daivasabdam, Ezharakoottam- St Thomas College, Papa nagar, Varadiyam - Anual Day Inauguration |
| 28 | Mon | Morning | For Priests |
| 29 | Tue | Morning | Engaged |
| 30-31 | | | Tharassery- Sanathana Seminary |



# നാളാഗമം

## മാർച്ച് 2018

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പൂമല ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഫൊറോനവികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയിൽ സോളാർ പ്ലാന്റ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ സെമിനാരിയിൽ വി.ബലിയർപ്പിച്ചു. ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാലയൂർ സ്കൂൾ ആനിവേഴ്സറി ഉദ്ഘാടനം ചെയ്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് വിമല കോളേജ് ഡേ ആഘോഷങ്ങളിൽ അനുഗ്രഹ പ്രഭാഷണം നൽകി. ശേഷം അതിരൂപത സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു. രാത്രി തൃശ്ശൂർ ബസിലിക്കയിൽ നിന്ന് പാലയൂർ ജാഗരണപദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് വാടാനപ്പിള്ളി സ്കൂൾ ആനിവേഴ്സറി ഉദ്ഘാടനം ചെയ്തു.
3. അഭിവന്ദ്യപിതാക്കന്മാർ അതിരൂപത പ്രീ അസംബ്ലിയിൽ പങ്കെടുത്തു.

4. അഭിവന്ദ്യ താഴത്ത് പിതാവ് മാട ക്കത്ര ഇടവകയിൽ ഇടയസ ന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാവറട്ടിയിൽ നവദമ്പതി കളുടെ കൂട്ടായ്മയിൽ പങ്കെ ടുത്തു മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് ഫാമിലി അപ്പോസ്തലേറ്റിൽ നവദമ്പതി കളുടെ കൂട്ടായ്മയിൽ പങ്കെ ടുത്തു. ഉച്ചക്കഴിഞ്ഞ് ലൂർദ്ദ് കുടുംബകൂട്ടായ്മ മേഖല കൺവെൻഷൻ നയിച്ചു. ബസി ലിക്ക കുടുംബകൂട്ടായ്മ മേഖല കൺവെൻഷന് നേതൃത്വം നല്കി.ഡി.ബി.സി.എൽ.സി. യിൽ കാത്തലിക് കോൺഗ്രസ്സ് സ്റ്റേറ്റ് കമ്മിറ്റിയിൽ പങ്കെ ടുത്തു. വൈകിട്ട് കൊഴുക്കുള്ളി പള്ളി ശിലാസ്ഥാപനം നിർവ്വ ഹിച്ചു.
5. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആബാ റിട്രീറ്റ് സെന്റ റിൽ വി.ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജ് ഗവേണിംഗ് ബോഡി കൂടി. വൈകിട്ട് ചെങ്ങാല്ലൂർ കൺവെൻഷൻ ആരംഭത്തിൽ വി. ബലിയർപ്പിച്ചു പ്രസംഗിച്ചു.
6. അഭിവന്ദ്യപിതാക്കന്മാർ ഉച്ചക ഴിഞ്ഞ് വൈദികസമിതി യോഗ ത്തിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ നടന്ന കൃപാഭിഷേക കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോക്ക മംഗലത്ത് മോൺ. മാത്യു മങ്കുഴി ക്കരി ആദ്ധ്യാത്മിക സംഗമം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ചേലക്കര വൈദിക യോഗ ത്തിൽ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ച കഴിഞ്ഞ് സംഘടനാ ഡയറ ക്ടർമാരുടെ യോഗത്തിൽ പങ്കെ ടുത്തു. വൈകിട്ട് ചെങ്ങാലൂർ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ സെമിനാരിയിൽ വി. ബലിയർ പ്പിച്ചു. സെമിനാരിയിൽ പരീക്ഷ നടത്തി. ഫാമിലി അപ്പോസ്ത ലേറ്റിൽ വനിതാദിനം ഉദ്ഘാ ടനം ചെയ്തു. ഉച്ചകഴിഞ്ഞ് സംഘടന ഡയറക്റ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഡി.ബി. സി.എൽ.സി. യിൽ എക്സൽ അക്കാദമി സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എൽത്തുരുത്ത് ഇടവ കയിൽ നടന്ന 40 മണിക്കൂർ ആരാധനക്ക് തുടക്കം കുറിച്ചു. വൈകിട്ട് മഞ്ഞുമ്മൽ കൺ വെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്ക ക്ലാസിൽ പങ്കെടുക്കു ന്നവർക്കുവേണ്ടി വി. ബലിയർ പ്പിച്ചു.
10. അഭിവന്ദ്യ പിതാക്കന്മാർ പാസ്റ്ററൽ കൗൺസിൽ യോഗ ത്തിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് കുരിയച്ചിറ

സെന്റ് ജോൺ എൽ.പി. സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ബോൺ നത്താലെ വിലയിരുത്തൽ യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു. ശേഷം പോപ്പ് പോൾ മേഴ്സി ഹോമിന്റെ 41–ാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറൂരിൽ വി. ബലിയർപ്പിച്ചു. കൊറ്റമത്ത് 40 മണിക്കൂർ ആരാധന സമാപനം കാർമ്മികത്വം വഹിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് തിരൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാത്രമംഗലത്ത് വി. ബലിയർപ്പിച്ചു. എൽത്തുരുത്ത് 40 മണിക്കൂർ ആരാധന സമാപനം കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കുരിയച്ചിറ സ്ലം സർവ്വീസ് ഉദ്ഘാടനം നടത്തി. വൈകിട്ട് പട്ടിക്കാട് നോമ്പുകാല പദയാത്രാ സമാപനം. ലൂർദ്ദ് കൺവെൻഷൻ സമാപന സന്ദേശം നല്കി.

12. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ജൂബിലി മിഷൻ ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് ഫാമിലി അപ്പോസ്തലേറ്റിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് പാലയൂർ കൺവെൻഷനിൽ വി. ബലിയർപ്പിച്ചു സന്ദേശം നല്കി.

13. അഭിവന്ദ്യ താഴത്ത് പിതാവ് കത്തോലിക്കാസഭയുടെ കോർ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് സൂര്യ കൃഷ്ണമൂർത്തിയുടെ 'എന്റെ രക്ഷകൻ' എന്ന നാടകത്തിനായുള്ള പന്തൽ നാട്ടൽകർമ്മം നിർവഹിച്ചു. വൈകിട്ട് പാലയൂർ കൺവെൻഷനിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അതിരൂപത അസംബ്ലി കോർകമ്മിറ്റി ഗ്രൂപ്പ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മേരിമാതാ സെമിനാരിയിൽ പറോക്ക് പ്രസ്സ് മീറ്റിൽ പങ്കെടുത്തു. വൈകിട്ട് പൂത്തോൾ സെന്റ് ആന്റണീസ് ചാപ്പലിൽ നൊവേനയും പ്രദക്ഷിണവും കാർമ്മികത്വം വഹിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥിരം സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർകോർപ്പറേഷനു മുന്നിൽ മദ്യവിരുദ്ധ ജനകീയ മുന്നേറ്റം ഉദ്ഘാടനം ചെയ്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. കാക്കനാട് എൽ.ആർ.സി.യിൽ നടന്ന സെമിനാറിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഡി.ബി.സി.എൽ.സി. യിൽ നടന്ന കോർപ്പറേറ്റ്

എജ്യുക്കേഷൻ ഏജൻസിയുടെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. വൈകിട്ട് കല്ലൂർ പടിഞ്ഞാറ് ഇട വകയിൽ നടന്ന കൺവെൻഷ നിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കല്ലൂർ പടിഞ്ഞാറ് ഇട വകയിൽ യോഹന്നാൻ കരി പ്പേരി അച്ചന്റെ 56-ാം ശ്രാദ്ധ ത്തോടനുബന്ധിച്ച് വി.ബലിയർ പ്പിച്ചു. ഉച്ചയ്ക്ക് അതി രൂപത ടീച്ചേഴ്സ് അവാർഡ് ദിനത്തിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചങ്ങനാശ്ശേരിയിൽ അഖില കേരള ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ന്യൂനപക്ഷാവകാശ സംരക്ഷണ കൂട്ടായ്മയിൽ പങ്കെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. വൈകിട്ട് ലുലു കൺ വെൻഷൻ സെന്ററിൽ നടന്ന ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 15-ാം വാർഷികാ ഘോഷങ്ങളിൽ അധ്യക്ഷത ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ജൂബിലി മിഷൻ ആശുപത്രിയിൽ പാല യൂർ പദയാത്രയുടെ ഭാഗ മായുള്ള ബ്ളഡ് ഡൊണേഷൻ ക്യാംപ് ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജിൽ യൂണിവേഴ്സിറ്റി ആഘോഷ ങ്ങളിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് ജ്യോതി എഞ്ചിനീ റിംഗ് കോളേജ് ജൂബിലി ആഘോഷങ്ങളിൽ പങ്കെടു ത്തു. വൈകിട്ട് നെല്ലങ്കര ഊട്ടുതിരുനാളിനോടനുബ ന്ധിച്ച് വി.ബലിയർപ്പിച്ചു സന്ദേശം നല്കി.

18. അഭിവന്ദ്യ പിതാക്കന്മാർ പാലയൂർ പദയാത്രയിൽ പങ്കെ ടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പള്ളിക്കുന്ന് സെന്റ് ജോസഫ് നേച്ചർ ഹോമിന്റെ ആശീർവാദകർമ്മം നിർവഹി ച്ചു. ഉച്ചകഴിഞ്ഞ് ഹോം മിഷൻ ടീമിന്റെ മീറ്റിംഗിൽ പങ്കെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. തുടർന്ന് സാഹിത്യ അക്കാദമി യിൽ നടന്ന സർവ്വ മതമൈത്രി യോഗത്തിൽ പങ്കെടുത്തു. ശേഷം അവിണിശ്ശേരി ഇടവക പ്രഖ്യാപനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കുറ്റൂർ പള്ളിയിൽ വൈദിക മന്ദിരത്തിന്റെ ആശീർവാദ കർമ്മം നിർവഹിച്ചു. തിരുത്തി പ്പറമ്പ് ഊട്ടുതിരുനാളിനോടനു ബന്ധിച്ച് വി. ബലിയർപ്പിച്ചു സന്ദേശം നല്കി. ഉച്ചയ്ക്ക് മുണ്ടത്തിക്കോട് കോൺ വെന്റിൽ അർത്ഥിനികളെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് പോപ് പോൾ മേഴ്സി ഹോമിൽ കോൺവൊക്കേഷൻ ചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് പുല്ലഴി ഇടവകയിൽ വി.ബലിയർപ്പിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് സാഹിത്യ അക്കാദമിയിൽ ഫാ. അൽജോ കരേരക്കാട്ടിലിന്റെ നേതൃത്വത്തിൽ നടന്ന ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാക്ക

ന്മാർ വൈകിട്ട് അതിരൂപത സാമ്പത്തികസമിതിയോഗത്തിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് പേരാമംഗലം മരിയഭവനിൽ റിക്രീയേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജൂബിലി റിട്രീറ്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് മൈനർ സെമിനാരിയിൽ വച്ച് ചെറുപട്ടങ്ങൾ നൽകി. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് മൈനർ സെമിനാരിയിൽ മൈനർ ഓർഡഴ്സിനുശേഷം സെമിനാരിക്കാരെ സന്ദർശിച്ചു. സാഹിത്യ അക്കാദമിയിൽ ബഹു. അൽജോ കരേരക്കാട്ടിൽ അച്ചന്റെ ഫോട്ടോഗ്രഫി പ്രദർശനം സമാപന ചടങ്ങിൽ പങ്കെടുത്ത് അനുമോദിച്ചു.

23. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് നെല്ലിക്കുന്ന് ഡോൺ ബോസ്ക്കോ കോൺവെന്റിൽ ബഹു. സി. മേരി ലീനയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. വൈകിട്ട് വടക്കാഞ്ചേരിയിൽ അതിരൂപത കെ.സി.വൈ.എം.ന്റെ സെന്റ് ഫ്രാൻസിസ് മൗണ്ട് മലകയറ്റത്തിന് മുമ്പ് സന്ദേശം നല്കി.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പള്ളിക്കുന്ന് ഇടവകയിൽ അഞ്ചോമത്തെ കുഞ്ഞിന്റെ മാമ്മോദീസക്കു മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്ക് ആബ്ബാ ധ്യാനകേന്ദ്രത്തിൽ സന്ദേശം നൽകി. തുടർന്ന് ജൂബിലി റിട്രീറ്റ് സമാപനസന്ദേശം നൽകി. വൈകിട്ട് ചുവന്നമണ്ണിൽ വച്ച് ധർമ്മോദയം ചാരിറ്റബിൾ ട്രസ്റ്റിന്റെ നൂറാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഒല്ലൂരിൽ പുനർജ്ജീവൻ സംഘടനയുടെ പുതിയ ഹാൾ വെഞ്ചിരിച്ചു. ഉച്ചക്ക് ജൂബിലി മിഷൻ ആശുപത്രിയിൽ റിട്രീറ്റിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഓശാന ഞായർ തിരുകർമ്മങ്ങൾക്ക് ലൂർദ്ദ് കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ലോക സി.എൽ.സി. ദിന ആഘോഷങ്ങൾ നെല്ലിക്കുന്ന് ഇടവകയിൽ വച്ച് ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് മുണ്ടത്തിക്കോട് സ്നേഹാലയത്തിൽ നടന്ന കെ.സി.ബി.സി. പ്രോ–ലൈഫിന്റെ നേതൃത്വത്തിൽ നടന്ന മികച്ച പ്രോ–ലൈഫ് യൂണിറ്റിനുള്ള അവാർഡ് വിതരണം നടത്തി. വൈകിട്ട് ബഹു. സി. സമീന സി. എസ്. സി. യുടെ മൃതസംസ്കാരകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. ശേഷം സൂര്യകൃഷ്ണമൂർത്തിയുടെ 'എന്റെ

രക്ഷകൻ' എന്ന നാടകം തൃശ്ശൂർ ശക്തൻ നഗറിൽ ഉദ്ഘാടനം ചെയ്തു. വൈകിട്ട് മുള്ളൂർക്കര ബൈബിൾ കൺവെൻഷൻ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ബസിലിക്കയിൽ ഓശാന തിരുകർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു. മരിയാപുരത്ത് കാത്തലിക് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ ബ്ലഡ് ഡൊണേഷൻ ക്യാംപിൽ പങ്കെടുത്തു. കാഞ്ഞാണിയിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ചു സന്ദേശം നല്കി. വൈകിട്ട് കല്ലൂർ പടിഞ്ഞാറ് ഇടവകയിൽ ഗ്രോട്ടോ വെഞ്ചിരിച്ചു. കിഴക്കേകോട്ട സുറായി പള്ളിയിൽ സഭാ കൺവെൻഷനിൽ പ്രസംഗിച്ചു.

26. അഭിവന്ദ്യ പിതാക്കന്മാർ വൈദിക– സമർപ്പിത വിശുദ്ധീകരണ ദിനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് സാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ പുസ്തക പ്രകാശനത്തിൽ പങ്കെടുത്തു.
27. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു.
28. അഭിവന്ദ്യ താഴത്ത് പിതാവ് സി. ഫെർഡിനാൻഡ് സി. എം. സി. യുടെ മൃതസംസ്കാരത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാവറട്ടിയിൽ ബ്ലഡ് ഡൊണേഷൻ ക്യാംപ് ഉദ്ഘാടനം നിർവ്വഹിച്ചു.
29. അഭിവന്ദ്യ താഴത്ത് പിതാവ് പെസഹാതിരുകർമ്മങ്ങൾക്ക് രാവിലെ ലൂർദ്ദ് കത്തീഡ്രലിലും തുടർന്ന് ഗ്രേസ് ഹോമിലും വിയ്യൂർ സെൻട്രൽ ജയിലിലും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ബസിലിക്കയിൽ പെസഹാവ്യാഴ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
30. അഭിവന്ദ്യ താഴത്ത് പിതാവ് ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് തൃശ്ശൂർ ബസിലിക്കയിൽ മുഖ്യകാർമ്മകത്വം വഹിച്ചു. വൈകിട്ട് ബസിലിക്കയുടെ പരിഹാരപ്രദക്ഷിണത്തിനും നേതൃത്വം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ ദു:ഖവെള്ളി തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്കഴിഞ്ഞ് പീസ് ഹോമിൽ പീഢാനുഭവ സന്ദേശം നല്കി.
31. അഭിവന്ദ്യ താഴത്ത് പിതാവ് ദുഃഖശനി തിരുകർമ്മങ്ങൾക്ക് കണ്ടശ്ശാംകടവ് ഫൊറോനപള്ളിയിൽ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കുട്ടംകുളം പള്ളിയിൽ വി.ബലിയർപ്പിച്ചു. രാത്രിയിൽ ബസിലിക്കയിൽ ഈസ്റ്റർ തിരുകർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു.

# സാമ്പത്തിക കാര്യാലയം



**അതിരൂപത സഹായ ഫണ്ട്(31/03/2018)**

1. ഭവന നിർമ്മാണം – 3500 2. ചികിത്സ – 46700

3. വിവാഹ സഹായം – 58000

**ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ചികിത്സ – 15000 2. വിവാഹ സഹായം – 5000

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. നന്തിപുലം നോർത്ത് – 5000 2. വീണ്ടശ്ശേരി – 5000

3.തിരുവില്വാമല – 5000

**സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. അവണൂർ – 100000 2. പോട്ടോർ – 13310

3. തലോർ – 147088 4. കിഴക്കേ ആളൂർ – 100000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ – മെയ്

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 01 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 07 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. ലൂവീസ് ചാലക്കൽ | 13 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 15 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചെമ്മണ്ണൂർ | 27 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജേക്കബ് ചെറയത്ത് | 03 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സാവിയോ (ടിന്റോ) തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസെലിനിയോസ് | 12-05-1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09-05-1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07-05-1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10-05-1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07-05-1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20-05-1947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16-05-1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25-05-1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27-05-1958 |
| ഫാ. അക്കര ജോൺ | 09-05-1963 |
| ഫാ. അറക്കൽ ജേക്കബ് | 13-05-1965 |
| ഫാ. പാറനിലം ജോസഫ് | 29-05-1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19-05-1971 |
| ഫാ. താണിക്കൽ മാത്യു | 13-05-1972 |
| ഫാ. തെക്കിനിയത്ത് ആന്റണി (സീനിയർ) | 05-05-1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10-05-1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20-05-1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10-05-1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15-05-1989 |
| ഫാ. മഞ്ഞളി പോൾ (സീനിയർ) | 11-05-1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31-05-1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23-05-1999 |
| ഫാ. ആളൂർ ജെയിംസ് | 17-05-2009 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 13-05-2010 |
| ഫാ. പോൾ പുതുശ്ശേരി | 18-05-2011 |
| ഫാ. ആന്റോ കൂള | 13-05-2016 |




# റവ. ഫാ. ചാക്കോ എടയാൽ

**15.12.1945 – 14.04.2018**

തൃശ്ശൂർ അതിരൂപതയിലെ വൈദികനായ എടയാൽ ബഹു. ചാക്കോ അച്ചൻ 14.04.2018 ശനിയാഴ്ച്ച തന്റെ എഴുപത്തിരണ്ടാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തണ്ടിലം ഇടവക വികാരിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

വീണ്ടശ്ശേരി ഇടവകയിലെ എടയാൽ പരേതരായ ചാക്കോ + റോസ ദമ്പതികളുടെ മകനായി 1945 ഡിസംബർ 15ന് ജനിച്ചു. പരേത

രായ എടയാൽ ദമ്പതികളുടെ മകനായി 1945 ഡിസംബർ 15ന് പാലാ രൂപതയിലെ പ്ലാശ്ശനാലിൽ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1972 ഡിസംബർ 18-ന് പാലയൂരിൽ വച്ച് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ, തൂമ്പാക്കോട് - അരൂമൂഴി, കുറ്റിക്കാട് എന്നിവിടങ്ങളിൽ അസ്തേന്തിയായും, പീച്ചി, പൊങ്ങണംകാട്, പൂമല, കൂനംമൂച്ചി, പട്ടിക്കാട്, വെണ്ടോർ, എരനെല്ലൂർ, ഇയ്യാൽ, പാറന്നൂർ, കല്ലൂർ കിഴക്ക്, വേലൂർ, മുണ്ടത്തിക്കോട്, കുട്ടംകുളം, മുണ്ടൂർ, പോന്നോർ, പൊന്നൂക്കര, പുതുശ്ശേരി, വടൂക്കര എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കെ. സി. എസ്. എൽ., സി. എൽ. സി., കാത്തലിക് യൂണിയൻ, കെ. സി. വൈ. എം., കെ. എൽ. എം., ഇൻഫാം എന്നിവയുടെ നേതൃത്വവും വഹിച്ചിട്ടുണ്ട്. ഇപ്പോൾ തണ്ടിലം പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

മൃതദേഹം 15.04.2018 ഞായറാഴ്ച സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലെ വി. ബലിക്കും പ്രാർത്ഥനകൾക്കുശേഷം-വികാരിയായിരുന്ന തണ്ടിലം ഇടവകയിലേക്ക് കൊണ്ടുപോയി. അവിടെ വി. ബലിക്കുശേഷം മൃതദേഹം പൊതുദർശനത്തിനുവച്ചു. തുടർന്ന് വീണ്ടശ്ശേരിയിലുള്ള സ്വവസതിയിലേക്ക് ഉച്ചക്ക് കൊണ്ടുവന്നു. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം 16.4.2018 തിങ്കളാഴ്ച രാവിലെ 9 മണിക്ക് മാർ ജെക്കബ് തുങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. തുടർന്ന് മൃതദേഹം വീണ്ടശ്ശേരി ഇടവക ദൈവാലയത്തിലേക്ക് കൊണ്ടുപോകുകയും മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി നടത്തപ്പെടുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ അനുസ്മരണപ്രഭാഷണം നടത്തി. മൃതസംസ്കാരശുശ്രൂഷയുടെ തുടർന്നുള്ള ഭാഗങ്ങൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

ബഹു. അച്ചൻ സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾക്ക് നിത്യവിധിയാളനായ ഈശോ മഹത്വത്തിന്റെ കിരീടം പ്രതിസമ്മാനമായി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## തൃശ്ശൂർ അതിരൂപതയുടെ
## പ്രാർത്ഥനാഞ്ജലികൾ!!!



## സന്യസ്തർ

1.3.2018 എഫ്. സി. സി. രണ്ടാം വർഷ നോവീസസ് മാർച്ച് 1 മുതൽ വെള്ളറക്കാട് ഇടവകയിൽ ഒരു മാസത്തെ എക്സ്പോഷർ പ്രോഗ്രാമിനായി പോയി.

2.3.2018 എഫ്. സി. സി. ജനറൽതലത്തിൽ തിരൂർ സിയോനിൽ സംഘടിപ്പിച്ച ദിവ്യകാരുണ്യധ്യാനത്തിൽ ഇരിങ്ങാലക്കുട, പാലക്കാട്, തൃശൂർ പ്രോവിൻസുകളിൽ നിന്ന് സിസ്റ്റേഴ്സ് സംബന്ധിച്ചു.

04/3/18 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ലോക്കൽ സുപ്പീരിയേഴ്സിന് വേണ്ടി നടത്തിയ ഒരു ദിവസത്തെ കോൺഫ്രൻസിന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും കൗൺസിലേഴ്സും നേതൃത്വം നൽകി.

10/3/18 സി.എം.സി.അർണോസ് പാതിരിയുടെ ചരമശതാബ്ദിയോടനുബന്ധിച്ച് തൃശ്ശൂർ മെഡ്ലികോട്ട് ഹാളിൽ വച്ച് നടത്തിയ അനുസ്മരണയോഗത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ ആശംസകളർപ്പിച്ചു.

10.3.2018 എഫ്. സി. സി. 2018 മേയ് മാസത്തിൽ നിത്യവ്രതം ചെയ്യുന്ന ജൂനിയർ സിസ്റ്റേഴ്സിന് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഇന്റർവ്യൂ നടത്തി.

10/032018 സി.എച്ച്.എഫ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ദൈവവിളി ക്യാമ്പ് നടത്തി. 60കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ റവ.ഫാ.പോൾ മാളിയമ്മാവ് ക്ലാസെടുത്തു.

11/3/18 സി.എം.സി. പറപ്പൂർ ഇടവകയിൽ വിശുദ്ധീകരണദിനമായി ആചരിക്കുന്നതിനോടനുബന്ധിച്ച് നടത്തിയ ഒരു ദിവസത്തെ ഹോംമിഷൻ പ്രോഗ്രാമിൽ 40 സിസ്റ്റേഴ്സ് പങ്കെടുത്തു.

13.3.2018 എഫ്. സി. സി. സി. വിക്ടോറിയ, രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് B.Sc Imaging Technology യിൽ First Rank നേടി.

15/3/18 സി.എം.സി. തൃശ്ശൂർ കാർമ്മൽ ശാന്തിധാം ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു വർഷത്തെ കൗൺസ്ലിംഗ് കോഴ്സിന്റെ Convocation programme ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ അദ്ധ്യക്ഷം വഹിച്ചു.

17/3/18 സി.എം.സി. ലോക്കൽ സുപ്പീരിയേഴ്സ്, ഫിനാൻസ് ഓഫീസർ, ഫിനാൻസ് സെക്രട്ടറി ,ഹെഡ്മിസ്ട്രസ്, ബർസാർ എന്നിവർക്കായി Chartered Accountant Sri Paulson Thenjumpallil ഒരു ദിവസത്തെ സെമിനാർ തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി.

17.3.2018 എഫ്. സി. സി. മിസ്സോറം മിഷനിലെ രണ്ട് കോൺവെന്റുകളിൽ ഔദ്യോഗികസന്ദർശനം നടത്തി പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിതയും സി. നിഷയും തിരിച്ചെത്തി.

19/03/2018 സി.എച്ച്.എഫ്. റവ.സി. ആൻ കരോളിൻ Ph.D ബിരുദം നേടി.(Ph.D in Education)

22/03/2018 സി.എച്ച്.എഫ്. മറിയം ത്രേസ്യൻ ആദ്ധ്യാത്മികതയെ അടിസ്ഥാനമാക്കി സി.എച്ച്.എഫ് കോൺഗ്രിഗേഷൻ നടത്തുന്ന വാർഷികധ്യാനം ഒളരിക്കരപ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. 108 സിസ്റ്റേഴ്സ് ധ്യാനത്തിൽ പങ്കെടുത്തു.

27.3.2018 എഫ്. സി. സി. 2018 മാർച്ച് 27-ാം തീയതി Aided - HS, HSS ഹെഡ്മിസ്ട്രസ്സുമാർ, പ്രിൻസിപ്പൽസ് എന്നിവർക്കായി ഒരു അടിയന്തിരസമ്മേളനം അസ്സീസിയിൽ വിളിച്ചുകൂട്ടി.

## ആദരാഞ്ജലികൾ

### ആദരാഞ്ജലികൾ



22.3.2018 എഫ്. സി. സി. നെല്ലിക്കുന്ന് ഡോൺ ബോസ്കോ ഭവനാംഗമായിരുന്ന **ബ. സി. മേരി ലീന** മാർച്ച് 22-ാം തീയതി ഉച്ചതിരിഞ്ഞ് 4.45ന് നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മാർച്ച് 23-ാം തീയതി ഉച്ചതിരിഞ്ഞ് നെല്ലിക്കുന്ന് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.



25. 03. 2018 സി.എസ്.സി കൂർക്കഞ്ചേരി മരിയ പ്രൊവിൻസ് ഭവനാംഗമായ സിസ്റ്റർ സമീന 25 –ാം തീയതി രാവിലെ 09.45 ന് നിര്യാതയായി. അന്നു തന്നെ ഉച്ചതിരിഞ്ഞ് 5.00 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിനോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു.



28/3/18 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് മഠാംഗമായ സി.ഫെർഡിനന്റ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. നമിത റോസ് സി.എം.സി**
സി.ആർ. ഐ. സെക്രട്ടറി

യേശു അവളോട് പറഞ്ഞു: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
*യോഹ. 11: 25–26*





# നാമകരണനടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ഏപ്രിൽ മാസത്തിലെ മാസാദ്യവള്ളിയാഴ്ച്ചയിലെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് റവ. ഫാ. തോമസ് വടക്കൂട് ആണ്. വചനസന്ദേശം നൽകിയത് വിയ്യൂർ ഇടവകാംഗമായ ജെസ്സി ആയിരുന്നു. എല്ലാം സാധ്യമാക്കുന്നവനിൽ നീ പ്രത്യാശവെക്കുക നമ്മുടെ കർത്താവിന് പ്രവർത്തിക്കാൻ അധികസമയം വേണ്ട 100 വർഷം കൊണ്ട് സാധിക്കാത്തത് കർത്താവിന് ഒരു നിമിഷം മതി. ഈ ലോകത്തിലെ നശ്വരമായ ജീവിതത്തിനുവേണ്ടി മാത്രം ദൈവത്തിൽ നീ ആശ്രയിക്കരുത് നിത്യജീവനുവേണ്ടി നീ പ്രത്യാശവെക്കുക (1 കൊറി 15–19) നിന്നെ സ്നേഹിക്കുന്ന ദൈവം നിനക്കുവേണ്ടി മരിച്ച് ഉത്ഥാനം ചെയ്തവനാണ്, അതിനാൽ 2 കൊറി. 5:15ൽ പറയുന്നതുപോലെ നാം ജീവിക്കുന്നെങ്കിൽ കർത്താവിനുവേണ്ടി ജീവിക്കുക, മരിക്കുന്നെങ്കിൽ കർത്താവിനുവേണ്ടി മരിക്കുക. ആരാധനയും രോഗശാന്തി ശുശ്രൂഷയും കുട്ടികൾക്കുള്ള ആശിർവാദ പ്രാർത്ഥനയും ഉണ്ടായിരുന്നു.

ഐ. എസ്. ഭീകരരുടെ ക്രൂരതയാൽ ബന്ധിയായി കഴിഞ്ഞിരുന്ന ബഹുമാനപ്പെട്ട ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ ബന്ധുവായ നെല്ലങ്കരയിലെ മീറ എന്ന ഒരു കുടുംബിനി പ്രത്യേകം പ്രാർത്ഥിക്കുകയും മോചിക്കപ്പെട്ടാൽ കബറിടത്തിൽ കൊണ്ടുവന്ന് പ്രാർത്ഥിക്കാമെന്ന് നേരുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി മോചിതനായ ഫാ. ടോം ഉഴുന്നാലിൽ മാർച്ച് 31 ശനിയാഴ്ച്ച 10.30ന് ചേലക്കര സെന്റ് മേരീസ് ഫൊറോനദേവാലയത്തിൽ വരുകയും കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. ഫൊറോന പള്ളി വികാരി റവ. ഫാ. തോമസ് വടക്കൂട്ട്, അസി. വികാരി ഫാ. ആൻസൻ നീലങ്കാവിൽ എന്നിവർ ചേർന്ന് അച്ചനെ സ്വീകരിച്ചു.





# നാമകരണനടപടികൾ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം**

സി.എസ്.സി ഡി പോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ.ഫാ. ഡെന്നി ചിറയത്ത് വചനസന്ദേശവും റവ. സി. ജൂലി സി.എസ്.സി അജഗണങ്ങളുടെ നല്ല ഇടയൻ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. ദൈവസ്നേഹത്തിന്റെ മഹത്വ പൂർണ്ണമായ ആനന്ദം അനുഭവിക്കേണ്ട കാലമാണ് നോമ്പുകാലം. നല്ല ഇടയന്റെ പ്രതിരൂപമായ ഊക്കനച്ചനിൽ നിതാന്തജാഗ്രത, ധീരത, സ്നേഹം എന്നീ ഇടയഭാവങ്ങളെല്ലാം ദൃശ്യമാണ്. അജഗണങ്ങളുടെ വിയർപ്പിലും ദുഃഖത്തിലും അവരോടൊപ്പമായിരുന്ന കരുണാർദ്രഹൃദയൻ. ദൈവജനത്തിന്റെ യൊപ്പം സഞ്ചരിച്ച എല്ലാവർക്കും സംലഭ്യനായ ഊക്കനച്ചൻ, രോഗികൾക്ക് ആശ്വാസദായകനും യുവജനങ്ങൾക്ക് ഹരവും ആയിരുന്നു. അനുസ്മരണബലി കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ.ഫാ. ഡെന്നി ചിറയത്ത് ആയിരുന്നു. 'കർത്താവിന്റെ ആത്മാവ് നിറഞ്ഞ ഊക്കനച്ചൻ ' എന്ന് വിശേഷിപ്പിച്ച് തന്റെ വചനസന്ദേശം ആരംഭിച്ചു. വിശുദ്ധിയുള്ളതുകൊണ്ടാണ് പ്രകാശത്തോടെ ജനങ്ങളുടെ ഇടയിൽ സമഭാവനയോടെ വർത്തിക്കാനും പ്രവർത്തിക്കാനും സാധിച്ചത്. നമുക്കും ഒരു ബോധ്യം ഹൃദയത്തിൽ എഴുതി വയ്ക്കാം, 'കർത്താവ് എന്റെ മേൽ ഉണ്ട് ' എന്ന ബോധ്യം. നമ്മുടെ കുടുംബങ്ങളിൽ സ്നേഹത്തിന്റെ കണ്ണികൾ വിട്ടുപോകാതെ മുന്നേറുവാൻ ഊക്കനച്ചന്റെ ജീവിതമാതൃക നമുക്കും സ്വീകരിക്കാം. . ദൈവദാസന്റെ മാദ്ധ്യസ്ഥ്യം തേടാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# പാലയൂർ തീർഥകേന്ദ്രം

**1. മുപ്പിട്ടു ഞായർ തിരുനാൾ – മെയ് 12,13 – ദണ്ഡവിമോചനവും**

12-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷയും തുടർന്ന്, വിശുദ്ധ കുർബ്ബാനയും തിരുസ്വരൂപം എഴുന്നെള്ളിച്ചുവെക്കലും തിരുനാൾ കർമ്മങ്ങളും. 5 മണിമുതൽ പിറ്റെ ദിവസം രാത്രി വരെ ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കുന്നതാണ്. 13ന് രാവിലെ 6.30ന് തിരുനാൾ കുർബ്ബാനയും പ്രസംഗവും പ്രദക്ഷിണവും തിരുശേഷിപ്പു വണക്കവും നേർച്ച ഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്. 10.30നും 5.30നും വിശുദ്ധ കുർബ്ബാനയും തിരുനാൾ കർമ്മങ്ങളും തിരുശേഷിപ്പു വണക്കവും നേർച്ചയും.

**2. തളിയക്കുളത്തിൽ മാമോദീസ മെയ് 20ന്**

മുപ്പിട്ടുഞായർ തിരുനാളിനോടനുബന്ധിച്ച് പതിവുള്ള തളിയക്കുളത്തിലെ ആഘോഷമായ മാമോദീസ മെയ് 13നു പകരം മെയ് 20-ാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്കായിരിക്കും നടത്തുക. മെയ് 10-ാം തിയതി വരെ മാമോദീസക്ക് ബുക്കിങ്ങ് നടത്താവുന്നതാണ്.

**3. കുട്ടികൾക്ക് ആദ്യത്തെ ചോറൂണ് – മുപ്പിട്ടു ഞായറാഴ്ചകളിൽ**

കൊച്ചുകുട്ടികൾക്ക് മാർതോമതീർത്ഥകേന്ദ്രത്തിലെ തിരുസന്നിധിയിൽ ആദ്യത്തെ ചോറൂണ് നല്കുന്നതിന് സൗകര്യമുണ്ട്. മുപ്പിട്ടു ഞായറാഴ്ചകളിൽ രാവിലെ 6.30നുള്ള തിരുനാൾ കുർബ്ബാനക്കും തിരുകർമ്മങ്ങൾക്കും ശേഷം രാവിലെ 8 മണിക്കു ശേഷമാണ് ബഹു. വൈദികർ ചോറൂണിന് കാർമ്മികത്വം വഹിക്കുക. അറിയിക്കേണ്ട നമ്പർ - 0487 2556418

**4. കുട്ടികളെ എഴുത്തിനിരുത്തൽ – മെയ് 27 ഞായറാഴ്ച**

കൊച്ചുകുട്ടികളെ എഴുത്തിനിരുത്തൽ - ആദ്യാക്ഷരം കുറിക്കൽ - വിദ്യാരംഭം



കുറിക്കൽ, പാലയൂർ മാർതോമ സന്നിധിയിൽ അവസരമൊരുക്കുന്നത് മെയ് മാസം 27-ാം തിയതി ഞായറാഴ്ചയാണ്. അന്ന് 10 മണിക്ക് പ്രത്യേക ശുശ്രൂഷകളും എഴുത്തിനിരുത്തൽ ചടങ്ങുകളും വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കും. ആവശ്യമുള്ളവർ മെയ് 20നു മുമ്പ് പേരുകൾ രജിസ്റ്റർ ചെയ്യുക - 0487 2556418

**5. അരങ്ങേറ്റം മാർതോമ സന്നിധിയിൽ – ജൂലായ് 8ന്**

മാർതോമാശ്ലീഹാ ഭാരതത്തിൽ പ്രേഷിത പ്രവർത്തനത്തിന് അരങ്ങേറ്റം കുറിച്ച പാലയൂരിൽ പിതൃസന്നിധിയിൽ വിവിധ കലാപരിപാടികളുടെ അരങ്ങേറ്റം കുറിക്കുന്നതിന് ഇക്കൊല്ലവും സാധിക്കുന്നതാണ്. ജൂലായ് മാസം 8-ാം തിയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30 മുതലാണ് അരങ്ങേറ്റ മഹോത്സവം നടക്കുക. പ്രായഭേദമന്യേ ആർക്കും അരങ്ങേറ്റം കുറിക്കാവുന്നതാണ്. താല്പര്യമുള്ളവരുടെ പേരുകൾ ജൂൺ 30 നു മുമ്പ് രജിസ്റ്റർ ചെയ്യുക. ഫോൺ -0487-2556418

**6. മാർതോമാ ചൊവ്വാഴ്ച ആചരണം – മെയ്മാസത്തിൽ**

മെയ് മാസത്തിലെ ചൊവ്വാഴ്ചകളായ 1,8,15,22,29 തിയതികളിൽ മാർതോമാ ചൊവ്വാഴ്ച ആചരണം ഉണ്ടായിരിക്കുന്നതാണ്. ഓരോ ചൊവ്വാഴ്ചയും, പാലയൂർ ഇടവകയിലെ ഒരു കുടുംബ കൂട്ടായ്മയും ഫൊറോനയിലെ ഒരു ഇടവകയും ഇടവകയിലെ പ്രാർത്ഥനാ കൂട്ടായ്മയും നേതൃത്വം നല്കുന്നു. 10 മണി മുതൽ 3 മണി വരെയുള്ള ആചരണത്തിൽ വചന പ്രഘോഷണവും കുർബ്ബാനയും നേർച്ച ഭക്ഷണവും ആരാധനയും മറ്റും ഉണ്ടായിരിക്കുന്നതാണ്. ഏവരേയും ക്ഷണിക്കുന്നു.

**7. മാമോദീസ സ്വീകരിച്ചവരുടെ സംഗമം – ജൂലായ് 7 ശനിയാഴ്ച**

1965 വർഷങ്ങൾക്കു മുമ്പാണ് പാലയൂർ തളിയക്കുളത്തിലെ ആദ്യത്തെ മാമോദീസ നടന്നത്. അന്ന് ഇന്ത്യയിലെ ആദ്യത്തെ മാമോദീസ മാർതോമാശ്ലീഹ തളിയക്കുളത്തിൽ നല്കിയതിനുശേഷം അനേകം പേരുടെ മാമോദീസ തളിയക്കുളത്തിൽ നടന്നിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ 1982 മുതലാണ് തളിയക്കുളത്തിൽ മാമോദീസ നല്കുന്ന പതിവ് പുനഃരാരംഭിച്ചത്. തൃശ്ശൂർ അതിരൂപതയിലും പുറത്തും ഉള്ള അനേകം ഇടവകകളിൽ നിന്നുള്ള അയ്യായിരത്തോളം പേർ ഇതിനകം ഇവിടെ മാമോദീസ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആധുനിക കാലഘട്ടത്തിൽ തളിയക്കുളത്തിൽ മാമോദീസ സ്വീകരിച്ചവരുടെ സംഗമം ഇക്കൊല്ലവും നടത്തുന്നുണ്ട്. ജൂലായ് 7-ാം തീയതി ശനിയാഴ്ച ഉച്ച കഴിഞ്ഞാണ് മാർതോമാ മക്കൾ സംഗമം നടത്തുന്നത്. പങ്കെടുക്കാൻ സാധിക്കുന്ന എല്ലാവരും ജൂലായ് 7ന് എത്തിചേരണമെന്നും, വരുന്ന വിവരം മുൻകൂട്ടി അറിയിക്കണമെനനും അഭ്യർത്ഥിക്കുന്നു. ഫോൺ - 0487 - 2556418

**8. തിരുനാൾ കമ്മിറ്റി രൂപീകൃതമായി**

ജൂലായ് 3ന് ദുക്റാന ഊട്ടുതിരുനാളും തർപ്പണ തിരുന്നാളിന്റെ കൊടിയേറ്റവും, ജൂലായ് 14,15,16 തിയതികളിൽ തർപ്പണ തിരുനാളും ആഘോഷിക്കുന്നതിനുള്ള വിപുലമായ കമ്മിറ്റി രൂപീകൃതമായി

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
**റെക്ടർ**

# മതബോധനം

**കുട്ടികൾക്കുള്ള കത്ത്**

ഈശോയിൽ ഏറ്റവും പ്രിയ കുട്ടികളേ,

അവധിക്കാലം നിങ്ങൾ നന്നായി ചെലവഴിക്കുന്നു എന്നു ഞാൻ കരുതുന്നു. നിങ്ങളിൽ ഏറെപേർ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. അവധിക്കാലത്തിൽ ബാക്കിയുള്ള ദിവസങ്ങൾ കുറച്ചുകൂടെ ഫലപ്രദമായി ചെലവഴിക്കാൻ നിങ്ങൾക്കു സാധിക്കട്ടെ.

പരിചയപ്പെടുത്താതെതന്നെ മെയ് മാസം കുട്ടികൾക്കും കുടുംബങ്ങൾക്കും ഇഷ്ടപ്പെട്ട മാസമാണ്. അതിനു കാരണം പരി. മാതാവിന് പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ട മാസമായതുകൊണ്ടാണ്. വീടുകളിലെ വണക്കമാസ പ്രാർത്ഥനക്കും വ്യക്തിപരമായും ദൈവാലയത്തിൽ ആഘോഷമായി നടത്തുന്ന ജപമാലയും തിരകൾ കത്തിച്ചു പിടിച്ചുകൊണ്ടുള്ള പ്രദക്ഷിണവും ഏവർക്കും പ്രിയപ്പെട്ടതാണ്.'നല്ല മാതാവേ മരിയേ. .' എന്ന് തുടങ്ങുന്ന പാട്ട് എല്ലാവരുടെയും അധരങ്ങളിലും മൂളികൊണ്ടിരിക്കുന്നതും കേൾക്കാം. ഈ ഭക്തിയെല്ലാം ഇനിയും നിങ്ങൾ സന്തോഷത്തോടെ തുടരണം.

പരി. അമ്മയെപ്പോലെ ആയിത്തീരാൻ ഈശോതന്നെയാണ് നമ്മോട് ആവശ്യപ്പെടുന്നത്. ലൂക്കാ 8:21ൽ പറയുന്നു: 'ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരന്മാരും'. ദൈവഹിതം നിറവേറ്റുന്നവരാണ് യേശുവിന്റെ അമ്മ, സഹോദരൻ, സഹോദരി എന്നും വി. ബൈബിളിൽ കാണാം (മർക്കോ. 3:35). മറിയത്തെപ്പോലെ ദൈവഹിതം നിറവേറ്റാൻ നാം എന്തൊക്കെ ചെയ്യേണ്ടിവരും?

1. ദൈവവചനം ശ്രവിക്കണം (ഉദാ. വി.ഗബ്രിയേൽ മാലാഖ ദൈവവചനം പറഞ്ഞപ്പോൾ ശ്രദ്ധയോടുകൂടെ പരി.മറിയം അതുകേട്ടു.

ലൂക്ക. 1:26–33). ദൈവവചനം കേൾക്കാൻ ലഭിക്കുന്ന അവസരങ്ങൾ പാഴാക്കരുത്.

2. ദൈവവചനം സ്വീകരിച്ച് സ്വയം വിട്ടുകൊടുത്തു (ഉദാ. മറിയം പറഞ്ഞു. 'ഇതാ കർത്താവിന്റെ ദാസി' ലൂക്ക. 1:38) എന്താണ് ചെയ്യേണ്ടത് എന്ന് മനസ്സിലാക്കാൻ നമുക്ക് സ്വയം സമർപ്പിക്കാം.

3. സ്വീകരിച്ച വചനത്തിന് മാംസം കൊടുക്കണം (ലൂക്ക. 2:6–7; യോഹ. 1:14). വചനത്തിന് ജീവൻ കൊടുക്കാൻ മറിയത്തെപ്പോലെ പരിശുദ്ധാത്മാവിനെ സ്വീകരിക്കണം. (ലൂക്ക. 1:35) പരിശുദ്ധാത്മാവിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.

4. മാംസമായ, വചനമാകുന്ന യേശുവിനെ മറ്റുള്ളവർക്ക് കൊടുക്കണം. മറിയം യേശുവിനെ പ്രസവിച്ചു (ലൂക്ക: 2:6), യേശുവിനെ സംവഹിച്ചു (ലൂക്ക. 1:39), യേശുവിന്റെ കൂടെ മറ്റുള്ളവരെ ശുശ്രൂഷിച്ചു (ലൂക്ക. 1:56). ഇന്ന് മറിയത്തെപ്പോലെ നമുക്കും വാക്കിലും പ്രവർത്തിയിലും കൂട്ടായ്മയിലും മിഷൻ പ്രവർത്തനങ്ങളിലൂടെയും യേശുവിനെ കൊടുക്കണം. "ഇതാ നിന്റെ അമ്മ" എന്നു പറഞ്ഞ ഈശോയുടെ വാക്കുകൾ നമുക്ക് ഓർക്കാം. യോഹന്നാനെപ്പോലെ പരി. അമ്മയെ അമ്മയായി, രാജ്ഞിയായി, സ്വർഗ്ഗത്തിലെ നമ്മുടെ മധ്യസ്ഥയായി നമ്മുടെ വീടുകളിലും സ്വീകരിക്കാം. (യോഹ. 19:26–27)

അതിരൂപതയ്ക്കും സീറോ മലബാർ സഭയ്ക്കും വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. ഒപ്പം മെയ് 1ന് നമ്മുടെ മാതാപിതാക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കണം. കാരണം വി. യൗസേപ്പിതാവിനെപ്പോലെ, അവർ നമുക്കുവേണ്ടി അധ്വാനിക്കുന്നവരാണ്. അങ്ങനെ മെയ്മാസത്തിൽ ഈശോയുടെ തിരുകുടുംബം പോലെ നമ്മുടെയും കുടുംബങ്ങൾ മാറട്ടെ എന്ന് ആശംസിക്കുന്നു.

മെയ് മാസ റാണിയുടെ മധ്യസ്ഥതയാൽ നിങ്ങളുടെ ജീവിതം അനുഗ്രഹപ്രദമാകട്ടെ.

നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

വാർഷിക പരീക്ഷയിൽ വിജയിച്ചവർക്കും ഉന്നതവിജയം കരസ്ഥമാക്കിയവർക്കും റാങ്ക് ജേതാക്കൾക്കും അഭിനന്ദനങ്ങൾ. അവധിക്കാലത്ത് ഇടവകയിലും മറ്റുസ്ഥാപനങ്ങളിലും നടത്തപ്പെട്ട ദൈവദർശൻ, ദൈവവിളി ക്യാമ്പുകളിലും സെമിനാറിലും പങ്കെടുത്തവർക്ക് പ്രത്യേകം നന്ദി. പരിശുദ്ധ കന്യകാമാതാവിനോടുള്ള സവിശേഷഭക്തിയുടെ മാസമാണല്ലോ മെയ്മാസം. പരി. അമ്മയോടൊപ്പം ദൈവവചനത്തിലും ദൈവാരാധനയിലും നമുക്കും വളരാം. ഏലീശ്വായെ സന്ദർശിച്ച് ശുശ്രൂഷ ചെയ്ത പരി. അമ്മയെപ്പോലെ, മറ്റുള്ളവർക്ക് നന്മ ചെയ്യാൻ ലഭിക്കുന്ന അവസരങ്ങൾ ദൈവസ്നേഹത്തെപ്രതി വിനിയോഗിക്കാം. അടുത്ത അധ്യയനവർഷത്തേക്ക് ആത്മാർത്ഥമായി ഒരുങ്ങുകയും ചെയ്യാം.

**1. പുതിയ അധ്യയന വർഷം 2018 – 2019**

പുതിയ അധ്യയനവർഷം ജൂൺ 3–ന് ആരംഭിക്കുന്നു. അധ്യയന വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

**2. പുതിയ ഹെഡ്മാസ്റ്റർമാർ**

പ്രധാനാധ്യാപകർ, ഡെപ്യൂട്ടി HM, സെക്രട്ടറി, കംപ്യൂട്ടർ ഓപ്പറേറ്റർ എന്നിവർക്ക് മാറ്റമുണ്ടെങ്കിൽ പുതിയവരുടെ പേരുവിവരം മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. പുതിയ **ഹെഡ്മാസ്റ്ററുടെ പേരും അഡ്രസും ഫോൺനമ്പറുമടക്കം** 2018 മെയ് 20–ന് മുമ്പ് മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം. **Catechism Software-** ലും അതു സംബന്ധിച്ച വിവരങ്ങളിലും മാറ്റം വരുത്തേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ പുതിയ ഹെഡ്മാസ്റ്റർമാർ പങ്കെടുക്കേണ്ടതാണ്.

**3. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്**

| | |
|---|---|
| തിയതി : | 2018 മെയ് 20 |
| ദിവസം : | ഞായർ |
| സമയം : | 09.30 AM - 5 PM |
| സ്ഥലം : | മതബോധനകേന്ദ്രം, DBCLC, തൃശൂർ |

ദിവ്യബലി ഉണ്ടായിരിക്കും. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ഹെഡ്മാസ്റ്റർമാർക്ക് മാറ്റമുള്ളിടങ്ങളിലെ പുതിയ ഹെഡ്മാസ്റ്റർമാരാണ് പങ്കെടുക്കേണ്ടത്.

**4. മതബോധനയൂണിറ്റ് സെക്രട്ടറിമാരുടേയും സോഫ്റ്റ് വെയർ ഓപ്പറേറ്റർമാരുടേയും സംയുക്ത യോഗം**

2018 മെയ് 20 ഞായർ 2 PM - 5 PM മതബോധനയൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും യോഗം

ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിനോടൊപ്പം സംയുക്തമായി നടത്തുന്നു. എല്ലാ സെക്രട്ടറിമാരും സോഫ്റ്റ് വെയർ ഓപ്പറേറ്റർമാരും പങ്കെടു ക്കേണ്ടതാണ്.

**5. SMCC പ്രതിഭാസംഗമം Std. VII**

SMCC പ്രതിഭാസംഗമത്തിനുള്ള 7-ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള അതിരൂപതാതല പരിശീലനക്യാമ്പ് മെയ് 9,10,11 തിയതികളിൽ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ ക്യാമ്പിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ നേരിട്ട് അറിയിക്കുന്നതാണ്. ക്യാമ്പിന്റെ പ്രയോജനവും ഗൗരവവും കുട്ടികളെ ധരിപ്പിച്ച് ക്യാമ്പിന് പറഞ്ഞയയ്ക്കുമല്ലോ. ഈ ക്യാമ്പിൽനിന്നുമാണ് സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെയ് 23, 24, 25 തിയതികളിൽ നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കാൻ തൃശൂർ അതിരൂപതയിൽനിന്നുമുള്ള മൂന്ന് ആൺകുട്ടികളേയും മൂന്ന് പെൺകുട്ടികളേയും തെരഞ്ഞെടു ക്കുന്നത്.

**6. യൂണിറ്റുകളിലെ സ്റ്റാഫ് മീറ്റിംഗ്**

2018 മെയ് 27ന് എല്ലാ യൂണിറ്റുകളിലും രാവിലെ തന്നെ **സ്റ്റാഫ് മീറ്റിംഗ്** നടത്തുകയും പുതിയ വർഷത്തിലേക്കുള്ള പ്രവർത്തന ങ്ങൾ ചർച്ചചെയ്യുകയും, അന്നേ ദിവസംതന്നെ ഉച്ചകഴിഞ്ഞ് ഫൊറോനാടിസ്ഥാനത്തിൽ നടക്കുന്ന അർദ്ധദിന സെമിനാറിൽ അധ്യാപകർ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

**7. അധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ**

ഞായറാഴ്ച മതബോധന അധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ ഫൊറോനാതലത്തിൽ മെയ് 27-ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5മണി വരെ നടത്തുന്നതാണ്. എല്ലാ മതാധ്യാപകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഹെഡ്മാസ്റ്റർമാരിൽനിന്നും ഫൊറോനാ പ്രമോട്ടറിൽ നിന്നും ലഭിക്കും. സെമിനാർ നടക്കുന്ന സ്ഥലങ്ങളും സമയവും താഴെ കൊടുക്കുന്നു.

| | Forane | Place | Date | Time |
|---|---|---|---|---|
| 1. | Chelakkara | Forane Church,Chelakkara | May 27 | 2 PM-5PM |
| 2. | Erumapetty | Forane Church, Erumapetty | ” | ” |
| 3. | Kandassankadvu | Forane Church, Kandassankadavu | June 3 | ” |
| 4. | Kottekad | Parish Hall, Kuttur | May 27 | ” |
| 5. | Mattom | Forane Church, Mattom | ” | ” |
| 6. | Ollur | Jesus Academy, Thalore | ” | ” |
| 7. | Palayur | L. F. College, Guruvayur | ” | ” |
| 8. | Parappur | Forane Church, Parappur | ” | ” |

| | | | | |
|---|---|---|---|---|
| 9. | Pattikad | Forane Church, Pattikad | ” | ” |
| 10. | Pazhuvil | Forane Church, Pazhuvil | ” | ” |
| 11. | Pudukad | Forane Church Auditorium | ” | ” |
| 12. | Puthur | Forane Church, Puthur | ” | ” |
| 13. | Thrissur Lourdes | Lourdes Cathedral, Thrissur | ” | ” |
| 14. | Thrissur Dolours | St. Thomas HSS, Thrissur | ” | ” |
| 15. | Velur | Forane Church, Velur | ” | ” |
| 16. | Wadakkanchery | Clelia School, Wadakkanchery | ” | ” |

**8. സ്ഥാനമൊഴിഞ്ഞ പ്രധാനാധ്യാപകരുടെയും റിട്ടയർചെയ്ത അധ്യാപകരുടെയും യോഗം**

ഇരുകൂട്ടരുടെയും ഒരു യോഗം 2018 ജൂൺ 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് DBCLC യിൽ കൂടുന്നതാണ്. അഭിവന്ദ്യപിതാവ് പങ്കെടുക്കുന്നതാണ്. 2017-2018 അധ്യയനവർഷാവസാനത്തിൽ സ്ഥാനമൊഴിഞ്ഞ പ്രധാനാധ്യാപകരെയും റിട്ടയർചെയ്ത അധ്യാപകരെയും യോഗത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. പങ്കെടുക്കുന്നവരുടെ പേരുവിവരം മതബോധനകേന്ദ്രത്തിൽ 2018 ജൂൺ 4ന് മുമ്പ് അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

**9. മതബോധന കമ്മീഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്**

പുതിയ മതബോധന കമ്മീഷനിലേക്കുള്ള അംഗങ്ങളെ മതാധ്യാപകരുടെ അർദ്ധദിന സെമിനാറിൽ വെച്ച് തെരഞ്ഞെടുക്കുന്നതാണ്. കമ്മീഷൻ അംഗങ്ങൾ യൂണിറ്റ് വിസിറ്റിന് പോകേണ്ട ടീമിൽ അംഗങ്ങളായിരിക്കേണ്ടതാണ്.

**10. ACC Re-Examination: May 12 Saturday 01.30 PM**

2018 ഫെബ്രുവരിയിലെ ACC വാർഷികപരീക്ഷയിൽ തോറ്റവർക്കും, പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷയ്ക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാനതിയതി 2018 മെയ് 2. രജിസ്റ്റർ ചെയ്യുമ്പോൾ 2018 ഫെബ്രുവരിയിലെ വാർഷിക പരീക്ഷയുടെ ഹാൾടിക്കറ്റ് കൊണ്ടുവരണം. പരീക്ഷാഫീസ് Rs. 100/-

**പരീക്ഷാവിവരങ്ങൾ:**

| | |
|---|---|
| തിയതി | : 2018 മെയ് 12 |
| ദിവസം | : ശനി |
| സമയം | : 01.30 PM - 04.30 PM |
| സ്ഥലം | : മതബോധനകേന്ദ്രം, DBCLC, തൃശൂർ |
| സിലബസ് | : 2017-2018 അധ്യയനവർഷത്തെ ACC സിലബസ് |

**11. സ്കൂൾ മതബോധന, സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകൾ**

2018 ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കേണ്ട

താണ്.

**12. യൂണിറ്റുകളിൽ മാറ്റം**

പുതിയ അധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2018 മെയ് 15–ന് മുമ്പ് മതബോധന ഡയറക്ടറെ ആ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**13. ACC സിലബസും പാഠപുസ്തകവും**

**a) ACC Text Book:** യുവജനമതബോധനത്തിന് കത്തോലിക്കാ സഭ തയ്യാറാക്കിയിട്ടുള്ള YOUCAT എന്ന പുസ്തകം ACC കോഴ്സിന്റെ 3 വർഷത്തേക്കുള്ള അടിസ്ഥാന പാഠപുസ്തകമാണ്. ഈ പുസ്തകം മലയാളത്തിലും ഇംഗ്ലീഷിലും മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്. എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

**b) Supplementary Readers:** ഓരോ വർഷവും ആനുകാലിക വിഷയങ്ങളേയും മറ്റും സംബന്ധിച്ച് ഒരു ലഘുപുസ്തകവും സിലബസിൽ ഉണ്ടായിരിക്കും. അതും വിദ്യാർത്ഥികൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്.

**14. ഫൊറോന പ്രൊമോട്ടർമാർ**

മതബോധന ഫൊറോന പ്രൊമോട്ടർമാരായ വൈദികരുടെ പേരുവിവരം താഴെകൊടുക്കുന്നു.

| Forane | Name | Place/Parish | Mobile |
|---|---|---|---|
| 1. Chelakkara | Fr. Chacko Chiramel | Manalady | 9446146535 |
| 2. Erumapetty | Fr. Kunnappilly Tens | Parempadam | 9400901069 |
| 3. Kandassankadvu | Fr. Kavalakkatt Franco | Eravu | 9847250769 |
| 4. Kottekad | Fr. Punnassery Jaison | Kuttur | 9447380944 |
| 5. Mattom | Fr. Thanikkal Paul | Chittattukara | 9495041382 |
| 6. Ollur | Fr. Thekkekara Davis | Avinissery | 9846905210 |
| 7. Palayur | | | |
| 8. Parappur | Fr. Alappat Biju | Ambakad | 9496770674 |
| 9. Pattikad | Fr. Muringathery Jijo | Peechi | 9447467170 |
| 10. Pazhuvil | Fr. Chirayath Shaju | Chazhoor | 9446760234 |
| 11. Pudukad | Fr. Pulikottil Jaison | Vellanikode | 9944229373 |
| 12.Puthur | Fr. Edakkalathur T. | Eravimangalam | 9496913633 |
| 13.Thrissur Lourdes | Fr. Edakkalathoor V. | Minor Seminary | 9656020925 |
| 14. Thrissur Dolours | Fr. Kundukulam Stishin | St. Thomas College Hostel | 9159862915 |
| 15.Velur | Fr. Edathiruthy Jojo | Kiraloor | 9562775875 |
| 16.Wadakkanchery | Fr. Panamkulam Davis | Thiroor | 9496346180 |

## 15. ഉപപാഠപുസ്തകങ്ങൾ ഇംഗ്ലീഷിൽ

4 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ ഉപപാഠപുസ്തകങ്ങൾ ഈ വർഷം ഇംഗ്ലീഷിലും ലഭ്യമായിരിക്കും.

## 16. പാഠപുസ്തകവിതരണം

2018 മെയ് 28 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

b) വാങ്ങേണ്ട പുസ്തകങ്ങളുടെ ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻവരുന്നതിന് 5 ദിവസം മുമ്പ് തന്നിരിക്കണം. ഇൻഡന്റ് മതബോധന ബ്ലോഗിൽ നിന്നും, സോഫ്റ്റ് വെയറിലെ News എന്നതിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇൻഡന്റ് ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കിവയ്ക്കുന്നതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. ഓർഡർ ചെയ്യുമ്പോൾ പുസ്തകങ്ങളുടെ പണം നൽകേണ്ടതില്ല; പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ആദ്യം ബില്ലുപ്രകാരം പണമടയക്കണം. അതിനുശേഷമേ പുസ്തകങ്ങൾ ലഭിക്കുകയുള്ളൂ. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

## 17. ഏകദിന സെമിനാറുകൾ

ACC അധ്യാപകർക്കുള്ള ഏകദിന സെമിനാർ ജൂൺ 10 ന് ആയിരിക്കും. തുടർന്നുള്ള ഞായറാഴ്ചകളിൽ മറ്റു ക്ലാസ്സകളിലെ മതാധ്യാപകർക്കുള്ള ഏകദിന സെമിനാറുകൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 18. യൂണിറ്റ് വിസിറ്റ്

12 ഞായറാഴ്ചകളിലായി നടത്തുന്ന യൂണിറ്റ് വിസിറ്റ് ഈ വർഷം ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 19. പി. ടി. എ. യൂണിറ്റ്തല തെരഞ്ഞെടുപ്പ് 2018-2021

യൂണിറ്റ് തലം, ഫൊറോന തലം, അതിരൂപതാതലം എന്നീ പി. ടി. എ. കമ്മിറ്റികളുടെ കാലാവധി അവസാനിക്കുകയാണ്. പുതിയ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് യൂണിറ്റ്തലത്തിലുള്ള പി. ടി. എ. കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് 2018 ജൂൺ മാസത്തിൽ തന്നെ നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിനും നടത്തിപ്പിനുമുള്ള മാർഗ്ഗരേഖ എല്ലാ യൂണിറ്റുകളിലുമുണ്ട്. ഈ മാർഗ്ഗരേഖയനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി നിശ്ചിതഫോറത്തിൽ പേരുവിവരങ്ങൾ എഴുതി ജൂലൈ 15-ന് മുമ്പ് മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കേണ്ടതാ

ണ്. അത് ലഭിച്ചശേഷം വേണം ഫൊറോനാതലത്തിലേയും അതിരൂപതാതലത്തിലേയും തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil Kozhukkullikaran**
**Fr. Sijo Muringathery**
*Asst. Directors*

**Fr. Raphael Akkamattathil**
*Director*

# Institute of THEOLOGY

## B.A. in Theology and Religious Studies:

ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

## Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ മേയ് 13, 27 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

## Six Month Theology Course:

സിസ്റ്റേഴ്സിനു വേണ്ടിയുള്ള ആറുമാസത്തെ തിയോളജി കോഴ്സ് ജൂൺ മുതൽ ആരംഭിക്കും. മേരമാതാ മേജർ സെമിനാരിയിൽ വച്ചാണ് നടത്തുന്നത്. താല്പര്യമുള്ള സിസ്റ്റേഴ്സ് Institute of Theology Office-ൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)




# മേരിമാത സെമിനാരി

**മ്ശംമശാന, ഹെവുപ്പദ്‌യാക്ക്ന, കാറോയ പട്ടങ്ങൾ**

മേരിമാതയിൽ വൈദികപരിശീലനം നേടിക്കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാരിൽ 12 പേർ മ്ശംമശാന പട്ടവും 14 പേർ ഹെവ്പ്പദ്‌യാക്ക്ന പട്ടവും 16 പേർ കാറോയ പട്ടവും മാർച്ച്, ഏപ്രിൽ മാസങ്ങളിലായി തങ്ങളുടെ രൂപതകളിലും സന്യാസഭവനങ്ങളിലും വച്ച് സ്വീകരിച്ചു.

**ഡീക്കൻ മിനിസ്ട്രി**

മ്ശംമശാന പട്ടം സ്വീകരിച്ച മേരിമാതയിലെ 12 ഡീക്കന്മാർ അജപാലന പരിശീലനത്തിനായി ഏപ്രിൽ 3 ന് വിവിധ ഇടവകകളിലേക്ക് യാത്രയായി. ആഗസ്റ്റ് 31 വരെ ഇടവകകളിലെ അവരുടെ ശുശ്രൂഷകൾ തുടരും.

**മൂന്നാം അതിരൂപതാ അസംബ്ലി**

തൃശ്ശൂർ അതിരൂപതയുടെ മൂന്നാം അസംബ്ലിക്ക് വേദിയാകുന്നത് മേരിമാതാ മേജർ സെമിനാരിയാണ്. മെയ് 15 ന് തുടങ്ങുന്ന അസംബ്ലി 18-ാം തിയ്യതി പരിസമാപിക്കും.

**ബേഴ്സ് സ്ഥാപിച്ചവർ**

## Patron Membership

1. ശ്രീ. എം. എൽ. തോമസ്, മരോട്ടിക്കൽ ഹൗസ്, നെല്ലങ്കര.
2. ശ്രീമതി ഷൈനി ജെറി, തറമ്മേൽ ഹൗസ്, മുണ്ടുപാലം.

## Benefactor Membership

1. സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ചർച്ച്, ചെവ്വൂർ.

ഈശോയുടെ സഭയിൽ ശുശ്രൂഷ ചെയ്യാനുള്ള ഇടയന്മാരുടെ പരിശീലന പ്രക്രിയയിൽ പങ്കുകാരായി തങ്ങളുടെ ദൗത്യം ആത്മാർത്ഥതയോടെ നിറവേറ്റുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഈശോയുടെ അനുഗ്രഹം നിങ്ങൾക്കുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജെയ്സൻ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

**1. വൈദിക വസ്ത്രസ്വീകരണത്തിനുള്ള ഒരുക്കധ്യാനം**

ഈ വർഷം വൈദികവസ്ത്രം സ്വീകരിക്കാനുള്ള സെമിനാരി വിദ്യാർത്ഥികൾ 2018 ഏപ്രിൽ 3 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ തിരുവില്ലാമലയിലെ സെന്റ് പോൾ ഗുരുകുലത്തിൽ താമസിച്ച് ധ്യാനിച്ചും പ്രാർത്ഥിച്ചും പരിചിന്തനം നടത്തിയും ഒരുങ്ങി. അവരെ ആത്മാർത്ഥമായി സഹായിച്ച ബഹു. ടിങ്കിൾ വാഴപ്പിള്ളിയച്ചൻ, ബഹു. സാജൻ പിണ്ടിയാൻ അച്ചൻ, ബഹു. ബിജു പാണേങ്ങാടൻ അച്ചൻ, ബഹു. ജോർജ്ജ് മണലേലച്ചൻ തുടങ്ങിയവരോടുള്ള കൃതജ്ഞത അറിയിക്കുന്നു.

**2. ദൈവവിളി ക്യാമ്പുകൾ**

ഡി.ബി.സി.എൽ.സി.യിൽ വച്ച് ഏപ്രിൽ 3, 4 തീയതികളിൽ പെൺകുട്ടികൾക്കായി നടത്തിയ ക്യാമ്പിൽ 29 ഇടവകകളിൽ നിന്നായി 69 വിദ്യാർത്ഥിനികൾ സംബന്ധിച്ചു. ഏപ്രിൽ 4, 5, 6, 7 തീയതികളിൽ രണ്ടു ബാച്ചുകളിലായി മഡോണ സെമിനാരിയിൽ നടന്ന ആൺകുട്ടികൾക്കായുള്ള ക്യാമ്പിൽ 95 ഇടവകകളിൽ നിന്നായി 338 പേർ പങ്കെടുത്തു. ക്യാമ്പുകളിലേക്ക് കുട്ടികളെ ഒരുക്കി അയച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**3. ദൈവവിളിവാര ഉപവാസ–പ്രാർത്ഥനായജ്ഞം**

2018 ഏപ്രിൽ 2 മുതൽ 7 വരെ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ ദൈവവിളിവാര ഉപവാസ–പ്രാർത്ഥനായജ്ഞം നടന്നു. ഈ ദൈവവിളിവാര ഉപവാസ–പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത വിവിധ സന്യാസസമൂഹങ്ങളിലെ സുപ്പീരിയേഴ്സിനും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും അതിരൂപതയിലെ എല്ലാ ബ്രദേഴ്സിനും നന്ദി പറയുന്നു.

**4. മേജർ സെമിനാരിയൻസ് കോൺഫ്രൻസ്**

വിവിധ മേജർ സെമിനാരികളിലായി പരിശീലനം നേടികൊണ്ടിരി

ക്കുന്ന തൃശ്ശൂർ അതിരൂപതാ വൈദികവിദ്യാർത്ഥികൾ 2018 മെയ് 9 മുതൽ 12 വരെ മൈനർ സെമിനാരിയിൽ ഒത്തുചേരുന്നു.

**5. വൈദികവസ്ത്രസ്വീകരണം**

2018 മെയ് 12ന് ഉച്ചകഴിഞ്ഞ് 2.30ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ നടക്കുന്ന വി. ബലി മധ്യേ ഒരുക്കം പൂർത്തിയാക്കിയ ബഹു. ശെമ്മാശ്ശന്മാർ വൈദികവസ്ത്രം സ്വീകരിക്കുന്നു. മഡോണ മൈനർ സെമിനാരിയിൽ വച്ചാണ് തിരുകർമ്മങ്ങൾ നടക്കുന്നത്.

**6. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. എം. എൽ. തോമസ്, മരോട്ടിക്കൽ ഹൗസ്, നെല്ലങ്കര
2. ശ്രീ. ഫ്രാൻസിസ് തരകൻ, ചെമ്പുക്കാവ്, തൃശ്ശൂർ
3. ശ്രീമതി. മേരി റപ്പായി, കൂലിയാടൻ ഹൗസ്, എരുമത്തടം
4. ശ്രീമതി. പി. എൽ. റോസിലി, ചിറയത്ത് ഹൗസ്, മണ്ണുത്തി
5. മാർ ജേക്കബ് തൂങ്കുഴി, C/O അമലനഗർ ഇടവക

പ്രാർത്ഥനയാലും ത്യാഗപൂർണ്ണമായ സംഭാവനകളാലും ഈശോയുടെ സഭയെയും സഭാശുശ്രൂഷകരെയും പിന്തുണക്കുന്ന ഏവരെയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലിയിൽ വനിതാ ദിനം ആഘോഷിച്ചു**

വനിതാദിനത്തോടനുബന്ധിച്ച് ജൂബിലിയുടെ ഗൈനക്കോളജി വിഭാഗം ഗർഭിണികളായ സ്ത്രീകൾക്കുവേണ്ടിയുള്ള അവബോധ ക്ലാസുകൾ ആരംഭിക്കുന്നു. ഗർഭാവസ്ഥയിലും പ്രസവസമയത്തും ഒരു

രോഗമില്ലെങ്കിലും ഇന്നത്തെ അണുകുടുംബ വ്യവസ്ഥയിൽ ജീവിക്കുന്ന ഗർഭിണികൾക്ക് ധാരാളം സംശയങ്ങളും മിഥ്യാധാരണകളും ആകുലതകളും ഉണ്ടാകുക സ്വാഭാവികമാണ്. ഒ.പി–യിലെ തിരക്കിൽ അതെല്ലാം ദുരീകരിക്കുക സാധ്യവുമല്ല. ഇവക്കെല്ലാം പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒന്നാണ് ഗർഭകാല പരിചരണത്തെപ്പറ്റിയും പ്രസവത്തെപ്പറ്റിയും മറ്റും പ്രതിപാദിക്കുന്ന ആന്റിനാറ്റൽ ക്ലാസുകൾ അഥവാ പ്രസവപൂർവ്വക്ലാസുകൾ. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എല്ലാ മാസത്തിലും മൂന്ന് ദിവസം ക്ലാസുകൾ ഉണ്ടായിരിക്കുതാണെന്ന് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സറീന ഗിൽവാസ് വനിതാ ദിന പരിപാടികൾക്ക് ആരംഭം കുറിച്ചുകൊണ്ട് അറിയിച്ചു.

നേഴ്സിങ്ങ് മേഖലയിലെ ആധുനിക പഠനസാങ്കേതിക വിദ്യകളെക്കുറിച്ച് ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങും ടി.എൻ.എ.ഐ.–യും, കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയും സംയുക്തമായി ശില്പശാല നടത്തി.

**അഭിനന്ദനങ്ങൾ ... ആശംസകൾ ...**

അടിയന്തിര വൈദ്യശാസ്ത്ര മേഖലയിലെ അസാധാരണ സമർപ്പണം കാഴ്ച്ചവെയ്ക്കുന്ന ഡോ. ബാബു ഉറുമീസ് പാലാട്ടിക്ക് (HOD, എമർജൻസി വിഭാഗം) അമൃത എമർജൻസി ആന്റ് ട്രോമ ലൈഫ് സപ്പോർട്ട് നാഷണൽ ലെവൽ കോൺഫറൻസിൽ (AETLS), അക്കാഡമി ഫോർ എമർജൻസി ട്രോമ ആന്റ് ക്രിട്ടിക്കൽ കെയർ മെഡിസിന്റെ (AETCM) 'ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്' സമ്മാനിച്ചു. ഡോ. വിമൽ കൃഷ്ണൻ (അസി. പ്രൊഫസർ, എമർജൻസി വിഭാഗം) അക്കാഡമി ഫോർ എമർജൻസി ട്രോമ ആന്റ് ക്രിട്ടിക്കൽ കെയർ മെഡിസിന്റെ (AETCM) 'പ്രോമിസിംഗ് എമർജൻസി ഫിസിഷ്യൻ' അവാർഡ് നേടി.

പീഡിയാട്രിക് ന്യൂറോളജി ദേശീയതല ക്വിസ് മത്സരത്തിൽ, ന്യൂറോളജി സീനിയർ റെസിഡന്റുമാരായ ഡോ. ദിനേശ് കുമാർ, ഡോ. നീന ബേബി എന്നിവർ ഒന്നാം സ്ഥാനം നേടി

ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് സൗത്ത് സോൺ പി.ജി. അസംബ്ലി ആന്റ് ISAMIDKON 2018–ൽ നടന്ന പോസ്റ്റർ പ്രസന്റേഷനിൽ അനസ്തേഷ്യാ വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥിയായ ഡോ. സന്ദീപ് ഡേവിഡ് രണ്ടാം സ്ഥാനം നേടി.

**പുതിയ ഡോക്ടർമാർ:**

കാർഡിയോ വാസ്ക്കുലർ തൊറാസിക് സർജറി വിഭാഗം

ഡോ. ജോൺ, ഇ. വി., MS, MCh, DNB(Cardio thoracic), FIACS

ഡോ. വാസിം മുലാനി, MS, MCh, CVTS
ഡോ. കുൽദീപ് ചുള്ളിപറമ്പിൽ, MS, MCh, CVTS

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

സെന്റ് തോമസ് ചർച്ച്, മാതൃവേദി, വല്ലച്ചിറ, തൃശ്ശൂർ.
ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
ശ്രീ. ദീപക് ആന്റണി, ആളൂക്കാരൻ ഹൗസ്, ചേലക്കോട്ടുകര, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

ടാഗോർ നഗർ റസിഡൻസ് അസോസിയേഷൻ, ചെമ്പൂക്കാവ്, തൃശ്ശൂർ (20 ഡയാലിസിസ്)
ഡോ. സണ്ണി ജോർജ്ജ്, ഡിപ്പാർട്ടുമെന്റ് ഓഫ് പീഡിയാട്രിക്സ്, JMMC, തൃശ്ശൂർ (100 ഡയാലിസിസ്)
റസിഡൻസ് സിസ്റ്റേഴ്സ്, JMH, തൃശ്ശൂർ (20 ഡയാലിസിസ്)
ശ്രീ. പി. ജെ. ബേബി, പാലത്തിങ്കൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (30 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ക്രിസ്റ്റൽ ജൂബിലി ആഘോഷം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ക്രിസ്റ്റൽ ജൂബിലി ആഘോഷങ്ങളുടെ സമാപനം ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു. മാർച്ച് 17ന് പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം പത്മശ്രീ സുരേഷ് ഗോപി എം.പി. നിർവ്വഹിച്ചു. തൃശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ മാർ ജേക്കബ്ബ് തൂങ്കുഴി, അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ അനുഗ്രഹ പ്രഭാഷണം

നടത്തി. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. സ്വാഗതം ആശംസിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് സെന്ററും സംയുക്തമായി നടപ്പാക്കുന്ന ജ്യോതി–ജൂബിലി റിസർച്ച് സെന്ററിന്റെ ഉദ്ഘാടനം, സാമൂഹിക പ്രതിബദ്ധത വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കേരള കലാമണ്ഡലുമായി ചേർന്ന് നടപ്പാക്കുന്ന ക്ലീൻ തൃശൂർ എന്ന പരിപാടിയുടെ ലോഗാ പ്രകാശനം എന്നിവ നടന്നു. ക്ലീൻ തൃശൂർ ലോഗോ പ്രകാശനം നിർവ്വഹിച്ചത് കലാമണ്ഡലം വൈസ്ചാൻസലർ ഡോ. ടി.കെ. നാരായണനായിരുന്നു. ക്രിസ്റ്റൽ ജൂബിലി സമാപന സമ്മേളനത്തിൽ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ശേഖരിച്ച അവയവദാന സമ്മതപത്രം കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയങ്കണ്ടത്ത്, അസിസ്റ്റന്റ് പ്രൊഫസർ ഹരീഷ് എൻ.വി. എന്നിവർ ചേർന്ന് പത്മശ്രീ. സുരേഷ് ഗോപി എം.പി.ക്ക് കൈമാറി. പ്രസ്തുത ചടങ്ങിന് കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ആശംസകൾ അർപ്പിക്കുകയും, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**ക്ലീൻ തൃശൂർ :** സമൂഹിക പ്രതിബദ്ധത വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട്, ക്രിസ്റ്റൽ ജൂബിലി ആഘോഷിക്കുന്ന ജ്യോതി എഞ്ചിനീയറിംഗ് കോളേജ് കേരള കലാമണ്ഡലവുമായി ചേർന്ന് ക്ലീൻ തൃശൂർ എന്ന സംരംഭം ആരംഭിച്ചിരിക്കുന്നു. ഇതിനോടനുബന്ധിച്ച് മാർച്ച് 16ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും, തേക്കിൻകാട് മൈതാനം മാലിന്യ വിമുക്തമാക്കി. കോളേജിലെത്തന്നെ വിദ്യാർത്ഥികൾ റെയിൽവേ സ്റ്റേഷനുകൾ, ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി വിവിധ പൊതുസ്ഥാപനങ്ങൾ ഇതിനോടകം മാലിന്യ വിമുക്തമാക്കിയിട്ടുണ്ട്. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച പരിപാടിയുടെ ഉദ്ഘാടനം തിരുവമ്പാടി ദേവസ്വം സെക്രട്ടറിയും തൃശൂരിന്റെ സാമൂഹിക സാംസ്കാരിക നായകനുമായ പ്രൊഫ. എം. മാധവൻകുട്ടി നിർവ്വഹിച്ചു. കോളജ് അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയൻകണ്ടത്ത് നന്ദി രേഖപ്പെടുത്തി

**ജ്യോതി–ജൂബിലി റിസർച്ച് സെന്റർ :** ജനനന്മയ്ക്കുതകുന്ന നൂതന ആശയങ്ങൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും

ചെയ്യുക എന്ന ലക്ഷ്യത്തോടെ ജ്യോതി എഞ്ചിനീയറിംഗ് കോളേജും ജൂബിലി മിഷൻ മെഡിക്കൽ കോളേജും സംയുക്തമായി ആരംഭിക്കുന്ന ജ്യോതി–ജൂബിലി റിസർച്ച് സെന്ററിന്റെ ലോഗോ പ്രകാശനം മാർച്ച് 17ന് നടന്നു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ക്രിസ്റ്റൽ ജൂബിലിയോടനുബന്ധിച്ച് നടന്ന ചടങ്ങിൽ, ലോഗോ പ്രകാശനം, തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് നല്കി നിർവ്വഹിച്ചു.

**വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ബുള്ളറ്റ് റാലി** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ക്രിസ്റ്റൽ ജൂബിലിയോടനുബന്ധിച്ച് നടത്തുന്ന ടെക്ഫെസ്റ്റിൽ അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന സന്ദേശവുമായി ബുള്ളറ്റ് റാലി സംഘടിപ്പിച്ചു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി റാലി ഫ്ളാഗ് ഓഫ് ചെയ്തു. വിയ്യൂർ സബ്സ്റ്റേഷൻ പരിസരത്തുനിന്നാരംഭിച്ച റാലി തൃശൂർ റൗണ്ട് ചുറ്റി ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സമാപിച്ചു. റാലിയ്ക്കുശേഷം നടന്ന പൊതുയോഗത്തിൽ ഫാ. ഡേവിസ് ചിറമ്മൽ അവയവദാനത്തെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് നടത്തി.

**ഹാക്കർ എർത്ത് അന്തർദേശീയ മത്സരത്തിൽ ജ്യോതിയ്ക്ക് രണ്ടാം സ്ഥാനം:** തളർവാതം, ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ എന്നിവയാൽ കിടപ്പുരോഗികളായ സ്ത്രീകൾക്ക് അവരുടെ ആർത്തവസമയത്ത് സഹായകമാവുന്ന ഒരു ഉല്പന്നവുമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ. ആർത്തവസമയത്ത് ഇങ്ങനെയുള്ളവർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്ന തിരിച്ചറിവാണ് ലെയ്സ (LAZA) എന്ന പേരിൽ ഈ ഉല്പന്നം ഉണ്ടാക്കുവാൻ ഇവർക്ക് പ്രചോദനമായത്. ഹാക്കർ എർത്ത് അന്തർദേശീയ തലത്തിൽ നടത്തിയ മത്സരത്തിൽ ലെയ്സ എന്ന ഉല്പന്നം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഒന്നും മൂന്നും സ്ഥാനങ്ങൾ അമേരിക്കയിലെ ബിരുദധാരികൾ നേടിയപ്പോൾ 1500 യു.എസ്. ഡോളറിന്റെ രണ്ടാം സ്ഥാനം കരസ്ഥമാക്കി, ഇന്ത്യയുടെ അഭിമാനമായി ഈ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ.

**യാത്രയയപ്പ് സമ്മേളനങ്ങൾ :** അവസാന വർഷ വിദ്യാർത്ഥികളുടെ യാത്രയയപ്പ് സമ്മേളനങ്ങൾ ഏപ്രിൽ 5, 7, 10, 11, 12 തിയ്യതികളിലായി നടന്നു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി, പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ., അസിസ്റ്റന്റ് മാനേജർമാരായ ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജോജു ചിരിയങ്കണ്ടത്ത്, വകുപ്പ് മേധാവികൾ, അധ്യാപകർ

എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നു.

**ജ്യോതി അഡ്മിഷൻ 2018 :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 2018 വർഷത്തേയ്ക്കുള്ള അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷൻ രജിസ്ട്രേഷനും കോളേജ് വെബ്സൈറ്റായ www.jecc.ac.in സന്ദർശിക്കുകയോ, 04884-259000, 9526924455, 9526934455 (For NRI Admissions), 9526964455 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

### ഡി.എൻ.എ. ബാർകോഡിങ്ങ് ശിൽപ്പശാല

തൃശൂർ: സെന്റ് തോമസ് കോളേജ് ജന്തുശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ജന്തുശാസ്ത്ര ഗവേഷണ വിദ്യാർത്ഥികൾക്കായി ഡിഎൻ എ ബാർ കോഡിങ് ഉപയോഗിച്ചുള്ള ജീവികളുടെ വർഗ്ഗീകരണം എന്ന വിഷയത്തെ ആസ്പദമാക്കി ദ്വിദിന ശിൽപശാല ആരംഭിച്ചു.

കോളേജ് പ്രിൻസിപ്പൽ പി.ഒ. ജെൻസൻ ഉദ്ഘാടനം ചെയ്തു. ജന്തുശാസ്ത്രവകുപ്പ് മേധാവി ഡോ. ഫ്രാൻസി കെ. കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഡി.എൻ.എ. ബാർകോഡിങ് രംഗത്തെ പ്രമുഖരും ഗവേഷകരുമായ ഡോ. വിൽസൺ പീറ്റർ അബ്രഹാം, റ്റോജോ തറയിൽ എന്നിവർ ജീവികളിൽ ബാർകോഡ് ഉപയോഗിച്ചുള്ള വർഗീകരണം നടത്തുന്നതിന്റെ പ്രസക്തിയെക്കുറിച്ചും അതിനുള്ള വിവിധ മാർഗങ്ങളെക്കുറിച്ചും ക്ലാസുകൾ നയിച്ചു. കൺവീനർ സി.എഫ്. ബിനോയ്, ഡോ. വിമല കെ. ജോൺ, ഡോ. ബ്രിട്ടോ ജോസഫ്. ഡോ. സി.വി. ഡേവിഡ്, ഡോ. ജോയിസ് ജോസ്, ഷോൺ പോൾ എന്നിവർ പ്രസംഗിച്ചു.

**സന്തോഷ് ട്രോഫി താരം ശ്രീകുട്ടന് സ്വീകരണം.**

സെന്റ്.തോമസ് കോളേജിലെ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയും സന്തോഷ് ട്രോഫി നേടിയ കേരള ടീം താരവുമായ ശ്രീകുട്ടന് കോളേജിൽ സ്വീകരണം നൽകി. ഇക്കഴിഞ്ഞ സന്തോഷ് ട്രോഫി മൽസരത്തിൽ ശ്രികുട്ടൻ ഗോൾ നേടിയിരുന്നു. അധ്യാപക-അനധ്യാപ പ്രതിനിധികളും വിദ്യാർത്ഥികളും ചേർന്ന് ശ്രീക്കുട്ടനെ അഭിനനിച്ചു. പ്രിൻസിപ്പാൾ ഡോ. പി.ഒ.ജെൻസൻ, വൈസ് പ്രിൻസിപ്പാൾമാരായ ഡോ.തോമാസ് പോൾ, ഡോ.ഇഗ്നേഷ്യസ് ആന്റണി, റവ.ഡോ.മാർട്ടിൻ കൊളമ്പ്രത്ത് എന്നിവർ പ്രസംഗിച്ചു.

**പ്രിൻസിപ്പാൾ ഡോ. പി.ഒ.ജെൻസന് യാത്രയയപ്പ്:**

കോളേജ് സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ഏപ്രിൽ 30ന് വിരമിക്കുന്ന പ്രിൻസിപ്പാൾ ഡോ. പി.ഒ.ജെൻസന് യാത്രയയപ്പ് നൽകി. മെഡലിക്കോട്ട് ഹാളിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ എക ്സികുട്ടീവ് മാനേജർ റവ.ഫാ.വർഗ്ഗിസ് കൂത്തൂർ, വൈസ് പ്രിൻസിപ്പാൾ മാരായ ഡോ.തോമാസ് പോൾ, ഡോ. ഇഗ്നേഷ്യസ് ആന്റണി, റവ.ഡോ.മാർട്ടിൻ കൊളമ്പ്രത്ത്, സെക്രട്ടറി പ്രഫ. ജോർജ് അലക്സ് തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
(ബർസാർ )




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മീഡിയ ക്ലാസ് സംഘടിപ്പിച്ചു**

മുള്ളൂർക്കര : മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ മാർച്ച് 12-ാം തിയ്യതി മീഡിയാ ക്ലാസ് സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫി, കൊളാഷ് എന്നി വയെ കേന്ദ്രീകരിച്ചുള്ള ക്ലാസുകളാണ് നടന്നത്. ഫാദർ അൽജോ കരേ രക്കാട്ടിൽ ക്ലാസിന് മുഖ്യ നേതൃത്വം നൽകി. വിദ്യാർത്ഥികൾക്ക് ഇത്

വളരെയധികം പ്രയോജനപ്പെട്ടു.

**യാത്രയയപ്പ് നൽകി**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ 2016–2018 അധ്യയന വർഷത്തിലെ വിദ്യാർത്ഥികളുടെ യാത്രയയപ്പ് മാർച്ച് 27–ാം തിയ്യതി നടന്നു. ഒന്നാം വർഷ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ യാത്രയയപ്പ് പരിപാടി വർണ്ണാഭമായി. അധ്യാപകരുടെ സാന്നിധ്യവും ശ്രദ്ധേയമായിരുന്നു.

**ക്ലാസുകൾ മെയ് മാസത്തിൽ മെയ് 21ന് പുനരാരംഭിക്കും**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ബി.എഡ് വിദ്യാർത്ഥികളുടെ ക്ലാസുകൾ മധ്യവേനലവധിക്കുശേഷം മെയ് 21ന് പുനരാരംഭിക്കും.

**അനുമോദിച്ചു**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഫിസിക്കൽ സയൻസ് വിഭാഗം മേധാവി ഡോ.പ്രേമചന്ദ്രനെ മാർച്ച് 13–ാം തിയ്യതി അനുമോദിച്ചു. പ്രിൻസിപ്പൽ റവ.ഫാദർ ചാക്കോ ചിറമ്മൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു. സഹ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും സാന്നിധ്യം ചടങ്ങിന് മാറ്റുകൂട്ടി.

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# സാന്ത്വനം

**തൊഴിലധിഷ്ഠിത നൈപുണ്യ വികസനപരിശീലനം നടത്തി.**

സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ, എൻറർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ മൈക്രോ എന്റർപ്രൈസ് ഡെവലപ്പമെന്റ് പ്രോഗ്രാം ചേലക്കര റീജിയണിലും വെള്ളാനിക്കോട് റീജിയണിലും നടത്തി. ആഗോള പ്രശസ്തമായ ഏക്സഞ്ചർ കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായുള്ള സാമ്പത്തികസഹായം ഈ പദ്ധതിക്ക് ലഭ്യമാണ്. സമൂഹത്തിലെ നിർധന വിഭാഗ

ത്തിൽപ്പെട്ട തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനാവുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ തൊഴിൽ പരിശീലനം സ്ത്രീകൾക്ക് വളരെ മുതൽ കൂട്ടായി. ചേലക്കരയിൽ ജൂട്ട് ബാഗ് നിർമ്മാണവും വെള്ളാനിക്കോട് മണ്ണിരക മ്പോസ്റ്റ് നിർമ്മാണവുമായിരുന്നു പരിശീലനവിഷയങ്ങൾ. തുടർന്ന് മാർക്കറ്റിങ്ങ്, മാർക്കറ്റിന്റെ സാധ്യതകൾ, പരസ്യത്തിന്റെ പ്രാധാന്യം, ലോണിന് എങ്ങനെ അപേക്ഷിക്കാം, തുടങ്ങി നിരവധി കാര്യങ്ങളിൽ അവരെ പ്രബുദ്ധരാക്കി. വിവിധ മേഖലകളിൽ പ്രഗല്ഭരായ വ്യക്തികൾ പരിശീലനത്തിന് നേതൃത്വം നല്കി. പരിശീലനവിഷയത്തെക്കുറിച്ച് കൂടുതൽ അറിവ് കിട്ടുന്നതിനായി ഫീൽഡ് വിസിറ്റുകൾ നടത്തുകയും ചെയ്തു.

**സാന്ത്വനത്തിന് KSBCDC യുടെ ഒരു കോടി രൂപ.**

കേരള പിന്നോക്ക വിഭാഗ വികസനകോർപ്പറേഷൻ(KSBCDC) മുൻകാലങ്ങളിൽ നല്കിയ ലോണുകൾ, കൃത്യമായി തിരിച്ചടവ് പൂർത്തീകരിച്ച NGO കൾക്ക് നല്കുന്ന പുതിയ വായ്പക്കായി സാന്ത്വനം-സോഷ്യൽ വെൽഫെയർ സെന്റർ അർഹത നേടുകയും ഒരു കോടിരൂപ വായ്പ ലഭിക്കുകയും ചെയ്തു. സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 33 സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഓരോ ഗ്രൂപ്പിനും 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെയാണ് വായ്പ അനുവദിച്ചത്.

**ജെസ്പ് II-ആനിമേറ്റേഴ്സ് യോഗം സംഘടിപ്പിച്ചു.**

മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ, പ്രവർത്തനങ്ങൾക്ക് യൂണിറ്റ് തലത്തിൽ നേതൃത്വം നല്കുന്ന ആനിമേറ്റേഴ്സിന്റെ യോഗം സാന്ത്വനം ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. യോഗത്തിൽ സാന്ത്വനം ഡയറക്ടർ, പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, വിവിധ സെന്ററുകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. ഒരു വർഷത്തെ യൂണിറ്റ് തല പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പിന്നീട് സമ്മർ ക്യാമ്പിന്റെ നടത്തിപ്പിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതായ 4 മാസത്തെ ട്യൂഷൻ ഫീസ് ഓരോ സെന്ററിന്റെയും ചുമതലയുള്ള ആനിമേറ്റർമാരെ ഏൽപിക്കുകയും ചെയ്തു.

**പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് Save a Family Plan ന്റെ മാനദണ്ഢ പ്രകാരം പുതിയ കുടുബങ്ങളെ തെരഞ്ഞെടുക്കുന്നതിനായി തോളൂർ, അടാട്ട് പഞ്ചായത്തുകളുടെ കീഴിലുള്ള

വിവിധ വാർഡുകൾ സന്ദർശിക്കുകയും അർഹരായ കുടുംബങ്ങളെ കണ്ടെത്തുകയും ചെയ്തു. കോ-ഓർഡിനേറ്റർ, ആനിമേറ്റർ, വാർഡിന്റെ ചുമതലയുള്ള ആശപ്രവർത്തകർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങളാണ് വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകിയത്.

**വനിതാദിനാഘോഷം സംഘടിപ്പിച്ചു.**

സ്നേഹനിധി വനിതാദിനാഘോഷം സാന്ത്വനം ഹാളിൽ വെച്ച് നടത്തുകയുണ്ടായി. ശ്രീമതി. ശുഭാവതി(സർക്കിൾ ഇൻസ്പെക്ടർ, വനിതാസെൽ) ഉദ്ഘാടനം ചെയ്ത യോഗത്തിൽ സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ചു. തദവസരത്തിൽ തൃശൂർ അതിരൂപതയുടെ ഏറ്റവും നല്ല വളണ്ടിയർ ആയി പ്രൊഫ. എലിസബത്ത് മാത്യുവിനെ തിരഞ്ഞെടുക്കുകയും വികാരി ജനറാൾ പൊന്നാട അണിയിക്കുകയും ചെയ്തു. KSSF കോട്ടയത്ത് നടത്തിയ വനിതാദിനാഘോഷത്തിൽ തൃശൂർ അതിരൂപതയുടെ പ്രതിനിധികൾ പങ്കെടുക്കുകയും പ്രൊഫ. എലിസബത്ത് മാത്യുവിനെ ആദരിക്കുകയും ചെയ്തു.

**സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു.**

കൊട്ടേക്കാട്, മുണ്ടത്തിക്കോട് സ്നേഹനിധി യൂണിറ്റുകളിൽ വാർഷികപൊതുയോഗവും തെരഞ്ഞെടുപ്പും നടന്നു. യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ സാന്ത്വനം ഡയറക്ടർ, വികാരിമാർ, അസി.വികാരിമാർ, സ്നേഹനിധി കോ-ഓർഡിനേറ്റർ എന്നിവർ സന്നിഹിതരായിരുന്നു. വാർഷികത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിരുന്നു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഇതുവരെ 175 അംഗങ്ങൾക്ക് സഹായം നല്കി. 113 പേർക്ക് വിവാഹ സഹായവും 50 പേർക്ക് ചികിത്സാസഹായവും 12 പേർക്ക് മരണാനന്തരസഹായവുമാണ് നൽകിയത്.

**റീജിനൽ ലെവൽ മീറ്റിംഗ് നടത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം/ഗോഡ്സ് ഓൺ ഫാമിലി ഗുണഭോക്തൃകുടുംബങ്ങളുടെ റീജിനൽ ലെവൽ മീറ്റിംഗ് ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. 330 കുടുബങ്ങൾ പങ്കെടുത്ത ഈ യോഗം വികാരി ജനറാൾ റവ. ഫാ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. Family Budget എന്ന വിഷയത്തെക്കുറിച്ച്

കോ-ഓർഡിനേറ്റർ ശ്രീമതി. രമ്യ റോബിൻ ക്ലാസ്സെടുത്തു. ഒരു സാധാരണ കുടുംബത്തിൽ ബഡ്ജറ്റ് എത്ര പ്രധാനപ്പെട്ടതാണെന്നും അത് എങ്ങനെ തയ്യാറാക്കാമെന്നും അതുവഴി എങ്ങനെ ജീവിതചെലവുകൾ ചുരുക്കാമെന്നും ക്ലാസ്സിൽ വ്യക്തമാക്കി. ക്ലാസിനിടയിൽ ഓരോരുത്തരെയും കൊണ്ട് അവരവരുടെ ഫാമിലി ബഡ്ജറ്റ് തയ്യാറാക്കിക്കുകയും അത് അവരെക്കൊണ്ട് തന്നെ അവതരിപ്പിക്കുകയും ചെയ്തു. നിത്യജീവിതത്തിലേക്ക് ഉപകാരപ്രദമായ ചില പൊടിക്കൈകളും ക്ലാസിൽ പങ്കുവെച്ചു. പരസ്പര ചർച്ചകളിലൂടെയാണ് ക്ലാസ് പുരോഗമിച്ചത്. കോ-ഓർഡിനേറ്റർ, ആനിമേറ്റർമാർ എന്നിവർ യോഗത്തിന് നേതൃത്വം നല്കി.

**പുതിയതായി അക്കൗണ്ട് ആരംഭിച്ചു.**

ഫാമിലി ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് പുതിയതായി തെരഞ്ഞെടുത്ത കുടുംബങ്ങളുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങി. തൃശ്ശൂർ അതിരൂപതയുടെ വ്യത്യസ്ത ഇടവകകളിൽ നിന്നുമുള്ള 30 കുടുംബങ്ങൾക്കാണ് കാത്തലിക് സിറിയൻ ബാങ്കിൽ പുതിയതായി അക്കൗണ്ട് ആരംഭിച്ചത്.

**FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

വില്ലടം-Rs.13000/-, നെല്ലിക്കുന്ന്-Rs.5,000/-, മുളയം-Rs.20,000/-, അരിമ്പൂർ-Rs.14,000/-, മനക്കൊടി-Rs.10,000/-, എറവ്-Rs.7000/-, തിരൂർ-Rs.9865/-.

**ഫാ. തോമസ്പൂപ്പാടി**
ഡയറക്ടർ

# ഫാമിലി അപ്പോസ്റ്റലേറ്റ്




**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

അതിരൂപത കുടുംബകൂട്ടായ്മ എല്ലാ വർഷവും നടത്തിവരാറുള്ള മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം ഈ വർഷവും ഏപ്രിൽ 28 ശനിയാഴ്ച 3 മണിക്ക് അതിരൂപത കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. മാർ ജോസഫ് കുണ്ടുകുളം അനുസ്മരണ സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, കുണ്ടുകുളം പിതാവിനെ അനുസ്മരിക്കുകയും, വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ നാഷണൽ ഗവേണിംഗ് ബോഡി അംഗം ശ്രീ ജോയ് ഗോതുരുത്ത് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. യോഗത്തിൽ എല്ലാ ഫൊറോനകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളും അതിരൂപതയിലെ മറ്റു സംഘടനകളിലെയും പ്രസ്ഥാനകളിലെയും ഭാരവാഹികളും പങ്കെടുക്കുകയും ചെയ്തു. അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച അനുസ്മരണ സമ്മേളനത്തിൽ അസി. ഡയറക്ടർ റവ.ഫാ അൽജോ കരേരക്കാട്ടിൽ ആമുഖപ്രഭാഷണവും അതിരൂപത കൺവീനർ ഏവർക്കും സ്വാഗതവും അതിരൂപത ജനറൽ സെക്രട്ടറി പോൾ പാറക്കൽ നന്ദി പറയുകയും ചെയ്തു.

**മാതൃകാ കുടുംബ കൂട്ടായ്മ ഫോം**

തൃശ്ശൂർ അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മകളിലും കഴിഞ്ഞ വർഷം വിതരണം ചെയ്തിരുന്ന മാതൃകാ കുടുംബകൂട്ടായ്മയെ തെരഞ്ഞെടുക്കുന്നതിനുള്ള ഫോം പൂരിപ്പിച്ച് ഈ വരുന്ന മെയ് 30 ന് മുൻപായി തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെയുള്ള കുടുംബകൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തി

യാണ് ആ ഫോം പൂരിപ്പിക്കേണ്ടത്. മാതൃകാ കുടുംബകൂട്ടായ്മകളെ തിരഞ്ഞെടുക്കുന്ന ഈ സംരംഭത്തിനായി കൃത്യസമയത്തു തന്നെ ഫോം ഓഫീസിൽ ഏൽപിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**മെയ് 26 ശനി**

ജൂൺ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മെയ് 26–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി



## മാതൃവേദി

**കുർബാന ഒരു പഠനവും, കരകൗശല പ്രദർശനവും**

**മെയ് 22 ചൊവ്വ (8.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശിബിരമാണ് മെയ് 22–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ആരംഭിച്ച് 1 മണിക്ക് സമാപിക്കും. ഇതേ സമയം അമ്മമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനായി അമ്മമാരുണ്ടാക്കിയ കരകൗശല പ്രദർശനവും, ഫുഡ് പ്രദർശനവും, വിൽപനയും ഉണ്ടായിരിക്കുന്നതാണ്. പാലയൂർ, പട്ടിക്കാട് ഫൊറോനകളാണ് നേതൃത്വം കൊടുക്കേണ്ടത്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**വൃക്ഷത്തൈ വിതരണം**

**മെയ് 22 ചൊവ്വ (9.30 am – 1.00 pm)**

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും വൃക്ഷത്തൈ നൽകുന്നതാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന വൃക്ഷത്തൈ വിതണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി. ജൂലി ബാബു**
സെക്രട്ടറി




## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**മെയ് 7 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**അഭിനന്ദനങ്ങൾ**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമായിരുന്നു നേഴ്സസ് സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് ഏപ്രിൽ 14–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നടത്തപ്പെടുകയുണ്ടായി. ഈ സെമിനാർ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഈ സെമിനാറിൽ സംബന്ധിക്കാനായി തൃശ്ശൂർ അതിരൂപത

യിലെ വിവിധങ്ങളായ ആശുപത്രികളിൽ നിന്ന് വന്ന എല്ലാ നേഴ്സുമാർക്കും അവരെ പറഞ്ഞയച്ച എല്ലാ അധികാരികൾക്കും ഒത്തിരി നന്ദി.

**വലിയ കുടുംബങ്ങളുടെ സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം വരുന്ന മെയ് 26–ാം തിയ്യതി ശനിയാഴ്ച്ച തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഈ വിവരം പള്ളിയിൽ അറിയിച്ച് വലിയ കുടുംബങ്ങളെ പറഞ്ഞ് വിടുമല്ലോ.

| | |
|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **ജെയിംസ് ആഴ്ചങ്ങാടൻ** |
| ഡയറക്ടർ | പ്രസിഡന്റ് |




**എക്സൽ അക്കാദമിക്ക് സർക്കാർ അംഗീകാരം**

ന്യൂനപക്ഷ സമുദായത്തിൽപെട്ടവർക്ക് PSC സൗജന്യ പരിശീലനത്തിനുള്ള കേന്ദ്രം ആരംഭിക്കുവാൻ, എക്സൽ അക്കാദമിക്ക് സർക്കാർ അനുമതി ലഭിച്ചിരിക്കുന്നു. ഞായറാഴ്ചകളിലും (11 am to 5 pm), രണ്ടാം ശനിയാഴ്ചകളിലും (9 am to 4 pm) സൗജന്യ PSC കോച്ചിങ്ങ് എക്സൽ അക്കാദമിയിൽ ആരംഭിക്കുന്നു. **ന്യൂനപക്ഷ സൗജന്യ PSC പരിശീലന കേന്ദ്രം മെയ് 20–ാം തീയതി ഞായറാഴ്ച 11 മണിക്ക് കേരള ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ ഡോ. മൊയ്തീൻകുട്ടി (Director, Minority Welfare)** ബിഷപ്പ് ഹൗസ് DBCLCയിൽ വച്ച് ഉദ്ഘാടനം ചെയ്യുന്നു. താൽപര്യമുള്ളവർ **മെയ് 1–ാം തീയതിക്ക് മുമ്പ്** പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**വിശദവിവരങ്ങൾക്ക്: Mob : 9495278764, 97449441585**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ മെയ്, ജൂൺ മാസ

ങ്ങളിൽ ആരംഭിക്കുന്ന നിരവധി കോഴ്സുകളുടെ വിശദവിവരങ്ങൾ എല്ലാവരേയും അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

**മെഡിക്കൽ/ എഞ്ചിനീയറിങ്ങ്**

**7, 8, 9, 10** ക്ലാസ്സുകളിലെ ഫൗണ്ടേഷൻ കോഴ്സുകൾ **മെയ് 6,12** തീയതികളിൽ ആരംഭിക്കും. Plus I, Plus II മെഡിക്കൽ/എഞ്ചിനീയറിങ്ങ് Daily Regular Classകളിലെ Morning, Evening, Holiday ബാച്ചുകൾ **June 4-ാം** തീയതി ആരംഭിക്കും. Plus II വിദ്യാർത്ഥികൾക്കുള്ള എൻട്രൻസ് റിപ്പീറ്റർ ബാച്ചുകൾ **June 20-ാം** തീയതി ആരംഭിക്കും.

**വിശദവിവരങ്ങൾക്ക് :- Mob : 9495106870, 9744941585**

**ഇന്റഗ്രേറ്റഡ് കോച്ചിങ്ങ്**

മുല്ലശ്ശേരി Good Shephered School, ഒല്ലൂർ അവിണിശ്ശേരി സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിൽ **June 4-ാം** തീയതി മുതൽ ഇന്റഗ്രേറ്റഡ് കോച്ചിങ്ങ് സെന്ററുകൾ ആരംഭിക്കുന്നു.

**K-TET പരിശീലനം**

K-TET രണ്ടാം ബാച്ച് **ഫെബ്രുവരി 17-ാം** തീയതി ആരംഭിച്ചു. **ശനിയാഴ്ച രാവിലെ 9.30 മുതൽ 4.00 മണി വരെയും ഞായറാഴ്ച ഉച്ചയ്ക്ക് 1 മണി മുതൽ 5 മണി വരെയുമായിരിക്കും പരിശീലനം.** രജിസ്ട്രേഷൻ തുടരുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :- Mob : 8111842784, 9744941585**

**IAS സിവിൽ സർവ്വീസ് ക്ലാസ്സുകൾ**

7, 8, 9, 10 Orientation Course കൾ **June 9-ാം** തീയതി ആരംഭിക്കും. Plus I, Plus II, Foundation ക്ലാസ്സുകൾ **June 23-ാം** തീയതി ആരംഭിക്കും.

**വിശദവിവരങ്ങൾക്ക് Ph :- 0487-2351333**

**PSC സൗജന്യ സെമിനാർ**

**18 വയസ്സു മുതൽ 30 വയസ്സു**വരെയുള്ള യുവതി യുവാക്കൾക്ക് സൗജന്യ PSC സെമിനാറുകൾ ഇടവക തലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കുന്നു. **മെയ് 6-ാം തീയതി** മുതൽ എക്സൽ അക്കാദമി DBCLC ക്യാമ്പസ്സിൽ വച്ച് **ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെ** സൗജന്യ PSC സെമിനാറുകൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവരുടെ സൗകര്യത്തിനുവേണ്ടി ഓരോ ഫൊറോനയ്ക്കും താഴെ പറയും വിധം ക്രമീകരിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | കൊട്ടേക്കാട് | ഫൊറോന | മെയ് 06, | 2018 |
| 2. | എരുമപ്പെട്ടി | ” | ” 13, | 2018 |
| 3. | ബസിലിക്ക | ” | ” 20, | 2018 |
| 4. | വേലൂർ | ” | ജൂൺ 03, | 2018 |

| | | | | |
|---|---|---|---|---|
| 5. ഒല്ലൂർ | ” | ” | 10, | 2018 |
| 6. ലൂർദ്ദ് കത്തീഡ്രൽ | ” | ” | 17, | 2018 |
| 7. പുത്തൂർ | ” | ” | 24, | 2018 |
| 8. പാലയൂർ | ” | ജൂലായ് | 08, | 2018 |
| 9. പറപ്പൂർ | ” | ” | 15, | 2018 |
| 10. ചേലക്കര | ” | ” | 22, | 2018 |
| 11. പട്ടിക്കാട് | ” | ” | 29, | 2018 |
| 12. കണ്ടശ്ശാംകടവ് | ” | ആഗസ്റ്റ് | 05, | 2018 |
| 13. പഴുവിൽ | ” | ” | 12, | 2018 |
| 14. മറ്റം | ” | ” | 19, | 2018 |
| 15. വടക്കാഞ്ചേരി | ” | സെപ്റ്റംബർ | 02, | 2018 |
| 16. പുതുക്കാട് | ” | ” | 09, | 2018 |

മേൽ പറഞ്ഞ ഞായറാഴ്ചകളിൽ ഇടവകകളിൽ നിന്നുള്ള PSC പരീക്ഷാർത്ഥികളെ പറഞ്ഞയക്കണമെന്നും ഇക്കാര്യത്തിൽ ആത്മാർത്ഥമായ സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹത്തോടെ,

**റവ. ഡോ. ഡേവീസ് തെക്കേകര**
**ഡയറക്ടർ**




## സി.എൽ.സി.

### തൃശ്ശൂർ അതിരൂപത ലോക സി എൽ സി ദിനാചരണം

അതിരൂപത സി എൽ സി യുടെ പ്രവർത്തനങ്ങൾ മാതൃകാപരവും അഭിനന്ദനാർഹവുമാണെന്ന് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. അതിരൂപത സി എൽ സിയുടെ 456–മത് ലോക സി എൽ സി ദിനാഘോഷം നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തൃശ്ശൂർ അതിരൂപത സി.എൽ സി പ്രസിഡണ്ട് ശ്രീ. ജോമി ജോൺസൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മലയാള സാഹിത്യത്തിൽ ഡോക്ട

റേറ്റ് നേടിയ ഡോ. നമിത റോസ്, പ്രശസ്ത ചലചിത്ര ഗാനരചിയിതാവ് ശ്രീ. ജോഫി തരകൻ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. ജെയ്സൺ ചാക്കോ, മുൻ അതിരൂപത സി.എൽ സി പ്രസിഡണ്ട് ശ്രീ. ബിജിൽ സി ജോസഫ് , ദേശീയ അത്‌ലറ്റിക് മീറ്റ് മെഡൽ ജേതാക്കളായ കുമാരി അഞ്ജലി ഫ്രാൻസീസ്, കുമാരി ആൻസി സോജൻ എന്നിവരെ ആദരിച്ചു. ശ്രീ. എ.ഡി. ഷാജു രചിച്ച സ്വയം അറിയാൻ ഒരു യാത്ര എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മവും ചടങ്ങിൽ വച്ച് നടത്തുകയുണ്ടായി.

**പാലയൂർ തീർത്ഥാടനം – വേസ്റ്റ് മാനേജ്മെന്റ്**

തുടർച്ചയായ അഞ്ചാം വർഷവും പാലയൂർ തീർത്ഥാടത്തിന്റെ ചരിത്ര വീഥികൾ വൃത്തിയാക്കി തൃശ്ശൂർ അതിരൂപത സി.എൽ. സി തീർത്ഥാടന വീഥിയിലെ വേറിട്ട മുഖമായി. ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. 21–ാം പാലയൂർ മഹാതീർത്ഥാടനത്തിനോടനുബന്ധിച്ച് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ നിന്നും ആരംഭിച്ച മുഖ്യ പദയാത്രയും, ഒല്ലൂർ, വേലൂർ, എരുമപ്പെട്ടി മേഖല പദയാത്രകളിലും ആയി 150– ഓളം സന്നദ്ധ സി.എൽ.സി പ്രവർത്തകരാണ് പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

**ഫോർമേഷൻ ക്യാമ്പ് – മേയ് 11, 12, 13**

തൃശ്ശൂർ അതിരൂപത സി.എൽ.സി യുടെ ഇടവക സി.എൽ.സി ഭാരവാഹികൾക്കായുള്ള ഫോർമേഷൻ ക്യാമ്പ് മേയ് 11,12, 13 തിയ്യതികളിലായി നടത്തപ്പെടുന്നു. മേയ് 11 വെള്ളിയാഴ്ച്ച ഉച്ചതിരിഞ്ഞ് 6 മണിക്ക് ആരംഭിച്ച് മേയ് 13 ന് ഞായർ ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ഒരുക്കിയിരിക്കുന്നത്.

പങ്കെടുക്കേണ്ട ഫൊറോനകൾ: വേലൂർ, മറ്റം, പാലയൂർ, പറപ്പൂർ, കണ്ടശാംകടവ്, എരുമപ്പെട്ടി, പഴുവിൽ

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

## സീനിയർ സി.എൽ.സി.

**പറപ്പൂർ സി.എൽ.സി നവതിയുടെ നിറവിൽ (1929 – 2019)**

പറപ്പൂർ ഇടവകയിൽ 1929ൽ സ്ഥാപിതമായ മരിയൻ സൊഡാലിറ്റി നവതിയുടെ നിറവിൽ എത്തിയിരിക്കുന്നു. ഒരു വർഷത്തോളം നീണ്ടു നിൽക്കുന്ന നവതിയാഘോഷങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ടുള്ള

പൊതു സമ്മേളനം അതിരൂപത സി.എൽ.സി. പ്രൊമോട്ടർ ജിയോ തെക്കിനിയത്ത് ഉദ്ഘാടനം നിർവ്വഹിക്കുകയും ഇടവക വികാരി ഫാ. പോളി നീലങ്കാവിൽ അദ്ധ്യക്ഷതവഹിച്ചു. നവതി ആഘോഷങ്ങളുടെ ഭാഗമായി പണിയുന്ന ഗ്രോട്ടോയുടെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ശേഖരണാർത്ഥം സമ്മാന കൂപ്പൺ മാതൃക പുറത്തിറക്കി.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

## ചിൽഡ്രൻസ് മിനിസ്ട്രി




തൃശ്ശൂർ അതിരൂപതയിലെ ഫൊറോനകളിൽ കഴിഞ്ഞ വർഷം ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടർമാരായി സേവനമനുഷ്ഠിച്ച എല്ലാ ബഹു. വൈദികർക്കും ഹൃദ്യമായ നന്ദി. പുതിയ പ്രൊമോട്ടർന്മാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബസിലിക്ക | ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് |
| ചേലക്കര | ഫാ. ജിജോ കപ്പിലാംനിരപ്പേൽ |
| എരുമപ്പെട്ടി | ഫാ. പ്രിന്റോ കുളങ്ങര |
| കണ്ടശ്ശാംകടവ് | ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ |
| കൊട്ടേക്കാട് | ഫാ. ജെറിൻ അരിമ്പൂർ |
| ലൂർദ്ദ് | ഫാ. അനീഷ് കൂത്തൂർ |
| മറ്റം | ഫാ. ജോമോൻ പൊന്തേക്കൻ |
| ഒല്ലൂർ | ഫാ. ജെയ്സൺ വടക്കേത്തല |
| പാലയൂർ | ഫാ. ജെസ്റ്റിൻ തേക്കാനത്ത് |
| പറപ്പൂർ | ഫാ. ഫിവിൻസ് ചിറ്റിലപ്പിള്ളി ഐ.സി. |
| പട്ടിക്കാട് | ഫാ. ഫ്രാങ്കോ പുത്തിരി |
| പഴുവിൽ | ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ |
| പുതുക്കാട് | ഫാ. റെനാൾഡ് പുലിക്കോടൻ |
| പുത്തൂർ | ഫാ. പോൾ മാളിയമ്മാവ് |
| വേലൂർ | ഫാ. സിന്റോ പൊന്തേക്കൻ |

വടക്കാഞ്ചേരി ഫാ. ജോയ്സൺ ചെറുവത്തൂർ

**മരിയൻ കാരംസ് ലീഗ് നടത്തി**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി. എൽ. സി. കുട്ടികൾക്കായി ഏപ്രിൽ 10,11 തിയ്യതികളിൽ **മരിയൻ കാരംസ് ലീഗ് 2018** സംഘടിപ്പിച്ചു. 30 ടീമുകൾ മൽസരത്തിൽ പങ്കെടുത്തു. ആൺകുട്ടികളുടെ ടൂർണമെന്റിൽ സെന്റ് ആന്റണീസ് ചർച്ച് ചിറക്കൽ, വിന്നേഴ്സ് അപ്പ് ട്രോഫി നേടുകയും സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് നെല്ലിക്കുന്ന്, റണ്ണേഴ്സ് അപ്പ് ട്രോഫി നേടുകയും ചെയ്തു. പെൺകുട്ടികളുടെ ടൂർണമെന്റിൽ ലൂർദ്ദ് കത്തീഡ്രൽ വിന്നേഴ്സ് അപ്പ് ട്രോഫി നേടുകയും സെന്റ് ആന്റണീസ് ചർച്ച് ചിറക്കൽ, റണ്ണേഴ്സ് അപ്പ് ട്രോഫി നേടുകയും ചെയ്തു. ബ്രദർ ബിക്സൺ, ബ്രദർ ജോഫിൻ , ബ്രദർ അമൽ, ബ്രദർ നോബിൾ, ബ്രദർ അലൻ എന്നിവരാണ് കളികൾക്ക് നേതൃത്വം നൽകിയത്.

**എയ്ഞ്ചലോസ് 2018**

ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതാതലത്തിൽ 2018 മെയ് 20-ന് സ്വീകരണം നടത്തുന്നുണ്ട്. കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് നടത്തപ്പെടുന്ന ഈ യോഗത്തിലേക്ക് അന്നേ ദിവസം ഉച്ചതിരിഞ്ഞ് 1.30 ന് തന്നെ കുട്ടികളെ കൊണ്ടുവരേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും; ജറുസലേമിൽ വച്ച് നീ സാന്ത്വനം അനുഭവിക്കും." (ഏശ 66:13)

**സുകൃതജപം:** എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമേ

**പ്രാർത്ഥനാനിയോഗം:** ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുങ്ങുന്ന കുട്ടികൾക്ക്.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ഡൊമിനിക്ക് സാവിയോ (മെയ് 6)

**പ്രവർത്തനം :** രോഗികളെ ശുശ്രൂഷിക്കുക

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ



# KCSL തൃശ്ശൂർ അതിരൂപത

**2018-2019 അദ്ധ്യയന വർഷ മാർഗ്ഗരേഖ**

KCSL തൃശ്ശൂർ അതിരൂപതാ 2018–2019 അദ്ധ്യയനവർഷത്തെ മാർഗ്ഗരേഖ ചർച്ച ചെയ്യുന്നതിന് മെയ് ആദ്യവാരം അതിരൂപത എക്സിക്യൂട്ടീവ് യോഗം ചേരുന്നു. യോഗത്തിലേക്ക് എല്ലാ KCSL ആനിമേറ്റേഴ്സിനും നിർദ്ദേശങ്ങൾ സമർപ്പിക്കാം. നിർദ്ദേശങ്ങൾ മെയ് 3ന് മുമ്പായി അതിരൂപതാ പ്രസിഡന്റിനെ അറിയിക്കുക

**അതിരൂപതാ KCSL ശതാബ്ദി**

2019 ൽ അതിരൂപതാ KCSL ശദാബ്ദി ആഘോഷിക്കുന്നു. ശദാബ്ദി ആഘോഷപരിപാടികളിലേക്കായി KCSL മുൻ ഭാരവാഹികളുടെയും മുൻ ആനിമേറ്റർമാരുടേയും സമൂഹത്തിൽ സുപ്രധാന സ്ഥാനങ്ങൾ വഹിക്കുന്ന KCSL മുൻ അംഗങ്ങളുടേയും പേരും മേൽവിലാസവും അതിരൂപതാ പ്രസിഡന്റിനെ ഏൽപിക്കുക.

**KCSL ചാരിറ്റി അവാർഡ്**

മികച്ച ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള KCSL ചാരിറ്റി അവാർഡിനായി 2018 ജൂൺ 5ന് മുമ്പ് അപേക്ഷകൾ നൽകുക. അപേക്ഷയിൽ ചാരിറ്റി ഫണ്ട് അതിരൂപതയിൽനിന്ന് ലഭിച്ചത്, സ്കൂളിൽനിന്ന് പിരിച്ചെടുത്തത്, അത് വിതരണം ചെയ്യുന്നതെങ്ങിനെ എന്നിവ വിശദമായി രേഖപ്പെടുത്തിയിരിക്കണം.

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# മദ്യ വിരുദ്ധ സമിതി




**1. പുസ്തകവിതരണം**

"മദ്യത്തിനെതിരെ മല്ലടിച്ച മൂന്നു മറുനാടൻ മലയാളികൾ" എന്ന പുസ്തകത്തിന്റെ 2000 കോപ്പികൾ 25–ഓളം യൂണിറ്റുകളിലായി വിതരണം ചെയ്തു. ഇതു വഴി സംഘടന പതിനായിരം രൂപയോളം സമാഹരിക്കുകയുണ്ടായി. കൂടാതെ ശ്രീ കോശി പി. തോമസ് വിരചിച്ച "മദ്യം : ഒരു സാമൂഹ്യ വിപത്ത്" എന്ന ബോധവത്ക്കരണ പുസ്തകം 3000 – ഓളം കോപ്പികൾ സൗജന്യമായി വിതരണം ചെയ്തു.

**2. കളക്ടറേറ്റ് നടയിൽ പ്രതിഷേധം**

മദ്യവിരുദ്ധ ജനകീയ മുന്നണിയോട് സഹകരിച്ച് 14–3–18ന് കളക്ടറേറ്റിനു മുമ്പിൽ നടത്തിയ പ്രതിഷേധ സമ്മേളനത്തിൽ ഡയറക്ടറച്ചനും അതിരൂപതാ ഭാരവാഹികളും പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു. സഹായ മെത്രാൻ മാർ ടോണി നീലങ്കവിൽ പിതാവാണ് ഉദ്ഘാടനം ചെയ്തത്. പ്രസ്തുത സമ്മേളനം സർക്കാരിന്റെ വികലമായ മദ്യനയം പിൻവലിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. ഈ പരിപാടിയിൽ 200– ഓളം പേർ പങ്കെടുക്കുകയുണ്ടായി.

**3. കോർപ്പറേഷനു മുമ്പിൽ "പ്രതിഷേധ ജ്വാല"**

മദ്യവിരുദ്ധ ജനകീയ മുന്നണിയുമായി സഹകരിച്ചുകൊണ്ട് 18–03–18 തിങ്കളാഴ്ച 'പ്രതിഷേധജ്വാല' അരങ്ങേറ്റി. ഡയറക്ടറച്ചനായിരുന്നു മുഖ്യപ്രഭാഷകൻ. പ്രസിഡണ്ട് എം. കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ പ്രസംഗകരായിരുന്നു.

**4. പുതിയ യൂണിറ്റ് രൂപീകരണം**

മദ്യവിരുദ്ധ സമിതിയുടെ ഒരു യൂണിറ്റ് വല്ലച്ചിറ ഇടവകയിൽ 18–03–18ന് രൂപീകൃതമായി ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം കൊടുത്തു. ഹിറ്റ്ലസ് ചാക്കുണ്ണി, സി. പി. ഡേവീസ്, ജോസ് വേലൂക്കാരൻ തുടങ്ങിയവരാണ് നേതൃത്വം നൽകിയത്. വികാരി ഫാ. ജൻസ് തട്ടിലിന് നന്ദിയും പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും.

5. **മദ്യവിരുദ്ധ പ്രഭാഷണങ്ങൾ**

എറണാകുളം അതിരൂപതയുടെ ആഭിമുഖ്യത്തിൽ അങ്കമാലി വിൻസൻഷ്യൻ ഓഡിറ്റോറിയത്തിൽ 11-03-18 ഞായറാഴ്ച സംഘടിപ്പിച്ച വാർഷിക സമ്മേളനം, വരാപ്പുഴ അതിരൂപത 23-3-18 വെള്ളിയാഴ്ച കതൃകടവ് ഫൊറോന പള്ളിയിലേക്ക് സംഘടിപ്പിച്ച പരിഹാര പ്രദക്ഷിണത്തിന്റെ സമാപനയോഗം, ഇരിങ്ങാലക്കുട രൂപതയിലെ ആനന്ദപുരത്തുള്ള സാസദനിൽ 18-3-18 ഞായറാഴ്ച സംഘടിപ്പിച്ച മദ്യവിമുക്ത കൂട്ടായ്മ എന്നിവയിൽ ഡയറക്ടറച്ചൻ ക്ലാസ്സെടുത്തു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



## കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൊഴിലാളി മദ്ധ്യസ്ഥനായ വി. ഔസേപ്പിതാവിന്റെ തിരുന്നാൾ മംഗളങ്ങൾ ആശംസിക്കുന്നതോടൊപ്പം, പിതാവിന്റെ തൊഴിലിനോടുള്ള ശുശ്രൂഷാ മനോഭാവം നമുക്ക് സ്വന്തമാക്കാം.

മാർച്ച് മാസം പതിനാലിന്, സി.എൻ.ജി.ഐ. ഡയറക്ടർ റവ.ഫാ. പോൾ കള്ളിക്കാടൻ പുത്തൻപീടിക പാദുവ ഹോസ്പിറ്റൽ സി.എൻ.ജി.ഐ. യൂണിറ്റ് സന്ദർശിച്ച് ആതുരശുശ്രൂഷകർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും, സന്ദേശവും നൽകി. പാദുവ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ. സി. റോസ് ബാസ്റ്റിൻ എഫ്.സി.സി, മേട്രൻ റവ. സി. ഷിജി ആന്റോ എഫ്.സി.സി. എന്നിവർ നേതൃത്വം വഹിച്ചു റവ. സി. റോസ് ബാസ്റ്റിൻ എഫ്.സി.സി. നന്ദിപറഞ്ഞുകൊണ്ട് യോഗം സമാപിച്ചു.

സി.എൻ.ജി.ഐ. ഡയറക്ടർ റവ. ഫാ. പോൾ കള്ളിക്കാടന്റെ നിർദ്ദേശപ്രകാരം, യൂണിറ്റ് സന്ദർശനം നടത്താത്ത ഹോസ്പിറ്റലുകൾ

ഈ വരും ദിവസങ്ങളിൽ തന്നെ അതിനുള്ള ഒരുക്കങ്ങൾ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. സി.എൻ.ജി.ഐ.–യെ ഒരു ട്രസ്റ്റായി രൂപീകരിക്കുന്നതിന്റെ ഒരുക്കങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. പോൾ കള്ളിക്കാടൻ**
ഡയറക്ടർ

## THRISSUR Kalasadan

### മാർഗ്ഗംകളി മത്സരം

തൃശൂർ അതിരൂപതയുടെ കലാ–സാംസ്കാരിക സംഘടനയായ തൃശൂർ കലാസദന്റെ നേതൃത്വത്തിൽ അഖില കേരള മാർഗ്ഗംകളി മത്സരം 2018 ഏപ്രിൽ 15 (ഞായർ) ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടക്കുകയുണ്ടായി. കലാസദൻ സെക്രട്ടറി റവ. ഡോ. പോൾ പുളിയ്ക്കൻ മാർഗ്ഗംകളി മത്സരം ഉദ്ഘാടനം ചെയ്തു. വിവിധ സ്ഥലങ്ങളിൽ നിന്നായി പത്തോളം ടീമുകൾ ഈ മത്സരത്തിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജ് തൃശൂർ, ഇൻഫന്റ് ജീസസ് ചർച്ച് തലോർ, സെന്റ് ജോർജസ് ചർച്ച് വെളുത്തൂർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സമ്മാനാർഹരായ ടീമുകൾക്ക് ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റുകളും വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി വിതരണം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ നൃത്തവിഭാഗം കൺവീനർ മേഴ്സി ബാബു സ്വാഗതവും, വൈ:പ്രസിഡന്റ് ബേബി മൂക്കൻ ആശംസയും, ജോ.കൺവീനർ ജാൻസി പോൾ നന്ദിയും പറഞ്ഞു. കലാസദൻ ഭാരവാഹികളും മാനേജിംഗ് കമ്മിറ്റിയംഗങ്ങളും സബ് കമ്മിറ്റിയംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.

## കലാസദൻ തേൻതുള്ളികൾ

തേനൂറുന്ന പഴയ ഗാനങ്ങളുടെ ആസ്വാദക സൗഹൃദകൂട്ടായ്മയാണ് "കലാസദൻ തേൻതുള്ളികൾ". ഏറെ മിഴിവോടെയും മികവോടെയും അവതരിപ്പിക്കപ്പെട്ട ഈ പുത്തൻ സംഗീതാനുഭവം സംഗീത സ്നേഹികൾ ആവേശപൂർവ്വം നെഞ്ചോട് ചേർത്ത് അവിസ്മരണീയവിജയമാക്കിത്തീർത്തതിൽ തൃശൂർ കലാസദന് അഭിമാനവും അനല്പമായ ചാരിതാർത്ഥ്യവുമുണ്ട്.

ആസ്വാദകരുടെ തീവ്രമായ അഭിലാഷവും നിർദ്ദേശങ്ങളും മാനിച്ച് ഈ സംഗീത സംരംഭം കൂടുതൽ മേന്മയോടെയും വൈവിധ്യത്തോടെയും തുടരാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ.

ഒന്നിടവിട്ടുള്ള മാസങ്ങളിൽ ഓരോ പരിപാടികൾവീതം ഒരു വർഷക്കാലയളവിൽ വ്യത്യസ്തവും പുതുമയാർന്നതുമായ മുന്തിയ 6 സംഗീത വിരുന്നുകളാണ് കലാസദൻ തേൻതുള്ളികളുടെ രണ്ടാം പാദത്തിൽ ഒരുക്കിയിട്ടുള്ളത്. അംഗത്വത്തിനായി ബന്ധപ്പെടുക.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ




# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 681–ാമതും തൃശ്ശൂർ കൂരിയായുടെ 732–ാമതും സമ്മേളനം 2018 മാർച്ച് 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ആദ്ധ്യാത്മിക നിയന്താവ് പേജ് 393 ജ്ഞാന വായന നടത്തി. കമ്മീസിയം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസറിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചെലവ്

കണക്കും വായിച്ചത് യോഗം അംഗീകരിച്ചു.

വൈസ് പ്രസിഡന്റ് സി. എൽസി ജോണി ഹാജർ വിളിച്ചതിന് ശേഷം ബ്ര. പ്രസിഡന്റ് എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. സൈനീക ജപശൃംഖലക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. കണ്ടശ്ശാംകടവ് കൂരിയായുടെ 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അവസാന പ്രാർത്ഥനക്കും, ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

## ആച്ചിയെസ് (ACIES - സൈനീക പ്രകടനം)

വർഷംതോറും സൈനീകരെയെല്ലാം ദൈവമാതാവിന് പ്രതിഷ്ഠിക്കണം. മാർച്ച് 25 മംഗളവാർത്താ തിരുനാളിനോ, അതിനടുത്ത സൗകര്യമുള്ള ഒരു ദിവസമോ ആണ് പ്രതിഷ്ഠ നടത്തേണ്ടത്. സൈനീകരെല്ലാവരും കൂടി സൈനീക രാജ്ഞിയായ മറിയത്തോടുള്ള തങ്ങളുടെ വിശ്വാസാദരങ്ങളെ നവീകരിക്കുന്നതിനും, തിന്മയുടെ ശക്തികളോട് ഒരു വർഷം കൂടി പോരാടുവാൻ വേണ്ട ശക്തിയും, അനുഗ്രഹവും അവളിൽ നിന്ന് പ്രാപിക്കുന്നതിന് വേണ്ടിയാണ് പ്രതിഷ്ഠാ വാചകമായ "എന്റെ രാജ്ഞി, എന്റെ മാതാവേ, ഞാൻ നിന്റേതാകുന്നു; എനിക്കുള്ളതെല്ലാം നിന്റേതാകുന്നു". എന്ന പ്രതിജ്ഞ പുതുക്കുന്നത്.

2018 മാർച്ച് 11ന് 9.30ന് രജിസ്ട്രേഷൻ നടത്തി. 10 മണിക്ക് പ്രാരംഭ പ്രാർത്ഥന, ജപമാല ചൊല്ലിയതിന് ശേഷം ധ്യാന പ്രസംഗം ബ്ര. വിൽസൻ തൈക്കാട്ടിൽ (പ്രസിഡന്റ്, തിരൂർ പ്രസീദിയം) നടത്തി. 12 മണിക്ക് ആദ്ധ്യാത്മിക നിയന്താവ് മരിച്ചുപോയ സൈനീകർക്കായി പ്രാർത്ഥന നടത്തിയതിനുശേഷം വി. കുർബാന അർപ്പിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം 2.30ന് കമ്മീസിയം മീറ്റിംഗ് പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ചു. കമ്മീസിയം പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച ആച്ചിയസ് സമ്മേളനം അതിരൂപത ചാൻസലർ വെരി. റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ ഉദ്ഘാടനം ചെയ്തു. ജൂബിലേറിയരായ 81 പേരെ ആദരിച്ചുകൊണ്ട് മാർ ടോണി നീലങ്കാവിൽ മെമന്റോ സമ്മാനിച്ചു. ജൂബിലേറിയരുടെ പ്രതിനിധിയായി 57 വർഷം തുടർച്ചയായി ലീജിയൻ ഓഫ് മേരി സംഘടനയിൽ ഇന്നും പ്രവർത്തിച്ചു വരുന്ന ബ്ര. ഡേവിസ് കണ്ണമ്പുഴ (പറവട്ടാനി) അനുമോദനത്തിന് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചു. 600ഓളം വരുന്ന സൈനീകർ മാതാവിന്റെ കൊടിക്കീഴിൽ അണി നിരന്നു പ്രതിജ്ഞ പുതുക്കി. ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചനും, ബഹു. ജോൺ മൂലനച്ചനും എല്ലാ സൈനീകർക്കും പ്രത്യേകം ആശീർവാദം നൽകിയതിനുശേഷം സൈനീകർ 2 വരിയായി ജപമാല

പ്രദക്ഷിണമായി ബസിലിക്കായിലേക്ക് നടന്നു നീങ്ങുകയും പള്ളിയിൽ വച്ച് ബസിലിക്ക റെക്ടർ പെരിയ ബഹു. ജോർജ്ജ് എടക്കളത്തൂരച്ചൻ സന്ദേശവും പ്രതിഷ്ഠാ ജപം ചൊല്ലി തരുകയും സമാപനാശിർവ്വാദം നൽകുകയും ചെയ്തു.

ആച്ചിയസ് സമ്മേളനത്തിൽ ആദ്ധ്യാത്മിക നിയന്താവ് സ്വാഗതവും കമ്മീസിയം സെക്രട്ടറി റിപ്പോർട്ടും, ട്രഷറർ ബ്ര ജിമ്മി റാഫേൽ നന്ദിയും പറഞ്ഞു.

കമ്മീസിയത്തിന്റെ 682–ാം സമ്മേളനത്തിൽ വെച്ച് കമ്മീസിയത്തിന് കീഴിൽ 17–ാമത് പുതിയ കൂരിയ തിരൂർ ആസ്ഥാനമാക്കി മെയ് 12 ശനി യാഴ്ച ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തി. തിരൂർ, വിയ്യൂർ, അത്താണി, പൂമല, ചോറ്റുപാറ എന്നീ പ്രസീദിയങ്ങൾ ഉൾപ്പെടുന്നതാ യിരിക്കും പുതിയ കൂരിയ. വെളപ്പായ പള്ളിയിൽ പുതിയ പ്രസീദിയം ആരംഭിക്കുന്നതിനെക്കുറിച്ചും ബ്ര. പ്രസിഡന്റ് അറിയിച്ചു.

ഓരോ കൂരിയായും ഏപ്രിൽ മാസം മുതൽ 100 രൂപ വീതം കമ്മീ സിയത്തിൽ സംഭാവനയായി നല്കണമെന്ന് തീരുമാനിച്ചു. കമ്മീസിയ ത്തിൽ നടത്തുന്ന ആച്ചിയസിൽ പങ്കെടുക്കാത്തവർക്ക് അതാത് കൂരി യായിൽ ആച്ചിയസ് നടത്തി പ്രതിജ്ഞ പുതുക്കണമെന്ന് സെക്രട്ടറി ഓർമ്മിപ്പിച്ചു. പ്രസീദിയങ്ങളിൽ സൈനീകരായിരുന്നവർ മരണപ്പെട്ടാൽ കൂരിയാ വഴി അടുത്ത കമ്മീസിയം മീറ്റിംഗിൽ അറിയിക്കണമെന്നും അറി യിച്ചു.




## അതിരൂപതാ ഗായകസംഘം

1. **എഫാത്ത 2018**

തൃശ്ശൂർ അതിരൂപത ഗായകസംഘം, ഒല്ലൂർ ഫൊറോന ഗായകസംഘവും ഒല്ലൂർ മേരിമാത ഇടവകയും ടി. സി. വി. യുമായി സഹകരിച്ച് വിശുദ്ധവാരത്തിൽ നടത്തിയ എഫാത്ത 2018 എന്ന

പരിപാടി ഒല്ലൂർ മേരിമാത പള്ളിയിൽ വച്ച് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ ഫൊറോനകളിലെ ഗായകസംഘങ്ങളുടെ വിശുദ്ധവാര ഗീതങ്ങൾക്കൊപ്പം അഭിവന്ദ്യപിതാക്കന്മാരുടെയും വൈദികരുടെയും വചന സന്ദേശങ്ങളും ഈശോയുടെ പീഡാനുഭവ ചിത്രീകരണങ്ങളും കോർത്തിണിക്കിയ പ്രസ്തുത പരിപാടി ഓശാന ഞായർ, പെസഹാവ്യാഴം, ദുഃഖവെള്ളി, ഈസ്റ്റർ എന്നീ ദിവസങ്ങളിൽ ടി. സി. വി. യിൽ സംപ്രേഷണം ചെയ്തു.

2. **വോക്കോളജി സെമിനാർ** (രണ്ടാം ഭാഗം)

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ ഗായകസംഘങ്ങൾക്കായി 17.09.2017ൽ നടത്തിയ ആരാധനക്രമ ഗാനപരിശീലന ശില്പശാല – വോക്കോളജി സെമിനാറിന്റെ രണ്ടാം ഭാഗം 2018 മെയ് 6ന് ഉച്ചക്ക് 2 മുതൽ 5 വരെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് സംഗീതവിദഗ്ധൻ റവ. ഡോ. പോൾ പൂവ്വത്തിങ്കൽ അച്ചന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

3. **മാതാവിന്റെ രക്തകണ്ണീർ ജപമാല**

തൃശ്ശൂർ അതിരൂപത ഗായകസംഘത്തിന്റെ നേതൃത്വത്തിൽ പരി. മാതാവിന്റെ 7 വ്യാകുലങ്ങൾ ധ്യാനിച്ചുകൊണ്ട് രക്തകണ്ണീർ ജപമാലയും പരി. കുർബാനയുടെ ആരാധനയും നടത്തി വരുന്നു. ഇതുവരെ ലൂർദ്ദ്, മുക്കാട്ടുകര, പട്ടിക്കാട്, ചെവ്വൂർ, ചിറ്റിലപ്പിള്ളി, മണ്ണംപേട്ട, മരിയാപുരം, ആറ്റത്ര, വാടാനപ്പിള്ളി, കുറ്റൂർ, ചൂലിശ്ശേരി എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു. രക്തകണ്ണീർ ജപമാല കൂടുതൽ ഇടവകകളിൽ നടത്തുന്നതാണ്.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

## Statement about ownership and particulars about the magazine "Trichur Archdiocesan Bulletin"

(English - Malayalam) (Form IV SEE RULE 8)

| | | |
|---|---|---|
| 1. | Place of publication | : Trichur |
| 2. | Periodicity of its publication | : Monthly |
| 3. | Selling price | : Rs.25/- |
| 4. | Printer's name | : Dr. Francis Aloor |
| | Nationality | : Indian |
| | Address | : Catholic Archbishop's House East Fort, Thrissur - 680 005 |
| 5. | Publisher's name | : As in 4 |
| 6. | Editor's name | : As in 4 |

7. Name and addressof the individuals who own the periodical and the partners or shareholders holding more than one percent of the total capital.

Editor,
Trichur Archdiocesan Bulletin
Catholic Archbishop's House
East Fort,Thrissur - 680 005

I, Dr. Francis Aloor, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Dr. Francis Aloor
(Publisher)

01.03.2018
Trichur



# ആദരാഞ്ജലികൾ

## റവ. ഫാ. ചാക്കോ എടയാൽ

ജനനം : 15.12.1945
തിരുപ്പട്ടം : 18.12.1972
മരണം : 14.04.2018

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 25.04.2018
**May- 2018**

മെയ് 1 ന്
മെത്രാഭിഷേക വാർഷികം
ആഘോഷിക്കുന്ന

## മാർ ആൻഡ്രൂസ് പിതാവിന്

തൃശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥാശംസകൾ



Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005